പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-26)

അറുപത്തിയേഴാമത് റിപ്പോർട്ട്

(2025 സെപ്റ്റംബർ മാസം 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14, 2014-15, 2019-20 എന്നി വർഷങ്ങളിലെ സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള ഇടുക്കി ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-26)

അറുപത്തിയേഴാമത് റിപ്പോർട്ട്

(2025 സെപ്റ്റംബർ മാസം 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14, 2014-15, 2019-20 എന്നീ വർഷങ്ങളിലെ സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള ഇടുക്കി ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	:	
മുഖവുര	:	
റിപ്പോർട്ട്	:	
അനുബന്ധം I		
പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും	:	
അനുബന്ധം II		
സർക്കാരിൽ നിന്നും ലഭിച്ച മറുപടി	:	

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-26)

ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ടി. പി. രാമകൃഷ്ണൻ

അംഗങ്ങൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണകുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി രജി ഡി.ഒ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. എ. ബിനു, അണ്ടർ സെക്രട്ടറി

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി(2023-2026)യുടെ അറുപത്തിയേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14, 2014-15, 2019-20 എന്നീ വർഷങ്ങളിലെ സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള ഇടുക്കി ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2025 സെപ്റ്റംബർ മാസം 17-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2025 സെപ്റ്റംബർ 18.

റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14, 2014-15, 2019-20 എന്നീ വർഷങ്ങളിലെ സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള ഇടുക്കി ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.

ഓഡിറ്റ് ഖണ്ഡിക

കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയില്ല

തദ്ദേശസ്ഥാപനങ്ങൾക്ക് അധികബാധ്യത

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ പരിപാലനത്തെപ്പറ്റി വ്യക്തമായ മാർഗ്ഗ രേഖ 31/5/2000 ലെ ജി.ഒ. (ആർ.റ്റി) 2141/2000/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവിലൂടെ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, പന്ത്രണ്ടാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖകളിലും ഇത് സംബന്ധിച്ച് വിശദമായ വിവരങ്ങളുണ്ട്. കുടിവെള്ള പദ്ധതികളുടെ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃകമ്മിറ്റി രൂപീകരിച്ച് പദ്ധതിയുടെ ആസൂത്രണം, നടത്തിപ്പ്, പരിപാലനം എന്നിവ നിർവ്വഹിക്കണമെന്ന് മേൽ ഉത്തരവുകൾ വ്യക്തമാക്കുന്നു.

കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം പൂർത്തിയായാൽ ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതും, തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതികൾ ചെയ്യേണ്ടതുമാണ്. ഈ ആവശ്യത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനം തുക ചെലവഴിക്കുവാൻ പാടില്ലായെന്നും 18.08.12 ലെ സ.ഉ.(എം.എസ്) 225/12/തസ്വഭവ നമ്പർ പ്രകാരമുള്ള പന്ത്രണ്ടാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു.

ഒരു ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള എല്ലാ കുടിവെള്ള പദ്ധതികൾക്കുമായി പ്രത്യേകം ഫയൽ സൂക്ഷിക്കേണ്ടതും, വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ മേൽപ്പറഞ്ഞ സർക്കാർ നിർദ്ദേശങ്ങൾ എല്ലാം തന്നെ പാലിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുറവാണ്.

ഇടുക്കി ജില്ലയിലെ രാജകുമാരി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ സമിതികൾക്കാണെങ്കിലും ഇവയൊന്നും തന്നെ സമിതികൾക്ക് എഗ്രിമെന്റ് പ്രകാരം സറണ്ടർ ചെയ്തു നൽകിയിട്ടില്ല. ഇതു മൂലം, 1,01,111/- രൂപ വൈദ്യുതിക്കുടിശ്ശിക ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ഒടുക്കേണ്ടി വന്നിട്ടുണ്ട്. വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ കമ്മിറ്റികൾക്കാണെങ്കിലും പദ്ധതികൾ ഒന്നും തന്നെ കരാർ ചമച്ച് കമ്മിറ്റികൾക്ക് കൈമാറിയിട്ടില്ല. പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിലെ 46 കുടിവെള്ള പദ്ധതികളിൽ 13 എണ്ണം മാത്രമാണ് കരാർ ചമച്ച് ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടുള്ളത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.1.5.13)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ആദ്യകാലങ്ങളിൽ ഗുണഭോക്തൃ സമിതി കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നില്ലെന്നും അതിനുശേഷം ഗുണഭോക്തൃ സമിതികൾ പുനഃസംഘടിപ്പിക്കുകയും കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല അവർക്ക് കൈമാറുകയും ചെയ്തിട്ടുണ്ടെന്നും കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഗുണഭോക്തൃ സമിതിയാണ് നൽകുന്നതെന്നും അത്തരം ക്രമീകരണം പഞ്ചായത്ത് മെമ്പർമാരുടെ നേതൃത്വത്തിൽ കാര്യക്ഷമമായി നടപ്പിലാക്കി വരികയാണെന്നും രാജകുമാരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

2. ഗുണഭോക്തൃ സംഘങ്ങൾക്ക് കുടിവെള്ള പദ്ധതികളുടെ സംരക്ഷണ/തുടർ നടത്തിപ്പ് ചുമതലകൾ കരാർ മുഖേന കൈമാറാത്തതുമായി ബന്ധപ്പെട്ടുള്ള ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന്, പ്രസ്തുത പരാമർശം പരിശോധിച്ചതിനുശേഷം മുഴുവൻ കുടിവെള്ള പദ്ധതികളും ഗുണഭോക്തൃ സമിതിയുമായി കരാർ വച്ചാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും മുടങ്ങിപ്പോയ മൂന്നുനാല് പദ്ധതികൾ ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിച്ച് കരാർ വച്ച് ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടുണ്ടെന്നും നിലവിൽ അവർ തന്നെയാണ് പ്രവൃത്തി നടത്തിവരുന്നതെന്നും വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

3. പ്രസ്തുത വിവരം ഉൾപ്പെടുത്തി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞു. ഗുണഭോക്തൃ സമിതിയുമായി കരാർ വച്ചത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭിച്ചിട്ടില്ലെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു. ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും ആയതിന്റെ പകർപ്പ് കൈവശമുണ്ടെന്നും വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

4. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർനടപടികളൊന്നും ജില്ലാ ഓഫീസിൽ ലഭ്യമാക്കിയിട്ടില്ലെന്ന് ഇടുക്കി ജില്ലാ ഓഡിറ്റ് ഓഫീസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ തദവസരത്തിൽ വ്യക്തമാക്കി. പരാമർശവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

5. പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിലെ 46 കുടിവെള്ള പദ്ധതികളും ഗുണഭോക്തൃ സമിതിക്ക് കൈമാറിയിട്ടുണ്ടെന്നും 6 കുടിവെള്ള പദ്ധതികൾ (5 കുളവും 1 കുഴൽ കിണറും) ജലലഭ്യതയില്ലാത്തതിനാൽ നിലവിൽ പ്രവർത്തനക്ഷമമല്ലെന്നും ജൽജീവൻ മിഷൻ പദ്ധതി

പ്രകാരം കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും പാമ്പാട്ടുംപാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

6. ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുമ്പോൾ നിലവിലെ പദ്ധതിയുടെ അവസ്ഥ എന്താകുമെന്ന് സമിതി ആരാഞ്ഞതിന് നിലവിൽ പ്രവർത്തിക്കുന്ന പദ്ധതികൾ തൽസ്ഥിതി തുടരുന്നതാണെന്നും ജലലഭ്യതയില്ലാത്ത 6 കുടിവെള്ള പദ്ധതികളും ജൽജീവൻ മിഷൻ മുഖാന്തരം കുടിവെള്ളം നൽകുന്നതാണെന്നും പാമ്പാട്ടുംപാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. വകുപ്പ് ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

7. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ സമിതിക്ക് കൈമാറിയിട്ടുണ്ടെന്നും കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഗുണഭോക്തൃ സമിതിയാണ് നൽകുന്നതെന്നും അത്തരം ക്രമീകരണം പഞ്ചായത്ത് മെമ്പർമാരുടെ നേതൃത്വത്തിൽ കാര്യക്ഷമമായി നടപ്പിലാക്കി വരികയാണെന്നുമുള്ള രാജകുമാരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

8. വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച തുടർ നടപടി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

9. പാമ്പാട്ടുംപാറ ഗ്രാമപഞ്ചായത്തിലെ 46 കുടിവെള്ള പദ്ധതികളും ഗുണഭോക്തൃ സമിതിക്ക് കൈമാറിയിട്ടുണ്ടെന്നും ജലലഭ്യതയില്ലാത്ത 6 കുടിവെള്ള പദ്ധതികളും ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി കുടിവെള്ളം ലഭ്യമാക്കുന്നതാണെന്നുമുള്ള പാമ്പാട്ടുംപാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

കുടിവെള്ള പദ്ധതികളുടെ ആസ്തിസംരക്ഷണം കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തുകൾക്കു കീഴിലെ കുടിവെള്ള പദ്ധതികളുടെ പരിപാലനം സംബന്ധിച്ചുള്ള 31.05.2000 ലെ ജി.ഒ.(ആർ.റ്റി) 2141/2000/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ് പ്രകാരം പദ്ധതികളുടെ ഭൗതികവിവരങ്ങൾ വിശദമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. കൂടാതെ കുടിവെള്ള പദ്ധതികളെ ആസ്തിരജിസ്റ്ററിലും രേഖപ്പെടുത്തണം. എന്നാൽ ഈ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുറവാണ്. കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ചുള്ള കൃത്യമായ വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നില്ല. ആസ്തിരജിസ്റ്ററിൽ കുടിവെള്ള പദ്ധതികളുടെ വിവരങ്ങൾ കാലികമായി ഉൾപ്പെടുത്താത്തതിനാൽ, പദ്ധതികളുടെ നിലവിലുള്ള വിവരം അറിയാനാവാത്ത അവസ്ഥയുമുണ്ട്. കുടിവെള്ള പദ്ധതികളുടെ സമ്പൂർണ്ണ വിവരങ്ങൾ സൂക്ഷിക്കുന്നതിലും തദ്ദേശഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്നു. സ്വകാര്യവ്യക്തികൾ/സ്ഥാപനങ്ങൾ നൽകിയ

സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ യഥാസമയം തദ്ദേശസ്ഥാപനത്തിന്റെ പേരിൽ പോക്കുവരവ് നടത്തിയെടുക്കാൻ കഴിഞ്ഞിട്ടില്ലാത്ത സംഭവങ്ങളുമുണ്ട്.

ഇടുക്കി ജില്ലയിലെ രാജകുമാരി ഗ്രാമപഞ്ചായത്ത് സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളിൽ കുടിവെള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളിൽ കുടിവെള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ പദ്ധതി സ്ഥലം തദ്ദേശ ഭരണസ്ഥാപനത്തിന് രജിസ്റ്റർ ചെയ്ത് കൈമാറേണ്ടതും, പഞ്ചായത്തിന്റെ പേരിൽ പോക്കുവരവ് നടത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികളിൽ നിയമപരമായ സറണ്ടർ നടപടികൾ പൂർത്തിയാക്കാതെയാണ് നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. ടാങ്ക്, പമ്പ്ഹൗസ് മുതലായ കുടിവെള്ള ആസ്തികളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ പ്രത്യേക രേഖകൾ ഒന്നും തന്നെ സൂക്ഷിച്ചിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.1.5.14)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

10. സ്വകാര്യ വ്യക്തികളുടെ പുരയിടങ്ങളിൽ നിന്നും ലാന്റ് റിലിംഗ്വിഷ്മെന്റ് ഫോറത്തിൽ സ്ഥലം സറണ്ടർ ചെയ്ത് കുടിവെള്ള പദ്ധതികൾ നടപ്പാക്കിയെങ്കിലും പോക്കുവരവ് ചെയ്യാത്തതിന്റെ കാരണമെന്താണെന്ന് സമിതി ആരാഞ്ഞു. കുടിവെള്ള പദ്ധതിക്കായി സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുത്ത സ്ഥലങ്ങൾക്ക് പട്ടയമില്ലാത്തതിനാൽ പോക്കുവരവ് നടത്താൻ സാധിക്കില്ലെന്നും ലാന്റ് റിലിംഗ്വിഷ്മെന്റ് ഫോറത്തിൽ സറണ്ടർ ചെയ്ത് വാങ്ങിയാണ് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതെന്നും ഇടുക്കി ജില്ലയിൽ 50 ശതമാനത്തോളം പ്രദേശങ്ങളും പട്ടയമില്ലാത്തവയാണെന്നും കുടിവെള്ളത്തിന്റെ ഉറവിടം പരിശോധിച്ചാണ് സ്ഥലം തെരഞ്ഞെടുക്കുന്നതെന്നും ടി സ്ഥലങ്ങളെല്ലാം സറണ്ടർ ചെയ്തിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി സംരക്ഷിച്ച് വരികയാണെന്നും രാജകുമാരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. വകുപ്പ് ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

11. കുടിവെള്ള പദ്ധതികളുടെ ആസ്തിസംരക്ഷണം കാര്യക്ഷമമല്ല എന്ന പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ രാജകുമാരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

കുടിവെള്ള പദ്ധതികൾക്കായി ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ വിനിയോഗിക്കാതെ ശേഷിക്കുന്നു

കേരള വാട്ടർ അതോറിറ്റി, ഭൂഗർഭജലവകുപ്പ് എന്നീ ഏജൻസികളിലായി കോടിക്കണക്കിന് രൂപയാണ് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. എന്നാൽ സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിൽ ഏജൻസികൾ വീഴ്ചവരുത്തിയതിന്റെ പല ഉദാഹരണങ്ങളുമുണ്ട്. കൂടാതെ നിർവ്വഹിക്കപ്പെട്ട പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം നൽകുന്നതിലും ഏജൻസികൾ കാലതാമസം വരുത്തുന്നു. തുകകൾ നിക്ഷേപിച്ചു കഴിഞ്ഞാൽ അതിന്റെ തുടർനടപടികൾ പരിശോധിക്കുന്ന കാര്യത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളും ശ്രദ്ധ കാണിക്കുന്നില്ല. ഏജൻസികളിൽ തുക നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തികൾ ആരംഭിക്കാത്ത പദ്ധതികളുമുണ്ട്.

ഇടുക്കി ജില്ലയിലെ രാജകുമാരി ഗ്രാമപഞ്ചായത്ത് 2005-06 മുതൽ 2011-12 വരെ ഏഴ് കുടിവെള്ള പദ്ധതികൾക്കായി 8,61,540/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയെങ്കിലും നാളിതുവരെ അതോറിറ്റി പൂർത്തീകരണ സാക്ഷ്യപത്രം നൽകിയിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.1.5.15)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

12. കുടിവെള്ള പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റി, ഭൂഗർഭജല വകുപ്പ് എന്നിവ മുഖാന്തരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുക ചെലവഴിക്കാതെ അവശേഷിക്കുന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞു.

13. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ 21,000/- രൂപ മാത്രമാണ് അവശേഷിക്കുന്നതെന്നും മറ്റ് പ്രവൃത്തികളെല്ലാം പൂർത്തീകരിക്കുകയും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും കട്ടപ്പനയിലെ ഓഫീസ് തൊടുപുഴ സെക്ഷനിലേയ്ക്ക് മാറ്റിയപ്പോൾ ഫയലുകളും കൈമാറിയിരുന്നുവെന്നും പ്രസ്തുത തുക തൊടുപുഴ ഓഫീസിൽ നിന്നും തിരിച്ചുവാങ്ങി നൽകാമെന്ന മറുപടിയാണ് നൽകിയിട്ടുള്ളതെന്നും ഭൂഗർഭ ജല വകുപ്പ് നിക്ഷേപിച്ച തുകയിൽ പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം അവശേഷിക്കുന്ന തുക തിരിച്ചടച്ചിട്ടുണ്ടെന്നും രാജകുമാരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. വകുപ്പ് ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

14. കുടിവെള്ള പദ്ധതികൾക്കായി ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ വിനിയോഗിക്കാതെ ശേഷിക്കുന്നു എന്ന പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ്

ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ രാജകുമാരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

സ്കൂളുകളിലെ ശുദ്ധജലവിതരണം കാര്യക്ഷമമല്ല

കേരള വിദ്യാഭ്യാസ നിയമത്തിലെ 34(എ) വകുപ്പ്, 19.12.2011 ലെ നമ്പർ 63384/ഡി.ബി.2/11/തസ്വഭവ സർക്കുലർ എന്നിവ പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളിലും ശുദ്ധജലം ലഭ്യമാക്കേണ്ടത് തദ്ദേശഭരണസ്ഥാപനങ്ങളുടെ ഉത്തരവാദിത്ത മായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ ഏഴുകമ്പി ഗവൺമെന്റ് എൽ.പി.സ്കൂൾ കോമ്പൗണ്ടിലുള്ള കുഴൽക്കിണറാണ് വിദ്യാലയത്തിലെ ഏക ജലസ്രോതസ്സ്. ഫെബ്രുവരി മുതൽ ഏപ്രിൽ മാസം വരെ കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നുണ്ടെങ്കിലും പ്രശ്നപരിഹാരത്തിനാവശ്യമായ യാതൊരു നടപടികളും നാളിതുവരെയും സ്വീകരിച്ചിട്ടില്ല. 2005-06 വർഷം 45,000/- രൂപ എസ്.എസ്.എ. പദ്ധതിയിൽ വകയിരുത്തി നിർമ്മിച്ച മഴവെള്ള സംഭരണി നിർമ്മാണത്തിലെ അപാകതകളും കാര്യക്ഷമതയില്ലായ്മയുംമൂലം നാളിതുവരെ പ്രവർത്തനക്ഷമമാക്കുവാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തിലെ നങ്കി ഗവൺമെന്റ് എൽ.പി.സ്കൂളും കടുത്ത കുടിവെള്ളക്ഷാമം നേരിടുന്നുണ്ട്. കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന മാസങ്ങളിൽ കുടിവെള്ളം വിലയ്ക്ക് വാങ്ങുകയാണ് ചെയ്യുന്നത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.2.4.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

15. 8-ാംവാർഡിലെ കുടിവെള്ളക്ഷാമവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് മുൻ സാമ്പത്തിക വർഷം കുഴൽ കിണർ നിർമ്മിക്കുകയും നടപ്പ് സാമ്പത്തിക വർഷം മോട്ടോർ സ്ഥാപിക്കുന്നതിനുള്ള പ്രോജക്റ്റിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും ആയതിനാൽ നടപ്പ് വർഷം കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതാണെന്നും കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. 2013-14-ലെ ഓഡിറ്റ് പരാമർശത്തിന് നാളിതുവരെ മറുപടി നൽകാത്തത് ശരിയായ കീഴ്വഴക്കമല്ലെന്ന് സമിതി സൂചിപ്പിച്ചു. വിദ്യാർത്ഥികൾക്ക് കുടിവെള്ളത്തിനായി എന്ത് സൗകര്യമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന സമിതിയുടെ ചോദ്യത്തിന് സെക്രട്ടറിയായി ചുമതലയേറ്റെടുത്ത് മൂന്ന് മാസമായിട്ടേയുള്ളൂവെന്നും ടി വിഷയം ഭരണസമിതി മുമ്പാകെ അവതരിപ്പിച്ച് മറുപടി നൽകാമെന്നും കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഉദ്യോഗസ്ഥർ മാറി വന്നാലും ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വിഷയത്തിൽ കൃത്യമായി മറുപടി നൽകാൻ സെക്രട്ടറി ബാദ്ധ്യസ്ഥനാണെന്നും

വിഷയം സംബന്ധിച്ച ഫയൽ പരിശോധിച്ചുവേണം സമിതി യോഗത്തിൽ മറുപടി നൽകേണ്ടതെന്നും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി പദ്ധതി വച്ചിട്ടില്ലെന്ന് മാത്രമല്ല, ഒരു പ്രോജക്ടിന് അംഗീകാരം നൽകിയെന്ന മറുപടി മാത്രമാണ് നൽകിയിട്ടുള്ളതെന്നും സമിതി സൂചിപ്പിച്ചു.

16. മുൻ ദിവസം കൂടിയ സെക്രട്ടറിമാരുടെ യോഗത്തിൽ ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ അതത് പഞ്ചായത്ത് സെക്രട്ടറിമാർ വിശദമായി പഠിച്ച് മറുപടി നൽകണമെന്നും ഓഡിറ്റ് പരാമർശങ്ങളിന്മേൽ കാലവിളംബം കൂടാതെ റിപ്പോർട്ട് നൽകണമെന്നും ജില്ലാ ഓഫീസിൽനിന്നും നിർദ്ദേശം നൽകിയിട്ടുള്ളതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ ബോധിപ്പിച്ചു. ജില്ലാ ഓഫീസിൽനിന്നുമുള്ള നിർദ്ദേശം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോയെന്ന് മോണിറ്ററിംഗ് നടത്താറുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ഇക്കാര്യം പരിശോധിക്കാറുണ്ടെന്നും നിലവിലെ പോരായ്മ പരിഹരിച്ചുകൊണ്ട് റിപ്പോർട്ടുകൾ അടിയന്തരമായി ഓഡിറ്റിന് ലഭ്യമാക്കാനുള്ള കാര്യക്ഷമമായ ഇടപെടൽ നടത്താമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ അറിയിച്ചു. ടി വിഷയത്തിലെ പ്രശ്നപരിഹാരത്തിനായി ജില്ലാതല ഏകോപനം നടത്താമെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി. ഓഡിറ്റ് പരാമർശം സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കാൻ സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

17. 2013-14 ലെ ഓഡിറ്റ് പരാമർശത്തിന്മേൽ, മുൻ സാമ്പത്തിക വർഷം കുഴൽക്കിണർ നിർമ്മിച്ചിട്ടുണ്ടെന്നും നടപ്പ് സാമ്പത്തിക വർഷം മോട്ടോർ സ്ഥാപിക്കുന്നതിനുള്ള അംഗീകാരം ലഭിച്ചിട്ടുള്ളതിനാൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതാണെന്നുമുള്ള കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. വിദ്യാർത്ഥികൾക്ക് കുടിവെള്ളത്തിനായി എന്ത് സൗകര്യമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന സമിതിയുടെ ചോദ്യത്തിന് വ്യക്തമായി മറുപടി നൽകാത്ത ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടി സമിതി ഗൗരവപൂർവ്വം വീക്ഷിക്കുന്നു. ഇത്തരം പ്രവണത ആവർത്തിക്കരുതെന്ന കർശന നിർദേശം നൽകുന്നതോടൊപ്പം ഓഡിറ്റ് പരാമർശം സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

കളിസ്ഥലങ്ങൾ – വിദ്യാഭ്യാസചട്ടങ്ങൾ പാലിക്കപ്പെട്ടിട്ടില്ല

കളിസ്ഥലങ്ങൾ വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവുമായ വികാസത്തിന് അനിവാര്യമായ ഘടകമാണ്. 1959 ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം 4 റൂൾ 3 പ്രകാരം കളികൾക്കും, കായിക വിനോദങ്ങൾക്കും എല്ലാ സ്കൂളുകളിലും അനുയോജ്യമായ കളിസ്ഥലം ഉണ്ടാകേണ്ടതും പ്രസ്തുത സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതുമാണ്.

ഗ്രാമപ്രദേശത്തെ വിദ്യാർത്ഥികളെ കായികരംഗത്ത് ദേശീയതലത്തിൽ എത്തിക്കുന്നതിന് പ്രൈമറി സ്കൂളുകൾ നിർണ്ണായക പങ്ക് വഹിക്കുന്നു. കളിസ്ഥലങ്ങളുടെയും, കളിയുപകരണങ്ങളുടെയും അപര്യാപ്തതയും, ലഭ്യമായ കളിസ്ഥലങ്ങൾ ഉപയോഗിക്കാൻ കഴിയാത്തതും സ്കൂളുകളിലെ കായികരംഗത്തുള്ള പ്രവർത്തനങ്ങൾ ശുഷ്കമാകാൻ കാരണമാകുന്നു. ദേശീയതലത്തിലും അന്തർദേശീയതലത്തിലും കായികരംഗത്തെ ഭാവി വാഗ്ദാനങ്ങളെ കണ്ടെത്താനുള്ള ഉറവിടമാണ് സ്കൂളുകൾ. ആയതിനാൽ കായികമേഖലയ്ക്ക് അർഹിക്കുന്ന പ്രാധാന്യം നൽകി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. എന്നാൽ ഈ മേഖലയിൽ സ്കൂളുകൾ വേണ്ടത്ര പരിഗണന നൽകുന്നില്ല. വിദ്യാലയങ്ങളിൽ ആവശ്യത്തിന് കളിസ്ഥലങ്ങൾ ഒരുക്കി ചുറ്റുമതിൽകെട്ടി സംരക്ഷിക്കുന്നതിനും കളിയുപകരണങ്ങൾ ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

കളിസ്ഥലത്തിന് ചുറ്റുമതിലില്ലാത്തതിനാൽ സ്വകാര്യ വാഹനങ്ങളുടെ സഞ്ചാരമാർഗ്ഗം

ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗവൺമെന്റ് ഹൈസ്കൂളിലെ 50 സെന്റ് കളിസ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാത്തതുമൂലം സമീപവാസികൾ പൊതു ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നു. കളിസ്ഥലം സ്വകാര്യ വാഹനങ്ങളുടെ സഞ്ചാരമാർഗ്ഗമായി ഉപയോഗപ്പെടുത്തുകയാണ്. സ്കൂൾ വക സ്ഥലം കൈയ്യേറ്റം സംബന്ധിച്ച് പൈനാവ് മുൻസിഫ് കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ട്.

കൂടുതൽ സ്ഥലം ലഭ്യമായതും സൗകര്യപ്രദമായതുമായ സ്കൂളുകളിൽ മിനി സ്റ്റേഡിയവും, മിനി സ്പോർട്സ് കോംപ്ലക്സും ട്രാക്കും നിർമ്മിക്കുക, സ്ഥലം സൗകര്യം കുറഞ്ഞിടത്ത് ചെറിയ കോർട്ടുകളും ഗെയിം കോർണറുകളും നിർമ്മിക്കുക, കായികതാരങ്ങൾക്ക് കളിയുപകരണങ്ങൾ നൽകുക, കായികാധ്യാപകരേയും കോച്ചുമാരെയും നിയമിക്കുക, കൃത്യമായ പരിശീലനം സംഘടിപ്പിക്കുക, തെരഞ്ഞെടുത്ത ഇനങ്ങളിൽ പരിശീലനം നൽകുക തുടങ്ങിയ അടിയന്തിര പ്രവർത്തനങ്ങൾ കായികരംഗത്തെ മുന്നേറ്റത്തിന് അനിവാര്യമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.2.4.9)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

18. ഓഡിറ്റ് പരാമർശങ്ങളെ ലാഘവത്തോടെ കാണുന്ന നടപടി ശരിയല്ലെന്ന് ഓർമ്മപ്പെടുത്തിയ സമിതി, പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഓഡിറ്റ് വിഭാഗത്തിന് മറുപടി നൽകാത്തതിന്റെ കാരണം ആരാഞ്ഞു. പ്രസ്തുത പരാമർശത്തിനുള്ള മറുപടി ഓഡിറ്റ് വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ടെന്ന് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. എന്നാൽ പരാമർശത്തിന്മേൽ മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നവംബർ 10-ാംതീയതി ഇ-മെയിൽ മുഖാന്തരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചിട്ടില്ലെന്നും ഓഡിറ്റ് പരാമർശത്തിലെ രണ്ടാമത്തെ ഖണ്ഡികയുമായി ബന്ധപ്പെട്ട വിഷയത്തിൽ നേരിട്ട്

സ്ഥലപരിശോധന നടത്തിയെങ്കിലും അനുബന്ധ സൗകര്യങ്ങളൊന്നും പൂർത്തീകരിച്ചിട്ടില്ലെന്നും ഇടുക്കി ജില്ലാ ഓഡിറ്റ് ഓഫീസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

19. കളിസ്ഥലത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞതിന്, സ്കൂൾ വക സ്ഥലം കയ്യേറ്റം ചെയ്തത് സംബന്ധിച്ച് പൈനാവ് മുൻസിഫ് കോടതിയിൽ കേസ് നിലനിൽക്കുകയാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു. ഗ്രാമപഞ്ചായത്തുകൾക്ക് ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് മറുപടി നൽകുന്നതിനും കേസ് നടത്തിപ്പിനുമായി ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താറുണ്ടെന്നും വിഷയവുമായി ബന്ധപ്പെട്ട് ഓഡിറ്റ് വിഭാഗത്തിന് മറുപടി നൽകിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശം നൽകി. ഇക്കാര്യം പരിശോധിച്ചതിനുശേഷം അറിയിക്കാമെന്ന് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

20. സെക്രട്ടറി ചാർജ്ജെടുത്തിട്ട് മൂന്ന് മാസമേ ആയിട്ടുള്ളൂ എങ്കിൽപോലും ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് നിജസ്ഥിതി സംബന്ധിച്ച മറുപടി നൽകാൻ ബാധ്യസ്ഥനാണെന്നും അത്തരം നടപടി സ്വീകരിക്കാതെ ഓഡിറ്റ് പരാമർശങ്ങൾക്ക് മറുപടി നൽകാതിരിക്കുന്നത് ശരിയായ നടപടിയല്ലെന്നും ഓർമ്മപ്പെടുത്തിയ സമിതി, വിഷയം സംബന്ധിച്ച് ജില്ലാ പഞ്ചായത്തിന് മറുപടി നൽകാൻ സാധിക്കുമോയെന്ന് ആരാഞ്ഞു.

21. കഞ്ഞിക്കുഴി സ്കൂളിലെ ഹൈസ്കൂൾ വിഭാഗം ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ടതാണെന്നും കഞ്ഞിക്കുഴി പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ലഭിച്ച ഉടൻതന്നെ സ്ഥലപരിശോധന നടത്തിയതിൽ കളിസ്ഥലം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഒരു വശം റോഡും മറുവശം തോടുമാണെന്നും കളിസ്ഥലത്തിന് ചുറ്റുമതിൽ നിർമ്മിച്ചാൽ തോടിന്റെ മറുവശത്ത് താമസിക്കുന്ന പത്തോളം വീട്ടുകാർക്ക് സഞ്ചാര സ്വാതന്ത്ര്യം നഷ്ടപ്പെടുമെന്നതിനാൽ നാട്ടുകാർ തടസ്സം നിൽക്കുകയാണെന്നും അതുകൊണ്ടാണ് ഇതുവരെയും ചുറ്റുമതിൽ നിർമ്മിക്കാതിരിക്കുന്നതെന്നും ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

22. അവിടെ താമസിക്കുന്നവർക്ക് വഴി നൽകിക്കൊണ്ട് ചുറ്റുമതിൽ നിർമ്മിച്ച് സംരക്ഷിച്ചുകൂടേയെന്ന സമിതിയുടെ ചോദ്യത്തിന്, വിഷയത്തിൽ വിദ്യാഭ്യാസ വകുപ്പു കൂടി തീരുമാനമെടുക്കണമെന്നും വിദ്യാഭ്യാസ വകുപ്പുമായി ചർച്ച ചെയ്തതിനുശേഷം തോടിന്റെ വശത്തുകൂടെ വഴി നൽകുന്ന കാര്യം പരിശോധിക്കാമെന്നും ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പ്രസ്തുത വിഷയത്തിൽ വിദ്യാഭ്യാസ വകുപ്പുമായി ചർച്ച ചെയ്ത് വഴി നൽകിയതിനുശേഷം ശേഷിക്കുന്ന സ്ഥലം സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. കളിസ്ഥലത്തിന് എത്ര സെന്റ് സ്ഥലമാണുള്ളതെന്നും നിലവിൽ കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ടോയെന്നും സമിതി ആരാഞ്ഞു. 50 സെന്റ് സ്ഥലം മാത്രമാണുള്ളതെന്നും കളിസ്ഥലത്തിന്റെ നല്ലൊരു ഭാഗം വഴിക്കായി വിട്ടുനൽകേണ്ടി

വരുമെന്നതിനാൽ പ്രസ്തുത ആവശ്യത്തിനായി ഉപയോഗിക്കാൻ സാധിക്കുകയില്ലെന്നും നിലവിൽ കോടതിയിലുള്ള കേസ് തള്ളിപ്പോയിട്ടുണ്ടെന്നും ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. കേസ് തള്ളിയതുമായി ബന്ധപ്പെട്ട റിപ്പോർട്ട് സമിതിക്ക് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു. മാനുഷിക പരിഗണനയുടെ പേരിൽ പത്ത് കുടുംബങ്ങൾക്ക് വഴി സൗകര്യം ലഭ്യമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനം എടുക്കുന്നതോടൊപ്പം ബാക്കി സ്ഥലം ജില്ലാ പഞ്ചായത്ത് മുൻകൈ എടുത്ത് സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുകയും വേണമെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

23. കളിസ്ഥലം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഒരു വശം റോഡും മറുവശം തോടുമാണെന്നും കളിസ്ഥലത്തിന് ചുറ്റുമതിൽ നിർമ്മിച്ചാൽ തോടിന്റെ മറുവശത്ത് താമസിക്കുന്ന പത്തോളം വീട്ടുകാർക്ക് സഞ്ചാര സ്വാതന്ത്ര്യം നഷ്ടപ്പെടുമെന്നും ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ച സാഹചര്യത്തിൽ കുടുംബങ്ങൾക്ക് വഴി സൗകര്യം ലഭ്യമാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനം എടുക്കണമെന്നും ജില്ലാ പഞ്ചായത്ത് മുൻകൈ എടുത്ത് കളിസ്ഥലത്തിന്റെ ബാക്കി ഭാഗം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ – വിദ്യാഭ്യാസമേഖലയ്ക്കുവേണ്ടി വകയിരുത്തുന്ന തുകകൾ അപര്യാപ്തം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതോടുകൂടി സർക്കാർ സ്കൂളുകളുടെ നടത്തിപ്പ് മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിൽപ്പെട്ടതായി. സർക്കാർ സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക, കെട്ടിടങ്ങൾ നിർമ്മിക്കുക, അറ്റകുറ്റപ്പണികൾ നടത്തുക, അധ്യാപക/അധ്യാപകേതര ജീവനക്കാർ അവരുടെ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് വിലയിരുത്തുക, സർക്കാർ അനുവദിക്കുന്ന പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുക, ഉച്ചഭക്ഷണ വിതരണ പരിപാടി ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുക, പഠനോപകരണങ്ങളും പഠനസഹായികളും വിതരണം ചെയ്യുക, അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും ഗ്രാന്റുകളും വിതരണം ചെയ്യുക, സ്കൂളുകളിൽ കായികാദ്ധ്യയന സംസ്കാരം പ്രോത്സാഹിപ്പിക്കുക, വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് സ്കൂളുകളുടെ പ്രവർത്തനം നിരീക്ഷിക്കുക, സ്കൂളുകളുടെ പ്രവർത്തനം ഗുണകരമായി മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുക എന്നിവയെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെടുന്നതാണ്.

കേരളത്തിലെ ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പശ്ചാത്തലമേഖലയിലും സേവനമേഖലയിലും വിദ്യാഭ്യാസമേഖലയ്ക്ക് നീക്കിവയ്ക്കുന്ന തുക തുലോം പരിമിതമാണ്. സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനും ഇത് തീർത്തും അപര്യാപ്തവുമാണ്. ആവശ്യകത വിലയിരുത്താതെയുള്ള നാമമാത്രമായ വകയിരുത്തൽ വിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനങ്ങൾക്ക് പര്യാപ്തമല്ല.

ഇടുക്കി ജില്ലയിലെ അടിമാലി, കഞ്ഞിക്കുഴി എന്നീ ഗ്രാമപഞ്ചായത്തുകൾ 2010-11, 2011-12, 2012-13 വർഷങ്ങളിൽ വിദ്യാഭ്യാസ മേഖലക്കായി വകയിരുത്തിയ തുകകളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

വർഷം	തദ്ദേശസ്വയംഭരണ സ്ഥാപനം	ജില്ല	വിവിധ മേഖലകൾക്കായുള്ള വകയിരുത്തൽ	വിദ്യാഭ്യാസ മേഖലക്കായുള്ള വകയിരുത്തൽ	
				തുക	ശതമാനം
2011-12	അടിമാലി ഗ്രാമപഞ്ചായത്ത്	ഇടുക്കി	54920622	1578500	2.87
2012-13			57233736	2551073	4.45
2010-11	കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്		21282112	917919	4.31
2011-12			23924147	1172799	4.90
2012-13			24800013	2104326	8.48

വിദ്യാഭ്യാസമേഖല നേരിടുന്ന പ്രശ്നങ്ങളെ വ്യക്തമായി പഠിച്ച് അവ പരിഹരിക്കാൻ പര്യാപ്തമായ തോതിൽ വിവിധ ഫണ്ടിനങ്ങളിൽ നിന്നും കൂടുതൽ തുക വകയിരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വകയിരുത്തുന്ന തുകകൾ പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കുന്നില്ല

ഓരോ വർഷവും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ വാർഷിക പദ്ധതിയിൽ വിദ്യാഭ്യാസ മേഖലയ്ക്കായി വിവിധ ഫണ്ടുകളിൽ നിന്നും തുക വകയിരുത്തുന്നുണ്ട്. എന്നാൽ ആവശ്യകത വിലയിരുത്താതെയുള്ള വകയിരുത്തൽ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് പര്യാപ്തമാകുന്നില്ല. സർക്കാർ മേഖലയിലെ സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനവും ഭൗതിക സാഹചര്യങ്ങളുടെ മെച്ചപ്പെടുത്തലും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ട മേഖലയാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. എന്നാൽ ഈ മേഖലയിൽ വകയിരുത്തുന്ന പരിമിതമായ തുകകൾ പോലും പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല. 2010-11 മുതൽ 2012-13 വരെ കേരളത്തിലെ 14 ജില്ലകളിലെ തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസമേഖലയ്ക്ക് വേണ്ടി വകയിരുത്തിയ തുകകളും യഥാർത്ഥത്തിൽ ചെലവ് ചെയ്ത തുകകളും സംബന്ധിച്ച വിവരങ്ങൾ ഉദാഹരണമായി ചുവടെ കൊടുക്കുന്നു.

വർഷം	തദ്ദേശസ്വയംഭരണ സ്ഥാപനം	ജില്ല	വിദ്യാഭ്യാസ മേഖലയിൽ വകയിരുത്തിയത്	വിദ്യാഭ്യാസ മേഖലയിൽ ചെലവഴിച്ചത്	
				തുക	ശതമാനം
2011-12	അറക്കുളം ഗ്രാമപഞ്ചായത്ത്	ഇടുക്കി	8530630	6109995	72
2012-13			2225981	1977981	89

മുകളിൽ കൊടുത്ത പട്ടികയിൽ നിന്നും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസമേഖലയ്ക്കായി നീക്കിവെയ്ക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നില്ല എന്ന് വ്യക്തമാണ്. കേരളത്തിലെ ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവരുടെ വാർഷിക പദ്ധതി ചെലവിന്റെ 10% ൽ താഴെ മാത്രമാണ് വിദ്യാഭ്യാസ മേഖലയ്ക്കായി വകയിരുത്തുന്നത്. സർക്കാർ മേഖലയിലെ മിക്ക സ്കൂളുകളും മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളൊരുക്കാൻ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ വിദ്യാഭ്യാസമേഖലയ്ക്കായി നീക്കിവെയ്ക്കപ്പെടുന്ന പരിമിതമായ തുകകൾ പോലും പൂർണ്ണമായും ചെലവഴിക്കാത്ത നടപടി നീതീകരിക്കത്തക്കതല്ല. വിദ്യാഭ്യാസമേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ തുകകൾ വകയിരുത്തുന്നതിനും അവ പൂർണ്ണമായി വിനിയോഗിച്ചു എന്ന് ഉറപ്പുവരുത്തുന്നതിനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.2.4.16)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

24. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസമേഖലയ്ക്കുവേണ്ടി വകയിരുത്തുന്ന തുകകൾ അപര്യാപ്തം എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് അടിമാലി ഗ്രാമപഞ്ചായത്ത് തൽസ്ഥിതി വിവരങ്ങൾ ഓഡിറ്റ് വിഭാഗത്തിന് നൽകാത്തതിന്റെ കാരണത്തെക്കുറിച്ച് സമിതി ആരാഞ്ഞു. റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് നൽകിയാൽ മാത്രമേ ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്നും മറുപടി കൈവശമുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകാവുന്നതാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു. മറുപടി ഉടൻ തന്നെ നൽകാമെന്ന് അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. മറുപടി ഓഡിറ്റ് വകുപ്പ് പരിശോധിച്ച ശേഷം തുടർനടപടി സ്വീകരിക്കാമെന്ന് സമിതി തീരുമാനിച്ചു.

25. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞു. നടപ്പ് സാമ്പത്തിക വർഷം വിദ്യാഭ്യാസ മേഖലയ്ക്കായി 20 ലക്ഷം രൂപ ആകെ വിഹിതമായി നൽകിയിട്ടുണ്ടെന്നും വിദ്യാഭ്യാസ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഓരോ വർഷവും 4.5 ശതമാനം തുക വകയിരുത്തുന്നുണ്ടെന്നും ഓഡിറ്റ്

പരാമർശവുമായി ബന്ധപ്പെട്ട മറുപടി കഴിഞ്ഞ മാസം ജില്ലാ ഓഫീസിലേയ്ക്ക് കൊടുത്തിട്ടുണ്ടെന്നും കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു.

26. ഓഡിറ്റ് പരാമർശങ്ങളിന്മേൽ കഞ്ഞിക്കുഴി പഞ്ചായത്ത് തുടർച്ചയായി മറുപടി നൽകാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ഓഡിറ്റ് പരാമർശത്തിന് നൽകിയ മറുപടി തൃപ്തികരമല്ലെന്ന് ഇപ്പോഴാണ് മനസ്സിലായതെന്നും ഇക്കാര്യം പരിശോധിച്ചതിനുശേഷം കൃത്യമായ മറുപടി നൽകാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ മറുപടി നൽകി. എസ്.എസ്.എ.-യുടെ 20 ലക്ഷം രൂപ ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതാണെന്നും 4.5 ശതമാനം വിദ്യാഭ്യാസ മേഖലയിൽ വകയിരുത്തിയിട്ടുണ്ടെന്ന മറുപടിയാണ് നൽകിയിട്ടുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

27. പ്രസ്തുത മറുപടി ഓഡിറ്റ് വിഭാഗത്തിന് ലഭിച്ചിട്ടില്ലെന്ന് ഇടുക്കി ജില്ലാ ഓഡിറ്റ് ഓഫീസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചപ്പോൾ, ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട മറുപടി നേരിട്ട് ഓഡിറ്റ് വിഭാഗത്തിന് നൽകിയതിനുശേഷം ആയതിന്റെ പകർപ്പ് ജോയിന്റ് ഡയറക്ടർ ഓഫീസിലേയ്ക്ക് അയയ്ക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്നും എന്നാൽ സമിതി യോഗത്തിൽ ഹാജരായപ്പോഴാണ് ഓഡിറ്റ് വിഭാഗത്തിന് മറുപടി ലഭിച്ചിട്ടില്ലെന്നുള്ളത് മനസ്സിലാക്കാൻ സാധിച്ചതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

28. ഓഡിറ്റ് പരാമർശത്തിന് മറുപടി നൽകിയിട്ടുണ്ടോയെന്ന് മോണിറ്ററിംഗ് നടത്താനുള്ള സംവിധാനം വകുപ്പിനില്ലേ എന്ന സമിതിയുടെ ചോദ്യത്തിന്, അസിസ്റ്റന്റ് ഡയറക്ടറാണ് ഇക്കാര്യം പരിശോധിക്കുന്നതെന്നും ഇതുമായി ബന്ധപ്പെട്ട് വിളിച്ചുചേർത്ത രണ്ട് ഓൺലൈൻ യോഗങ്ങളിലും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും തൃപ്തികരമായി മറുപടി നൽകാത്ത വിഷയങ്ങളിൽ വീണ്ടും മീറ്റിംഗ് വിളിച്ചുചേർത്ത് കൃത്യമായി നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ടെന്നും പരാമർശത്തിന്മേലുള്ള മറുപടി ഓഡിറ്റ് വിഭാഗത്തിന് നൽകിയതിനുശേഷം ആയതിന്റെ പകർപ്പാണ് വകുപ്പിന് ലഭിക്കുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ അറിയിച്ചു.

29. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട മറുപടി ഇ-മെയിൽ മുഖാന്തരമാണ് ലോക്കൽ ഫണ്ടിലേയ്ക്ക് കൊടുത്തിട്ടുള്ളതെന്നും ജോയിന്റ് ഡയറക്ടറുടെ നിർദ്ദേശപ്രകാരമാണ് മറുപടി നൽകിയിട്ടുള്ളതെന്നും കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു. ഓഡിറ്റ് വിഭാഗത്തിന് മറുപടി ലഭിച്ചിട്ടില്ലെന്നും അടിമാലി ഗ്രാമപഞ്ചായത്ത് തദ്ദേശസ്വയംഭരണ വകുപ്പിലെ ജോയിന്റ് ഡയറക്ടർക്ക് അഡ്രസ്സ് ചെയ്തുകൊണ്ടുള്ള റിപ്പോർട്ട് മാത്രമാണ് ഓഡിറ്റ് വകുപ്പിന് ലഭിച്ചിട്ടുള്ളതെന്നും ഓഡിറ്റ് പരാമർശങ്ങളിലെ ന്യൂനത പരിഹരിച്ചുകൊണ്ട് റിപ്പോർട്ട് നൽകണമെന്ന നിർദ്ദേശമൊന്നും ജോയിന്റ് ഡയറക്ടർ ഓഫീസിൽ നിന്നും നൽകിയിട്ടില്ലെന്ന വിവരമാണ് ലഭിച്ചിരിക്കുന്നതെന്നും മെയിൽ അയച്ചുകൂടാതെ ഫോൺ മുഖാന്തരം ബന്ധപ്പെടുകയും ചെയ്തിട്ടുണ്ടെന്നും ഓഡിറ്റുമായി ബന്ധപ്പെട്ട 14 പരാമർശങ്ങളുടെ മറുപടി ലഭിക്കാനുണ്ടെന്നും അവസാനം മറുപടി നൽകിയ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ റിപ്പോർട്ട്

ഉൾപ്പെടെ അപ്ഡേറ്റ് ചെയ്യിട്ടുണ്ടെന്നും ഇതിന് മുമ്പുള്ള റിപ്പോർട്ടുകളൊന്നും ഓഡിറ്റിന് കിട്ടാതെ അവശേഷിക്കുകയാണെന്നും ഇടുക്കി ജില്ലാ ഓഡിറ്റ് ഓഫീസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ വ്യക്തമാക്കി.

30. പഞ്ചായത്തിന്റെ മറുപടി ഓഡിറ്റ് വിഭാഗത്തിന് ലഭിച്ചിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളതെന്നും സെക്രട്ടറി മറുപടി കൊടുത്തത് ആർക്കാണെന്നും ഇതുസംബന്ധിച്ച് വകുപ്പിന് മറുപടി നൽകാൻ സാധിക്കുമോയെന്നും സമിതി ചോദിച്ചു. വിഷയം പരിശോധിച്ച് ഒരാഴ്ചയ്ക്കുള്ളിൽ മറുപടി നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

31. 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 72, 89 ശതമാനം തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച്, തുടർന്നുള്ള വർഷങ്ങളിൽ വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ തുക ചെലവഴിച്ച് വിഷയം പരിഹരിച്ചിട്ടുള്ളതാണെന്നും നടപ്പ് സാമ്പത്തിക വർഷം അത്തരം പരാമർശങ്ങളൊന്നുമില്ലെന്നും വിദ്യാഭ്യാസ മേഖലയ്ക്ക് ആവശ്യമായ തുക വകയിരുത്തുന്നുണ്ടെന്നും അറക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. ഓഡിറ്റ് വകുപ്പിന് മറുപടി ലഭ്യമാക്കാതെ ഡിപ്പാർട്ടുമെന്റിന് നൽകുന്നതാണ് പരാമർശം നിലനിൽക്കാൻ കാരണമെന്ന് ഇടുക്കി ജില്ലാ ഓഡിറ്റ് ഓഫീസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ സൂചിപ്പിച്ചപ്പോൾ മറുപടി നൽകാമെന്ന് അറക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഓഡിറ്റ് പരാമർശത്തിന് മറുപടി കൃത്യമായി നൽകാൻ പഞ്ചായത്ത് സെക്രട്ടറിമാർ ശ്രദ്ധിക്കണമെന്നും മറുപടി കൃത്യമായി ഓഡിറ്റ് വകുപ്പിന് നൽകിയാൽ മാത്രമേ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സാധിക്കുകയുള്ളൂവെന്നും സമിതി ഓർമ്മപ്പെടുത്തി.

നിഗമനങ്ങൾ / ശിപാർശകൾ

32. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസമേഖലയ്ക്കുവേണ്ടി വകയിരുത്തുന്ന തുകകൾ അപര്യാപ്തം എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് അടിമാലി, കഞ്ഞിക്കുഴി എന്നീ ഗ്രാമപഞ്ചായത്തുകൾ തൽസ്ഥിതി വിവരങ്ങൾ അടങ്ങുന്ന റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് നൽകണമെന്ന് സമിതി നിർദേശിക്കുന്നു.

33. വകയിരുത്തുന്ന തുകകൾ പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ അറക്കുളം ഗ്രാമപഞ്ചായത്ത് കൃത്യമായ മറുപടി ഓഡിറ്റ് വിഭാഗത്തിന് നൽകിയിട്ടില്ല എന്ന് സമിതി മനസിലാക്കുന്നു. ഓഡിറ്റ് പരാമർശം വന്ന് നിരവധി വർഷങ്ങൾക്കുശേഷവും മറുപടി ലഭ്യമാക്കാത്ത പഞ്ചായത്തിന്റെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം കൃത്യമായ മറുപടി ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

സ്കൂൾ വിദ്യാഭ്യാസമേഖലയും സർവ്വശിക്ഷാ അഭിയാനും

ഒന്നു മുതൽ എട്ടു വരെയുള്ള ക്ലാസ്സുകളിലെ പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമായി നൽകുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സർവ്വശിക്ഷാ അഭിയാൻ അഥവാ

എസ്.എസ്.എ. 2010 ഓടെ ലക്ഷ്യങ്ങൾ നേടണമെന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരുന്നതെങ്കിലും ഇപ്പോഴും തുടർന്നുവരികയാണ്. 2009 ലെ വിദ്യാഭ്യാസ അവകാശനിയമം എസ്.എസ്.എ. മുഖേനയാണ് നടപ്പാക്കുന്നത്. 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികളെയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

എസ്.എസ്.എ. പരിപാടിയുടെ ചെലവ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 65:35 എന്ന അനുപാതത്തിൽ സംയുക്തമായാണ് വഹിക്കുന്നത്. കേരളത്തിൽ, സ്കൂളുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുള്ളതിനാൽ പദ്ധതിയുടെ സംസ്ഥാനവിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതത്തിൽ നിന്നുമാണ് വകയിരുത്തുന്നത്.

പ്രാഥമിക വിദ്യാഭ്യാസമേഖലയിൽ ഗുണകരമായ മാറ്റങ്ങൾക്ക് എസ്.എസ്.എ. കാരണമായിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ എസ്.എസ്.എ. വലിയ പങ്കാണ് വഹിക്കുന്നത്. എസ്.എസ്.എ. വിദ്യാലയങ്ങളിൽ നടത്തി വരുന്ന പ്രവർത്തനങ്ങളെ മേജർ പദ്ധതികൾ, മൈനർ പദ്ധതികൾ എന്നിങ്ങനെ തിരിച്ചിട്ടുണ്ട്.

1. എസ്.എസ്.എ. മേജർ പദ്ധതികൾ

സ്കൂൾ കെട്ടിടങ്ങൾ, അഡീഷണൽ ക്ലാസ്സ് മുറികൾ, അഡാപ്റ്റഡ് ടോയ്‌ലറ്റ്, ഗേൾസ് ടോയ്‌ലറ്റ്, റാമ്പ് & റെയിൽ, സ്കൂൾ സൗന്ദര്യവത്ക്കരണം, യൂണിഫോം വിതരണം, പാഠപുസ്തക വിതരണം.

2. എസ്.എസ്.എ. മൈനർ പദ്ധതികൾ

ഇലക്ട്രിഫിക്കേഷൻ, ഇടഭിത്തിനിർമ്മാണം, ഫർണിച്ചർ, ഗ്രാന്റ്, ഇംഗ്ലീഷ് ഫെസ്റ്റ്, മെട്രിക് മേള, സർഗ്ഗോത്സവം, മൈനർ ലാംഗ്വേജ് ഫെസ്റ്റ്, സി.ആർ.സി. ഗ്രാന്റ്, ടീച്ചേഴ്സ് ഗ്രാന്റ്, സ്കൂൾ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്, ടീച്ചേഴ്സ് ട്രെയിനിംഗ്, ഐ.എഫ്.ഡി. ഉപകരണ വിതരണം, ഐ.ഇ.ഡി.സി, മെഡിക്കൽ ക്യാമ്പ്.

എസ്.എസ്.എ.യുടെ പ്രധാന പ്രവർത്തനമേഖല സർക്കാർ പ്രൈമറി വിദ്യാലയങ്ങളാണ്. എന്നാൽ സൗജന്യ പാഠപുസ്തകം, സ്കൂൾ ഗ്രാന്റ്, ടീച്ചർ ഗ്രാന്റ് എന്നിവ എയ്ഡഡ് സ്കൂളുകൾക്കും എസ്.എസ്.എ. നൽകുന്നുണ്ട്. പൊതുവിദ്യാലയങ്ങളിലെ 2 മുതൽ 8 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും എസ്.എസ്.എ.യുടെ ഭാഗമായി പാഠപുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നു. ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് സൗജന്യപാഠപുസ്തകങ്ങൾ നൽകുന്നത് പൊതുവിദ്യാഭ്യാസ വകുപ്പാണ്. സർക്കാർ എൽ.പി/യു.പി. സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്ക് ഇരുവിഭാഗങ്ങൾക്കും പ്രത്യേകമായി 7500/- രൂപ വീതം എസ്.എസ്.എ. മെയിന്റനൻസ് ഗ്രാന്റ് നൽകി വരുന്നു.

സ്കൂളുകളും പരിസരവും ആകർഷകമാക്കുന്നതിനും, മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നതിനുമായി എൽ.പി. വിഭാഗത്തിന് 5000/- രൂപയും, യു.പി. വിഭാഗത്തിന് 7000/- രൂപയും ഇരുവിഭാഗങ്ങളും ഒരുമിച്ചുള്ള സ്കൂളുകൾക്ക് 12000/- രൂപയും എസ്.എസ്.എ. വർഷം തോറും സ്കൂൾ ഗ്രാന്റായി നൽകുന്നു.

എസ്.എസ്.എയ്ക്ക് സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ കീഴിൽ സംസ്ഥാനതല ഓഫീസും, എല്ലാ ജില്ലകളിലും ജില്ലാ പ്രോജക്ട് ഓഫീസുകളും പ്രവർത്തിക്കുന്നു. ജില്ലാ ഓഫീസുകൾക്ക് കീഴിൽ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ പ്രവർത്തന മേഖലയിലും ബ്ലോക്ക് റിസോഴ്സ് സെന്ററുകളും (ബി.ആർ.സി) പ്രവർത്തിക്കുന്നു. ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർക്കാണ് ബി.ആർ.സിയുടെ ചുമതല. സ്കൂളുകൾക്ക് ഗ്രാന്റുകൾ വിതരണം ചെയ്യുന്നത് ബി.ആർ.സി.കൾ മുഖേനയാണ്.

എസ്.എസ്.എ. മുഖേനയുള്ളതിനു പുറമേ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പ്രവർത്തനങ്ങൾ നടത്തിയിട്ടും പൊതുവിദ്യാലയങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുവാനും, ഭൗതികസാഹചര്യങ്ങൾ വേണ്ട രീതിയിൽ മെച്ചപ്പെടുത്താനും കഴിഞ്ഞിട്ടില്ല എന്നത് പോരായ്മ തന്നെയാണ്. എസ്.എസ്.എ.യുടെ ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്ന നൂതനാശയ പദ്ധതികൾ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ പ്രയോജനപ്രദമാണെങ്കിലും, പൊതുവിദ്യാലങ്ങളിലേയ്ക്ക് വിദ്യാർത്ഥികളെ ആകർഷിക്കുന്നതിൽ കാര്യമായ സ്വാധീനം ചെലുത്താൻ എസ്.എസ്.എ.യുടെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

വിദ്യാഭ്യാസമേഖലയിൽ തദ്ദേശസ്ഥാപനങ്ങൾ ചെലവഴിക്കുന്ന തുകയിലധികവും എസ്.എസ്.എ. വിഹിതം

എസ്.എസ്.എ. വിഹിതമായി സർക്കാർ നിശ്ചയിക്കുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിൽ നിന്നും നിർബന്ധമായും വകയിരുത്തണമെന്ന് 18.08.2012 ലെ സ.ഉ. (എം.എസ്) 225/12/തസ്വഭവ ഉത്തരവ് പ്രകാരമുള്ള പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതം എസ്.എസ്.എ. അക്കൗണ്ടിൽ നിക്ഷേപിച്ചാൽ മാത്രമേ ആനുപാതികമായ കേന്ദ്രവിഹിതം ലഭിക്കുയുള്ളൂവെന്നും, യഥാസമയം വിഹിതം നൽകിയില്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക നഷ്ടപ്പെടുമെന്നും 16.06.06 ലെ 20314/ഡി.പി1/2006/തസ്വഭവ സർക്കുലറിലും വ്യക്തമാക്കിയിട്ടുണ്ട്. ഇതുകൊണ്ട് തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എസ്.എസ്.എ. വിഹിതം നിർബന്ധമായും അടയ്ക്കേണ്ടതുണ്ട്.

വിദ്യാഭ്യാസമേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന പദ്ധതി വിഹിതത്തിന്റെ ഏറിയ പങ്കും എസ്.എസ്.എ.യ്ക്കുള്ള വിഹിതമാണ്. വിദ്യാഭ്യാസമേഖലയിലെ പദ്ധതി വിഹിതത്തിന്റെ വലിയൊരുഭാഗം എസ്.എസ്.എ.യ്ക്ക് നൽകാനായി നീക്കിവെയ്ക്കുന്നതിനാൽ, ഈ മേഖലയിൽ സമഗ്രമായ മറ്റ് പദ്ധതികൾ ആവിഷ്ക്കരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. ഇതുകൊണ്ട് തന്നെ, സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ ഉയർത്താനുള്ള തനതുപദ്ധതികൾക്ക് രൂപം നൽകി നടപ്പാക്കാൻ തദ്ദേശസ്ഥാപനങ്ങൾക്ക് കഴിയാത്ത അവസ്ഥയാണുള്ളത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസമേഖലയിൽ ചെലവഴിച്ചതും, എസ്.എസ്.എ.യ്ക്ക് നൽകിയതുമായ തുകകളുടെ താരതമ്യം

ജില്ല	തദ്ദേശസ്വയംഭരണ സ്ഥാപനം	വർഷം	വിദ്യാഭ്യാസമേഖലയിൽ ആകെ ചെലവഴിച്ച തുക (രൂപ)	എസ്.എസ്.എ.യ്ക്ക് നൽകിയ തുക (രൂപ)
ഇടുക്കി	അടിമാലി ഗ്രാമപഞ്ചായത്ത്	2012-13	2987135	1926873

എസ്.എസ്.എ. ബജറ്റ് വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൂർണ്ണമായും ചെലവഴിക്കുന്നില്ല

കേന്ദ്രസർക്കാരിൽ നിന്നുമുള്ള 65% തുകയും, തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന 35% തുകയും ചേരുന്നതാണ് എസ്.എസ്.എ. ബജറ്റ് വിഹിതം. ഓരോ വർഷവും വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പാക്കാനുള്ള പദ്ധതികളുടെ ആസൂത്രണം എസ്.എസ്.എ. നടത്തുന്നു. ഇതനുസരിച്ച് മൊത്തം ചെലവുതുക കണക്കാക്കിയ ശേഷമാണ് ഓരോ തദ്ദേശഭരണ സ്ഥാപനത്തിനുമുള്ള ബജറ്റ് തയ്യാറാക്കുന്നത്. ഇത്തരത്തിൽ തയ്യാറാക്കപ്പെടുന്ന ആകെ ബജറ്റ് തുകയുടെ 35 ശതമാനമാണ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും എസ്.എസ്.എ.യ്ക്ക് നൽകുന്നത്. എന്നാൽ എസ്.എസ്.എയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടി വകയിരുത്തുന്ന തുകകളും യഥാർത്ഥ തുകകളും തമ്മിൽ ഗണ്യമായ അന്തരം കാണുന്നു.

എസ്.എസ്.എ. ബജറ്റും, ചെലവു തുകയും തമ്മിലുള്ള താരതമ്യം

ജില്ല	തദ്ദേശസ്വയംഭരണ സ്ഥാപനം	വർഷം	എസ്.എസ്.എ ബജറ്റ് തുക(രൂപ)	എസ്.എസ്.എ. യ്ക്ക് തദ്ദേശ സ്ഥാപനം നൽകിയ വിഹിതം	ചെലവഴിച്ച തുക (രൂപ)	ചെലവ് ശതമാനം (%)
ഇടുക്കി	അടിമാലി ഗ്രാമപഞ്ചായത്ത്	2011-12	3402715	1500000	1608998	47.28

തദ്ദേശഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും എസ്.എസ്.എ.യിലേക്ക് അടയ്ക്കുന്ന വിഹിതം പോലും ചെലവഴിക്കുവാൻ എസ്.എസ്.എ.യ്ക്ക് കഴിയാതെ വരുന്നുണ്ട് എന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

എസ്.എസ്.എ. പദ്ധതിയിലേക്കുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം 35 ശതമാനമാണ്. 65 ശതമാനം കേന്ദ്രവിഹിതം കൂടി ഉണ്ടെന്നിരിക്കെ തദ്ദേശഭരണസ്ഥാപനങ്ങൾ നൽകിയ തുകയ്ക്കൊപ്പമുള്ള പ്രവൃത്തികൾ പോലും നിർവ്വഹിക്കാൻ എസ്.എസ്.എ.യ്ക്ക് കഴിയാതെ വരുന്നത് പദ്ധതിയുടെ പാളിച്ചയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഓരോ തദ്ദേശഭരണ സ്ഥാപനത്തിനുമായി എസ്.എസ്.എ. തയ്യാറാക്കുന്ന ബജറ്റുകൾ യാഥാർത്ഥ്യബോധം

ഇല്ലാത്തവയാണെന്നും, നിശ്ചിത തുകകൾ വിഹിതമായി തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും ഈടാക്കുക മാത്രമാണ് ഇത്തരം ബജറ്റുകളുടെ ഉദ്ദേശ്യമെന്നും കണക്കുകൾ വ്യക്തമാക്കുന്നു.

എസ്.എസ്.എ. പദ്ധതി നടത്തിപ്പിൽ പോരായ്മകൾ

തദ്ദേശഭരണസ്ഥാപനങ്ങളുടെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ എസ്.എസ്.എ. കരട് പദ്ധതികൾ ചർച്ച ചെയ്യുകയോ, അനിവാര്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയോ ചെയ്യുന്നില്ല. ഇതുകൊണ്ട് തന്നെ, തദ്ദേശ സ്ഥാപനങ്ങൾ വികസന ഫണ്ട്, തനത് ഫണ്ട് എന്നിവ വകയിരുത്തി നേരിട്ട് നടപ്പാക്കുന്ന പ്രോജക്ടുകളും എസ്.എസ്.എ. മുഖേന നടപ്പാക്കുന്നവയും തമ്മിൽ ഇരട്ടിപ്പിന് കാരണമാകുന്നു.

എസ്.എസ്.എ. ഫണ്ട് അനുവദിക്കുമ്പോൾ സ്കൂളിന്റെ വലിപ്പം, വിദ്യാർത്ഥികളുടെ എണ്ണം എന്നിവ പരിഗണിക്കാത്ത സന്ദർഭങ്ങളുമുണ്ട്. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമല്ലാതെ അനുവദിക്കുന്ന ഫണ്ട് പലപ്പോഴും പര്യാപ്തമല്ലാതെ വരുന്നു. അർഹതയുള്ള സ്കൂളുകളെ അവഗണിച്ച്, അർഹതയില്ലാത്തവയ്ക്ക് നിർമ്മാണ പ്രവൃത്തികൾക്കായി ഫണ്ട് അനുവദിച്ചതിന് പല ഉദാഹരണങ്ങളുണ്ട്.

ലാബ് ഉപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ, ഫർണിച്ചറുകൾ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ട് സ്കൂളുകൾക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾക്കായി 2007-08 മുതൽ 2012-13 വരെയുള്ള വർഷങ്ങളിൽ തുകകൾ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എസ്.എസ്.എ. മുഖേനയും ഇത്തരത്തിൽ പഠനോപകരണങ്ങൾ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതികളുടെ ഇരട്ടിപ്പ് ഒഴിവാക്കാൻ എസ്.എസ്.എ. പദ്ധതി രൂപീകരണത്തിൽ തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തം കൂടിയേ തീരൂ.

എസ്.എസ്.എ. പദ്ധതി നടത്തിപ്പിലെ പോരായ്മകളുടെ ഏതാനും ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.

◆ ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലുള്ള ഏഴുകമ്പി ഗവൺമെന്റ് യു.പി.സ്കൂളിന് രണ്ട് ക്ലാസ്സ് മുറികൾ കൂടി നിർമ്മിക്കുന്നതിനായി 2011-12 ൽ 6,20,000/- രൂപ എസ്.എസ്.എ. പദ്ധതിയിൽ വകയിരുത്തി ചെലവഴിച്ചു. എന്നാൽ കെട്ടിടത്തിന്റെ മേൽക്കൂര കോൺക്രീറ്റ് ചെയ്തതല്ലാതെ മറ്റ് പ്രവൃത്തികളൊന്നും പൂർത്തിയാക്കിയിട്ടില്ല. ഒന്നു മുതൽ 4 വരെ ക്ലാസ്സുകളിൽ നാലു ഡിവിഷനുകളിലായി ആകെ 38 കുട്ടികളാണ് സ്കൂളിലുള്ളത്. ആവശ്യത്തിന് ക്ലാസ്സ് മുറികളും, സ്ഥലസൗകര്യവുമുള്ള സ്കൂളിൽ പദ്ധതിയെപ്പറ്റി വേണ്ടത്ര വിലയിരുത്തൽ നടത്താതെയാണ് എസ്.എസ്.എ. അധിക ക്ലാസ്സ് മുറികളുടെ നിർമ്മാണം നടത്തിയിട്ടുള്ളത്. സ്കൂളിന് ചുറ്റുമതിൽ ഇല്ല. ഉച്ചക്കഞ്ഞി വിതരണത്തിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തതയുമുണ്ട്. ഇതൊക്കെ നിലനിൽക്കെയായിരുന്നു അനാവശ്യമായ ക്ലാസ്സ് മുറി നിർമ്മാണം.

- **തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എസ്.എസ്.എ. വിനിയോഗ സർട്ടിഫിക്കറ്റുകൾ യഥാസമയം നൽകുന്നില്ല**

എസ്.എസ്.എ. വാർഷിക പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനം നൽകുന്ന തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം നൽകണമെന്ന് 07.06.05 ലെ ജി.ഒ.(എം.എസ്)41/05/പ്ലാനിംഗ് നമ്പർ ഉത്തരവിലൂടെ സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇത് പാലിക്കാൻ എസ്.എസ്.എ. അധികൃതർ തയ്യാറാവുന്നില്ല. ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സമയബന്ധിതമായി വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്നതിൽ എസ്.എസ്.എ. അധികൃതർ അലംഭാവം കാട്ടുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമിനത്തിൽ നൽകിയ തുക മുഴുവൻ വിനിയോഗിച്ചിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയ വിനിയോഗപത്രം മാത്രമാണ് ജില്ലാ പ്രോജക്ട് ഓഫീസർമാർ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നത്. എന്നാൽ തദ്ദേശഭരണ സ്ഥാപനത്തിനുള്ള എസ്.എസ്.എ. ബജറ്റ് പ്രകാരമുള്ള വകയിരുത്തലും യഥാർത്ഥ വിനിയോഗവും പരിശോധിക്കുമ്പോൾ മുഴുവൻ തുകയും വിനിയോഗിക്കപ്പെടുന്നില്ല എന്നു വ്യക്തമാവും.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.2.4.18)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

34. മുൻ വർഷം 68 ലക്ഷം രൂപയോളം വകയിരുത്തിയിട്ടുണ്ടായിരുന്നുവെന്നും നിലവിൽ ഓഡിറ്റ് പരാമർശത്തിലെ "സ്കൂൾ വിദ്യാഭ്യാസമേഖലയും സർവ്വശിക്ഷാ അഭിയാനും എസ്.എസ്.എ. ബജറ്റ് വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൂർണ്ണമായും ചെലവഴിക്കുന്നില്ല" എന്ന വിഷയം പരിഹരിച്ചിട്ടുണ്ടെന്നും അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. ഓഡിറ്റ് കാലയളവിൽ എസ്.എസ്.എ. മുഖേന അനുവദിച്ച തുക പൂർണമായും ചെലവഴിക്കാത്തത് എന്താണെന്നും ഏതൊക്കെ സാമ്പത്തിക വർഷത്തിലാണ് 100% തുക ചെലവഴിച്ചതെന്നും സമിതി ആരാഞ്ഞു. കഴിഞ്ഞ രണ്ടുമൂന്ന് വർഷങ്ങളിലായി എസ്.എസ്.എ. മുഖേന അനുവദിച്ച തുകയിൽ 100 ശതമാനം ചെലവഴിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ബോധിപ്പിച്ചു.

35. പ്രസ്തുത മറുപടി ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, മറുപടി കൈവശമുണ്ടെന്നും ഓഡിറ്റ് വകുപ്പിന് നൽകാമെന്നും അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. മറുപടി ഓഡിറ്റ് വകുപ്പ് പരിശോധിച്ചശേഷം തീരുമാനമെടുക്കാമെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

36. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് മറുപടി നൽകാതിരുന്നാൽ ആയത് പരിശോധിക്കാനുള്ള സംവിധാനം വകുപ്പിനുണ്ടാകണമെന്നും ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽനിന്നും കൃത്യമായി ഇടപെടൽ നടത്തിയാൽ 24 മണിക്കൂറിനുള്ളിൽ മറുപടി

ലഭ്യമാകുമെന്നും സൂചിപ്പിച്ച സമിതി, വിഷയത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഫോളോ-അപ് നടത്താത്തതിന്റെ വീഴ്ചയാണിതെന്ന് കുറ്റപ്പെടുത്തി. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജോയിന്റ് ഡയറക്ടർ ഉറപ്പുനൽകി.

37. എസ്.എസ്.എ. പദ്ധതി നടത്തിപ്പിൽ പോരായ്മകൾ എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച്, 2017-18-ൽ ക്ലാസ് മുറികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും നടപ്പ് സാമ്പത്തിക വർഷം ചുറ്റുമതിൽ നിർമ്മാണത്തിനായി 4,90,000/- രൂപ എം.ജി.എൻ.ആർ.ഇ.എസ്. പദ്ധതിയിലുൾപ്പെടുത്തി വകയിരുത്തിയിട്ടുണ്ടെന്നും പാചകപ്പുര അറ്റകുറ്റപ്പണി നടത്തുകയും ഒരു ഡൈനിംഗ് ഹാൾ നിർമ്മിച്ചു നൽകുകയും ചെയ്തിട്ടുണ്ടെന്നും കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

38. എസ്.എസ്.എ. പദ്ധതി മുഖേനയുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയും രണ്ട് ക്ലാസ് മുറികളുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്ന് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. സ്കൂൾ ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, നടപ്പ് സാമ്പത്തിക വർഷം ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി എം.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടെന്ന് അദ്ദേഹം അറിയിച്ചു.

39. മുൻകാലങ്ങളിൽ എസ്.എസ്.എ. മുഖേന അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞു. 2011-12 സാമ്പത്തിക വർഷത്തിൽ എസ്.എസ്.എ. വിഹിതമായി ലഭിച്ച 6,20,000/- രൂപ ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ടെന്ന് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. സാധാരണനിലയിൽ ക്ലാസ് മുറികൾ നിർമ്മിക്കുന്നതോടൊപ്പം ഉച്ചക്കഞ്ഞി വിതരണത്തിനാവശ്യമായ സൗകര്യം ഏർപ്പെടുത്തേണ്ടതായിരുന്നുവെന്നും അനുവദിച്ച തുക പൂർണ്ണമായും ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനായി വിനിയോഗിച്ചുവെന്നും യഥാർത്ഥത്തിൽ അത്രയും ക്ലാസ് മുറികളുടെ ആവശ്യമില്ലായിരുന്നുവെന്നും ആവശ്യമുള്ള കാര്യങ്ങൾക്ക് തുക ചെലവഴിച്ചതുമില്ലായെന്നും കാഴ്ചപ്പാടില്ലാതെ പ്രവൃത്തികൾ ചെയ്തതാണ് ഓഡിറ്റ് പരാമർശത്തിന് കാരണമായതെന്നും സമിതി നിരീക്ഷിച്ചു.

40. എസ്.എസ്.എ.-യുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നത് വിദ്യാഭ്യാസ വകുപ്പാണെന്നും അതിൽ പഞ്ചായത്തിന് പരിമിതമായ അധികാരം മാത്രമേയുള്ളൂവെന്നും അവർ തയ്യാറാക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കാൻ മാത്രമേ പഞ്ചായത്തിന് സാധിക്കുകയുള്ളൂവെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് ഇടുക്കി ജോയിന്റ് ഡയറക്ടർ അറിയിച്ചു.

41. നിലവിലെ സ്ഥിതി സംബന്ധിച്ച മറുപടി ലഭ്യമായിട്ടില്ലെന്ന് ഇടുക്കി ജില്ലാ ഓഡിറ്റ് ഓഫീസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ സൂചിപ്പിച്ചു. മറുപടി ലഭ്യമാക്കിയാൽ മാത്രമേ ഓഡിറ്റ്

പരാമർശം ഒഴിവാക്കാൻ സാധിക്കുകയുള്ളൂവെന്നതിനാൽ മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

42. ഓഡിറ്റ് പരാമർശത്തിന്മേൽ അടിമാലി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വിഭാഗത്തിന് യഥാസമയം മറുപടി ലഭ്യമാക്കാതിരുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത വിഷയത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഫോളോഅപ്പ് നടത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് പരാമർശം സംബന്ധിച്ച് മറുപടി ഓഡിറ്റ് വിഭാഗത്തിന് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

43. എസ്.എസ്.എ. പദ്ധതി നടത്തിപ്പിൽ പോരായ്മകൾ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

ചെറുകിട വ്യവസായ/തൊഴിൽ സംരംഭങ്ങൾ നിഷ്ക്രിയ ആസ്തികളായി മാറുന്നു

ചെറുകിട വ്യവസായ/തൊഴിൽ സംരംഭങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയെന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. എന്നാൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വൻതുകകൾ ചെലവഴിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടും നാളിതുവരെ യാതൊരുവിധ വ്യവസായ/തൊഴിൽ സംരംഭങ്ങളും അരംഭിക്കാനിയിട്ടില്ല. ഇതുമൂലം അടിസ്ഥാന സൗകര്യങ്ങൾ നിഷ്ക്രിയമായി മാറിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

2009-10 പദ്ധതിക്കാലയളവുകളിലായി വ്യവസായ എസ്റ്റേറ്റുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുവാൻ ഇടുക്കി ജില്ലാപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ടെങ്കിലും നാളിതുവരെ വ്യവസായ/തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. വികസന പ്ലോട്ടുകളെ ഫലപ്രദമായി ഉപയോഗപ്പെടുത്താനും കഴിഞ്ഞിട്ടില്ല. ചുറ്റുമതിൽ നിർമ്മിച്ച് സംരക്ഷിക്കാത്തതുമൂലം ഭൂരിപക്ഷം വ്യവസായ എസ്റ്റേറ്റുകളിലേയും കെട്ടിടങ്ങളും ആസ്തികളും നശിച്ചുകൊണ്ടിരിക്കുകയാണ്. മിക്ക വ്യവസായ എസ്റ്റേറ്റ് കെട്ടിടങ്ങളും വൻതുക മുടക്കി പുനരുദ്ധരിക്കേണ്ട അവസ്ഥയിലാണ്.

വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് ഇടുക്കി ജില്ലാപഞ്ചായത്ത് വാങ്ങിയ ഭൂമിയുടെ അളവും നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേര്	അംഗീകാരം ലഭിച്ച വർഷം	അടങ്കൽ	ചെലവഴിച്ച തുക	വാങ്ങിയ ഭൂമിയുടെ വിസ്തൃതി	സർവ്വേ നമ്പർ	ഇപ്പോഴത്തെ സ്ഥിതി
നെടുങ്കണ്ടം വ്യവസായ പാർക്ക്	1998-99	157300	157300	55 സെന്റ്	134/1 കൽക്കൂന്തൽ വില്ലേജ്	തൊഴിൽ സംരംഭങ്ങളൊന്നും പ്രവർത്തിക്കുന്നില്ല

നെടുങ്കണ്ടം സ്പൈസസ് പാർക്ക്	1999-2000	360000	360000	90 സെന്റ്	134/1 കൽക്കുന്നൽ വില്ലേജ്	,,
കുമളി വ്യവസായ പാർക്ക്	1999-2000	350000	350000	1 ഏക്കർ	2/1 കുമളി വില്ലേജ്	,,
ഉപ്പുതറ വ്യവസായ പാർക്ക്	1998-99	500000	500000	1 ഏക്കർ	654 വാഗമൺ വില്ലേജ്	,,
ഉപ്പുതറ വ്യവസായ പാർക്ക്	1998-99	25000	25000	5 സെന്റ്	654 വാഗമൺ വില്ലേജ്	,,
വണ്ടൻമേട് (അന്യാർ തൊളു) വ്യവസായ പാർക്ക്	1998-99	140000	140000	50 സെന്റ്	151/1 വണ്ടൻമേട് വില്ലേജ്	,,
മുട്ടം വ്യവസായ പാർക്ക് (കാക്കൊമ്പ്)	1998-99	552000	552000	50 സെന്റ്	458/3 മുട്ടം വില്ലേജ്	,,
ചെല്ലാർ കോവിൽ വ്യവസായ പാർക്ക്	1998-99	125000	125000	20 സെന്റ്	16/1 അണക്കര വില്ലേജ്	,,
രാജമുടി (വാത്തിക്കുടി) വ്യവസായ പാർക്ക്	1998-99	500000	500000	80 സെന്റ്	1/1 ഉപ്പുതോട് വില്ലേജ്	,,
വാഴത്തോട് വ്യവസായ കേന്ദ്രം	1998-99	338000	338000	20 സെന്റ്	161/1 ഇടുക്കി വില്ലേജ്	,,
ആകെ		**2550500**	**2550500**			

കഴിഞ്ഞ 2 പദ്ധതിക്കാലയളവിലും വനിതാവ്യവസായ കേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണത്തിനുവേണ്ടി മാത്രം സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ ഒരു കോടിയോളം രൂപ

വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ടെങ്കിലും നിർജ്ജീവ വ്യവസായ എസ്റ്റേറ്റുകളെ പുനരുജ്ജീവിപ്പിച്ച് വ്യവസായ - തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള യാതൊരു നടപടിയും ജില്ലാപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

അടച്ചുപൂട്ടപ്പെട്ട/പ്രവർത്തനം നിലച്ച ചെറുകിട/വ്യവസായ തൊഴിൽ ശാലകളുടെ ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനം/ജില്ല	പ്രോജക്ട്	ചെലവഴിച്ച/ പാഴായതുക	ഇപ്പോഴത്തെ അവസ്ഥ
മൂന്നാർ ഗ്രാമപഞ്ചായത്ത് ഇടുക്കി	വിവധങ്ങളായ 7 സംരംഭങ്ങൾ 2007-08 മുതൽ 2011-12 വരെ	5061365	7 പ്രോജക്ടുകളിൽ ഭാഗികമായി പ്രവർത്തിച്ചിരുന്ന ഒരു യൂണിറ്റിന്റെ പ്രവർത്തനവും നിലച്ചു. മറ്റുള്ള ഒരു യൂണിറ്റും പ്രവർത്തിക്കുന്നില്ല. തന്മൂലം യന്ത്രങ്ങൾ നശിച്ചു കൊണ്ടിരിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.3.5.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

44. ഒമ്പത് വ്യവസായ എസ്റ്റേറ്റുകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശമുള്ളതിൽ രാജമുടി വ്യവസായ എസ്റ്റേറ്റ് വാടകയ്ക്ക് കൈമാറിയിട്ടുണ്ടെന്നും ശ്രീ. ജോസ് തോമസ് മാനേജിംഗ് ഡയറക്ടറായ കാസ്റ്റർ ട്രേഡേഴ്സ് & മാനുഫാക്ചേഴ്സ് എന്ന സ്ഥാപനമാണ് കരാർ വച്ച് ഏറ്റെടുത്തിരിക്കുന്നതെന്നും അവിടെ ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ടെന്നും രണ്ടാമത്തേത് അന്യാർതൊളു (വണ്ടൻമേട്) വ്യവസായ എസ്റ്റേറ്റ് ശ്രീ. റൂസ്സോ തോമസ്, പോൾ എം. ടി. എന്നിവരുടെ പാർട്ണർഷിപ്പിൽ വ്യവസായ സംരംഭം ആരംഭിക്കുന്നതിനുള്ള കരാർ കൈമാറിയിട്ടുണ്ടെന്നും ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ചെറുകിട വ്യവസായ/തൊഴിൽ സംരംഭങ്ങൾ നിഷ്ക്രിയ ആസ്തികളായി മാറുന്നു എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട മറുപടി തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കും അതിനുശേഷം ഓഡിറ്റ് വകുപ്പിനും നൽകിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഓഡിറ്റ് വകുപ്പിന് നൽകിയ മറുപടി പരിശോധിച്ച് തീരുമാനമെടുക്കാമെന്ന് സമിതി അറിയിച്ചു.

45. വനിതാ സൂപ്പർ മാർക്കറ്റ് - പഴം പച്ചക്കറി സംഭരണവും എന്ന പ്രോജക്ടിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞു. 2007-08-ൽ വനിതാ സൂപ്പർ മാർക്കറ്റ്-പഴം പച്ചക്കറി സംഭരണവും എന്ന പദ്ധതി നടപ്പിലാക്കുകയും അതിന്റെ ഭാഗമായി വാഹനം വാങ്ങുകയും നല്ല രീതിയിൽ രണ്ടുവർഷത്തോളം സ്ഥാപനം പ്രവർത്തിക്കുകയും പിന്നീട് പ്രതികൂല കാലാവസ്ഥയിൽ സാധനങ്ങൾ സൂക്ഷിക്കാൻ സാധിക്കാത്തതിനാൽ പ്രവർത്തന

രഹിതമാവുകയുമാണ് ചെയ്തതെന്ന് മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. മാർച്ച് മാസത്തിൽ വാഹനത്തിന്റെ കാലാവധി 15 വർഷം പൂർത്തിയായെന്നും കാലപ്പഴക്കം കാരണം വാഹനം കണ്ടം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും പ്രോജക്ട് ഇനിയും തുടരാൻ ഉദ്ദേശിക്കുന്നില്ലെന്നും മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൂട്ടിച്ചേർത്തു. 6,74,710/- രൂപ ചെലവാക്കി വാഹനം വാങ്ങിയതുൾപ്പെടെ 15 ലക്ഷം രൂപ പ്രയോജനപ്രദമല്ലാത്ത രീതിയിൽ ചെലവഴിക്കുകയാണ് ചെയ്തതെന്ന് സമിതി വിലയിരുത്തി.

46. ഇൻഡസ്ട്രിയൽ ലോൺട്രി യൂണിറ്റ് സംബന്ധിച്ച് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ആരാഞ്ഞു. ഇൻഡസ്ട്രിയൽ ലോൺട്രി യൂണിറ്റ് പൂർണ്ണമായും പ്രവർത്തനക്ഷമമല്ലെന്നും സ്ഥാപനത്തിലെ മെഷീനുകൾ പ്രവർത്തിപ്പിക്കാൻ സാധിക്കാത്ത രീതിയിൽ നശിച്ചു പോയിട്ടുള്ളതാണെന്നും യൂണിറ്റ് തുടർന്ന് പ്രവർത്തിപ്പിക്കുന്ന കാര്യത്തിൽ പുനരാലോചനയില്ലെന്നും മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

47. വികലാംഗർക്കുള്ള സ്വയം തൊഴിൽ പരിശീലന കേന്ദ്രം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ വികലാംഗർക്ക് സ്വയംതൊഴിൽ പദ്ധതിയെന്ന നിലയിൽ കരകൗശലവസ്തുക്കളുടെ നിർമ്മാണത്തിനായാണ് ഉത്പാദന യൂണിറ്റ് ആരംഭിച്ചതെന്നും പ്രോജക്ടിന്റെ നടത്തിപ്പ് ചുമതല എൽ.വി.ഇ.ഒ.-യ്ക്ക് ആയിരുന്നുവെന്നും ഒരു വർഷത്തോളം നല്ല രീതിയിലാണ് സംരംഭം പ്രവർത്തിച്ചതെന്നും മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

48. വനിത പപ്പട നിർമ്മാണ യൂണിറ്റ് നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, പപ്പട നിർമ്മാണ യൂണിറ്റ് പ്രവർത്തനക്ഷമമല്ലെന്നും നിലവിൽ 7 പദ്ധതികളും പ്രവർത്തിക്കുന്നില്ലെന്നും മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. മൂന്നാർ പ്രദേശത്ത് തൊഴിലാളികളെ ഉൾപ്പെടുത്തി പദ്ധതികൾ പുനരുജ്ജീവിപ്പിക്കാൻ നിലവിൽ സാധ്യതയില്ലെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

49. പ്രസ്തുത പദ്ധതികളുടെ സാധ്യതാപഠനവും പ്രായോഗികവശവും പരിശോധിക്കാതെ കുറേ പണം ചെലവഴിക്കുകയാണുണ്ടായതെന്ന് സമിതി വിലയിരുത്തി. പദ്ധതി ആരംഭത്തിൽ സാങ്കേതിക പഠനത്തിനുള്ള സാധ്യതയൊന്നും പരിശോധിച്ചതായി കാണുന്നില്ലെന്നും പദ്ധതി ഏറ്റെടുത്തപ്പോൾ വിജയസാധ്യത ഉറപ്പാക്കിയിട്ടുണ്ടാകുമെന്നും മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പദ്ധതികൾ ആരംഭിക്കുന്ന വേളയിലുള്ള താത്പര്യം പിന്നീട് വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായിരുന്നില്ലായെന്നും ഒരു ഹോട്ടൽ പോലും ശരിയായി മുമ്പോട്ട് നടത്തിക്കൊണ്ടുപോകാൻ സാധിച്ചില്ലായെന്നും കാര്യക്ഷമമായ പ്രവർത്തനം നടത്തിയിരുന്നെങ്കിൽ ഇത്തരം പദ്ധതികൾ നിലച്ചുപോകില്ലായിരുന്നുവെന്നും നിരീക്ഷിച്ച സമിതി പേപ്പർ ക്യാരി ബാഗുകളുടെ സാധുത പ്രയോജനപ്പെടുത്താത്തത് എന്തുകൊണ്ടാണെന്നും പദ്ധതികളുടെ നിർവ്വഹണോദ്യഗസ്ഥൻ ആരായിരുന്നുവെന്നും ആരാഞ്ഞു. പഞ്ചായത്ത് സെക്രട്ടറിയാണ് നിർവ്വഹണോദ്യോഗസ്ഥൻ എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജോയിന്റ് ഡയറക്ടർ മറുപടി നൽകി. പഞ്ചായത്തിൽ ജനകീയ ഹോട്ടലുൾപ്പെടെ പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത പദ്ധതിയുടെ ഭാഗമായി

ആരംഭിച്ച ഹോട്ടൽ ഒരു വർഷം മാത്രമാണ് പ്രവർത്തിച്ചതെന്നും പേപ്പർ ക്യാരി ബാഗ് യൂണിറ്റിൽ പേപ്പർ കപ്പ് നിർമ്മാണം നടത്തിയിരുന്നുവെങ്കിലും തണുത്ത കാലാവസ്ഥയിൽ പേപ്പർ കപ്പ് കേടുവരുന്ന പ്രശ്നമുണ്ടായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

50. മറ്റ് പഞ്ചായത്തുകളിലെല്ലാം വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടെന്നും പ്രസ്തുത വിഷയത്തിൽ മൂന്നാർ പഞ്ചായത്ത് സ്വീകരിച്ച നടപടി എന്താണെന്നും സമിതി ആരാഞ്ഞു. അറുന്നൂറോളം സംരംഭകർ ഈ സംവിധാനം പ്രയോജനപ്പെടുത്താൻ മുന്നോട്ട് വന്നിട്ടുണ്ടെന്നും അവരുടേതായ രീതിയിലാണ് പ്രോജക്ടുകൾ ആരംഭിക്കുന്നതെന്നും മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

51. മൂന്നാർ പ്രദേശത്ത് സ്വകാര്യ ഭൂമിയില്ലാത്തതിനാൽ അവിടെ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരിമിതികളുണ്ടെന്നും പിന്നീടുള്ളത് കോളനികളാണെന്നും അവിടെ എന്തെങ്കിലും ചെയ്യുന്നതിന് പഞ്ചായത്തിന്റെ ഒക്കുപെൻസി സർട്ടിഫിക്കറ്റ് ലഭിക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ വ്യവസായ സംരംഭങ്ങൾ അവിടെ കൊണ്ടുവരുന്നതിന് പരിമിതികളുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ അറിയിച്ചു.

52. സ്വകാര്യ മേഖലയിൽ നിന്നും സംരംഭകരെ കണ്ടെത്തി പ്രവർത്തനക്ഷമമായ മെഷീനുകൾ ഉപയോഗിക്കാനുള്ള നടപടി സ്വീകരിച്ചില്ലെന്ന് മാത്രമല്ല, സർക്കാർ ഖജനാവിൽ നിന്നും തുക നഷ്ടപ്പെടുത്തിയെന്ന് ഓഡിറ്റ് പരാമർശം വന്നിട്ടും നാളിതുവരെ മെഷീനുകൾ ഫലപ്രദമായി ഉപയോഗിക്കാനുള്ള നടപടി പഞ്ചായത്തിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ലെന്ന് സമിതി വിലയിരുത്തി.

53. മേൽപ്പറഞ്ഞ മെഷീനുകളുടെ സാധുത പരിശോധിച്ച് റിപ്പോർട്ട് നൽകാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ അറിയിച്ചു. റിപ്പോർട്ട് ലഭിച്ചശേഷം തുടർനടപടി സ്വീകരിക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

54. ചെറുകിട വ്യവസായ/തൊഴിൽ സംരംഭങ്ങൾ നിഷ്ക്രിയ ആസ്തികളായി മാറുന്നു എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടുള്ളതായി ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ആയതിന്മേൽ സ്വീകരിച്ച തുടർ നടപടി സമിതിയെ അറിയിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

55. ഇടുക്കി ജില്ലയിൽ ചെറുകിട വ്യവസായ / തൊഴിൽ സംരംഭങ്ങളിൽ സ്വകാര്യ മേഖലയിൽ സംരംഭകരെ കണ്ടെത്തി പ്രവർത്തനക്ഷമമായ മെഷീനുകൾ ഉപയോഗിക്കാനുള്ള നടപടി സ്വീകരിച്ചില്ലെന്നും സർക്കാർ ഖജനാവിൽ നിന്നും തുക നഷ്ടപ്പെടുത്തിയെന്നുമുള്ള ഓഡിറ്റ് പരാമർശം വന്നിട്ടും നാളിതുവരെ മെഷീനുകൾ ഫലപ്രദമായി ഉപയോഗിക്കുവാനുള്ള നടപടി പഞ്ചായത്തിന്റെ ഭാഗത്തുനിന്നും സ്വീകരിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. മൂന്നാർ ഗ്രാമപഞ്ചായത്തിലെ അടച്ചുപൂട്ടപ്പെട്ട/പ്രവർത്തനം നിലച്ച ചെറുകിട/വ്യവസായ തൊഴിൽശാലകളിലെ മെഷീനുകളുടെ സാധുത പരിശോധിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

വ്യവസായത്തിനായി വാങ്ങിയ ഭൂമിയും കെട്ടിടങ്ങളും മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു

ചില തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾ വ്യവസായ ആവശ്യങ്ങൾക്ക് ഏറ്റെടുക്കുന്ന ഭൂമിയും കെട്ടിടങ്ങളും മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി കണ്ടു വരുന്നു.

വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി 2003-04 വർഷം 1,97,000/- രൂപ വിലമതിക്കുന്ന കെട്ടിടം ഉൾപ്പെടെയുള്ള 35.16 സെന്റ് സ്ഥലം ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് വാങ്ങിയിട്ടുണ്ടെങ്കിലും വ്യവസായപാർക്കിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒന്നും സജ്ജമാക്കിയിട്ടില്ല. വാങ്ങിയ കെട്ടിടം പഞ്ചായത്ത് വക കമ്മ്യൂണിറ്റി ഹാളായി ഉപയോഗിക്കുന്നു. കരസ്ഥമാക്കിയ ഭൂമി ഇപ്പോൾ മാലിന്യനിർമ്മാർജനത്തിനാണ് ഉപയോഗിക്കുന്നത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.3.5.9)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

56. വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിൽ വ്യവസായത്തിനായി വാങ്ങിയ ഭൂമിയും കെട്ടിടങ്ങളും മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, വ്യവസായ സംരംഭത്തിനായി വാങ്ങിയ ഭൂമി പഞ്ചായത്തിനോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നതെന്നും നിലവിൽ മീറ്റിംഗും പഞ്ചായത്തിന്റെ പൊതുപരിപാടികളും മറ്റും പ്രസ്തുത കെട്ടിടത്തിലാണ് നടത്തുന്നതെന്നും വ്യവസായ പാർക്കിനാവശ്യമായ സൗകര്യങ്ങളൊന്നും അവിടെയില്ലെങ്കിൽ പോലും കെട്ടിടം പ്രയോജനപ്പെടുത്തുന്നുണ്ടെന്നും പഞ്ചായത്തിന്റെ മീറ്റിംഗിനെല്ലാം ഈ ഹാളാണ് ഉപയോഗിക്കുന്നതെന്നും കമ്മ്യൂണിറ്റി ഹാളായും ചെറിയ പരിപാടികൾക്ക് വാടകയ്ക്ക് നൽകുന്നുണ്ടെന്നും ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് വിശദമായ മറുപടി നൽകിയിട്ടുണ്ടെന്നും വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മറുപടി തൃപ്തികരമാണോയെന്ന സമിതിയുടെ ചോദ്യത്തിന് പ്രസ്തുത വിഷയത്തിൽ ഓഡിറ്റ് വകുപ്പിന് മറ്റൊന്നും ചെയ്യാൻ സാധിക്കില്ലെന്ന് ഇടുക്കി ജില്ലാ ഓഡിറ്റ് ഓഫീസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകി. വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

57. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിൽ വ്യവസായത്തിനായി വാങ്ങിയ ഭൂമിയും കെട്ടിടങ്ങളും മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

കുടുംബശ്രീയും, വ്യവസായ/തൊഴിൽ സംരംഭങ്ങളും

സംസ്ഥാനത്തെ കേവല ദാരിദ്ര്യം പത്തുവർഷം കൊണ്ട് ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റിന്റെയും ദേശീയ കാർഷിക ഗ്രാമവികസന ബാങ്കിന്റെയും പങ്കാളിത്തത്തോടെ ആരംഭിച്ച സംരംഭമാണ് സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജനമിഷൻ അഥവാ കുടുംബശ്രീ. ദാരിദ്ര്യ നിർമ്മാർജ്ജനം മുഖ്യചുമതലയായി എടുത്തിട്ടുള്ള മിഷൻ അതിന്റെ പ്രവർത്തനപരിപാടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന സാമൂഹ്യാധിഷ്ഠിത സംഘടനാസംവിധാനത്തിലൂടെയാണ് നടപ്പാക്കുന്നത്. സ്ത്രീ ശാക്തീകരണം, ദാരിദ്ര്യ നിർമ്മാർജ്ജനം, പ്രാദേശിക സാമ്പത്തിക വികസനം തുടങ്ങിയവയ്ക്കുവേണ്ടിയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്ന സംഘടനാ സംവിധാനത്തിന്റെ പ്രാഥമികതലമാണ് അയൽക്കൂട്ടങ്ങൾ. മധ്യതലത്തിൽ എ.ഡി.എസും (ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റി) അപ്പക്സ്തലത്തിൽ സി.ഡി.എസും (കമ്മ്യൂണിറ്റി ഡെവപ്പ്മെന്റ് സൊസൈറ്റി) പ്രവർത്തിക്കുന്നു. 31.05.2002 ലെ സർക്കുലർ നമ്പർ 19990/ബി2/2002/തസ്വഭവ പ്രകാരം കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് ലഭ്യമാകുന്ന ധനസഹായത്തിന്റെ 60% മൈക്രോസംരംഭങ്ങൾ ആരംഭിക്കുന്നതിനും 15% തൊഴിൽ പരിശീലനത്തിനും 25% ദരിദ്ര കുടുംബങ്ങളുടെ ശുചിത്വം, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനും ചെലവഴിക്കേണ്ടതാണ്.

കുടുംബശ്രീ സംരംഭങ്ങൾ പലതും സ്തംഭനാവസ്ഥയിൽ

ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിൽ 2008-09 വർഷം പ്രത്യേകഘടക പദ്ധതിയിലുൾപ്പെടുത്തി കുടുംബശ്രീ ഫ്ളോർ മില്ലിനായി 1,67,000/- രൂപ മുതൽ മുടക്കി യന്ത്രസാമഗ്രികൾ വാങ്ങി. എന്നാൽ തൊഴിൽ യൂണിറ്റ് ആരംഭിച്ചിട്ടില്ല. യന്ത്രസാമഗ്രികൾ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങുന്നതിന് പഞ്ചായത്ത് അധികൃതർ ശ്രമിക്കാത്തതിനാൽ ഉപകരണങ്ങൾ തുരുമ്പെടുത്ത് നശിച്ചു കൊണ്ടിരിക്കുന്നു. പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യത്തിലേക്ക് എത്തിച്ചേരാതെ വാങ്ങൽ മാത്രം നടത്തി പദ്ധതി അവസാനിപ്പിച്ചു.

മൂന്നാർ ഗ്രാമപഞ്ചായത്തിലെ പ്ലാസ്റ്റിക് നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി പേപ്പർ/തുണി ക്യാരി ബാഗുകളുടെ നിർമ്മാണം വർദ്ധിപ്പിക്കുന്നതിനും അതുവഴി കൂടുതൽ തൊഴിൽ സൃഷ്ടിക്കുന്നതിനും പരിസരമലിനീകരണം ഫലപ്രദമായി കുറയ്ക്കുന്നതിനും ലക്ഷ്യമിട്ട് 2011-12 ൽ പ്രത്യേക ഘടകപദ്ധതിയിൽപ്പെടുത്തി വികസന ഫണ്ടിൽ നിന്നും 22,99,443/- രൂപ വകയിരുത്തി യന്ത്രസാമഗ്രികൾ വാങ്ങിയിട്ടുണ്ടെങ്കിലും തൊഴിൽ സംരംഭ യൂണിറ്റിന്റെ പ്രവർത്തനം ഇതുവരെയും ആരംഭിച്ചിട്ടില്ല. മുന്നൊരുക്കം, സാധ്യതാപഠനം കുടുംബശ്രീ അംഗങ്ങൾക്ക് പരിശീലനം എന്നിവയ്ക്കായി 2,00,000/- രൂപ പദ്ധതി അടങ്കലിൽ വകയിരുത്തിയിരുന്നെങ്കിലും ഗുണഭോക്തൃപട്ടിക തയ്യാറാക്കി അംഗങ്ങൾക്ക് ആവശ്യമായ

പരിശീലനം നൽകിയിട്ടില്ല. വ്യക്തവും ആസൂത്രിതവുമായ പഠനം നടത്താതെ യന്ത്രസാമഗ്രികൾ വാങ്ങിയതുമൂലം തൊഴിൽ സംരംഭം പ്രവർത്തനക്ഷമമാക്കുവാൻ നാളിതുവരെയും ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. വാങ്ങിയ സാമഗ്രികൾ തുരുമ്പെടുത്ത് നാശോന്മുഖമായ അവസ്ഥയിലാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.3.5.10)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

58. മൂന്നാർ ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ യൂണിറ്റിനായി ആരംഭിച്ച വ്യവസായ സംരംഭങ്ങൾ ഫലപ്രദമായി നടപ്പിലാക്കാത്തത് സംബന്ധിച്ച് ജോയിന്റ് ഡയറക്ടർ അന്വേഷിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

59. മൂന്നാർ ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ യൂണിറ്റിനായി ആരംഭിച്ച വ്യവസായ സംരംഭങ്ങൾ ഫലപ്രദമായി നടപ്പിലാക്കാത്തത് സംബന്ധിച്ച് ജോയിന്റ് ഡയറക്ടർ അന്വേഷണം നടത്തി ബന്ധപ്പെട്ട ഭരണ വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമല്ല

പെർഫോമൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിൽ പല തദ്ദേശഭരണ സ്ഥാപനങ്ങളും വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. 2013-14, 2014-15 വർഷങ്ങളിൽ പെർഫോമൻസ് ഗ്രാന്റ് ലഭിക്കുവാൻ മുൻവർഷം ലഭിച്ച ഗ്രാന്റിന്റെ 80 ശതമാനമെങ്കിലും ചെലവഴിച്ചിരിക്കണമെന്ന് 20.07.2011-ലെ സ.ഉ(സാധാ) നമ്പർ 1731/2011/തസ്വഭവ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ വ്യവസ്ഥ നിലനിൽക്കെ ആവശ്യമായ തുക ചെലവഴിക്കാത്തതിനാൽ പല സ്ഥാപനങ്ങൾക്കും 2013-14-ൽ പെർഫോമൻസ് ഗ്രാന്റ് ലഭിച്ചിട്ടില്ല.

പെർഫോമൻസ് ഗ്രാന്റ് വിനിയോഗം (ഗ്രാമപഞ്ചായത്തുകളിൽ)

ഗ്രാമപഞ്ചായത്ത്	ജില്ല	വർഷം	ലഭിച്ച തുക (₹)	നടപ്പാക്കിയ പദ്ധതികൾ	ചെലവ് (₹)	ചെലവ് ശതമാനം
വാത്തിക്കുടി	ഇടുക്കി	2011-12	1674000	12	1448347	86.52
		2012-13	3394000	26	2167297	63.85
വണ്ണപ്പുറം		2011-12	1406000	9	1088829	77.44
		2012-13	2849000	15	1985831	69.70

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 6.1.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

60. വാത്തിക്കുടി ഗ്രാമപഞ്ചായത്തിൽ പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമല്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞു. 2013-14-ൽ 80 ശതമാനം തുക ചെലവഴിക്കാത്തതു കൊണ്ടാണ് പെർഫോമൻസ് ഗ്രാന്റ് ലഭിക്കാത്തതെന്നും നിലവിൽ പെർഫോമൻസ് ഗ്രാന്റ് പൂർണ്ണമായും ചെലവഴിക്കുന്നുണ്ടെന്നും വാത്തിക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ് അറിയിച്ചു. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ജോയിന്റ് ഡയറക്ടർക്ക് അയച്ച റിപ്പോർട്ടിന്റെ പകർപ്പ് ഓഡിറ്റ് വിഭാഗത്തിന് നൽകാമെന്നും അദ്ദേഹം അറിയിച്ചു.

61. 2011-13-ൽ പെർഫോമൻസ് ഗ്രാന്റ് ചെലവഴിക്കാത്തതുമായി ബന്ധപ്പെട്ട പരാമർശമാണെന്നും 60 ശതമാനം തുക ചെലവഴിച്ചിട്ടുണ്ടെന്നും മറുപടി ഓഡിറ്റ് വിഭാഗത്തിന് തൃപ്തികരമെങ്കിൽ പരാമർശം ഒഴിവാക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു. നിലവിൽ പ്രസ്തുത പരാമർശത്തിന് പ്രസക്തിയില്ലെന്നും ആ കാലഘട്ടത്തിൽ ചെലവഴിച്ച തുകയുടെ ശതമാനം വച്ചാണ് ഓഡിറ്റ് പരാമർശം വന്നതെന്നും പ്രസ്തുത പരാമർശം ഒഴിവാക്കാവുന്നതാണെന്നും ഇടുക്കി ജില്ലാ ഓഡിറ്റ് ഓഫീസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി ഓഡിറ്റ് അംഗീകരിച്ചതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

62. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വണ്ണപ്പുറം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

63. തദ്ദേശ സ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വാത്തിക്കുടി, വണ്ണപ്പുറം എന്നീ ഗ്രാമപഞ്ചായത്തുകളിലെ പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമല്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

പെർഫോമൻസ് ഗ്രാന്റ് വിനിയോഗം: ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കുന്നു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജനങ്ങൾക്കു നൽകുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുക എന്നതാണ് പെർഫോമൻസ് ഗ്രാന്റിന്റെ പ്രധാന ലക്ഷ്യമെങ്കിലും, ഈ തുകയെ പൊതുമരാമത്ത് പ്രവൃത്തികൾക്കു മാത്രമായി നീക്കിവെക്കുന്ന സ്ഥാപനങ്ങളുമുണ്ട്. ഗ്രാന്റിന്റെ യഥാർത്ഥ ലക്ഷ്യത്തിൽ നിന്നുമുള്ള വ്യതിചലനമാണ് ഇത് വ്യക്തമാക്കുന്നത്.

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് 2011-12, 2012-13 വർഷങ്ങളിൽ പെർഫോമൻസ് ഗ്രാന്റുപയോഗിച്ച് നടത്തിയ 9 പ്രവൃത്തികളും പൊതുമരാമത്തിലേതായിരുന്നു. മാങ്കുളം ഗ്രാമപഞ്ചായത്ത് 2011-12, 2012-13 വർഷങ്ങളിൽ പെർഫോമൻസ് ഗ്രാന്റ് തുകകൾ മുഴുവനും പൊതുമരാമത്ത് പണികൾക്കായാണ് ചെലവഴിച്ചിട്ടുള്ളത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 6.1.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

64. ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിൽ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി ഡി.പി.സി.യുടെ അംഗീകാരത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും പ്രസ്തുത ആവശ്യത്തിലേക്കായി ഫലപ്രദമായാണ് തുക ചെലവഴിച്ചിട്ടുള്ളതെന്നും ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പെർഫോമൻസ് ഗ്രാന്റ് വിനിയോഗം ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കുന്നു എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

65. തദ്ദേശ സ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഉടുമ്പൻചോല, മാങ്കുളം എന്നീ ഗ്രാമപഞ്ചായത്തുകളിലെ പെർഫോമൻസ് ഗ്രാന്റ് വിനിയോഗം ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കുന്നു എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

മണൽ വിൽപന

നിലവിൽ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, ഇടുക്കി ജില്ലകളിൽ ഓൺലൈൻ സംവിധാനത്തിലൂടെയുള്ള മണൽ വിതരണമാണുള്ളത്. മണൽ/നിർമ്മാൺ ഓൺലൈൻ എന്നീ പദ്ധതികളാണിവ. ന്യായമായ വിലയിൽ സുതാര്യമായി എളുപ്പം മണൽ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികളുടെ ലക്ഷ്യം.

മണൽ ലഭിക്കുന്നതിനായി കെട്ടിടത്തിന്റെ പ്ലാൻ സഹിതം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കണം. വീടിന് ആവശ്യമായ മണൽ തദ്ദേശ സ്ഥാപനം തിട്ടപ്പെടുത്തി നൽകും. ഇത് ഓൺലൈൻ മുഖേന ബുക്ക് ചെയ്ത്, നിർദ്ദേശിക്കുന്ന ദിവസം താലൂക്ക് ഓഫീസ് കൗണ്ടറിൽ പണമൊടുക്കുമ്പോൾ അപേക്ഷകന് മണൽ പാസ് ലഭിക്കും. മണൽ പാസിൽ രേഖപ്പെടുത്തിയിട്ടുള്ള ദിവസം പാസിൽ രേഖപ്പെടുത്തിയിട്ടുള്ള കടവിൽ ചെന്ന് മണൽ സ്വീകരിക്കാം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.2.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

66. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ മണൽ വില്പനയുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

67. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ മണൽ വില്പനയുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

സമയബന്ധിതമായി അപേക്ഷയിൽ തീരുമാനമെടുക്കുന്നില്ല

പെൻഷൻ അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ച ശേഷം പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും തുടർന്ന് ജനറൽ കമ്മിറ്റിയും പാസ്സാക്കുന്നതിലും കാലതാമസമുണ്ടാകുന്നു.

ഇടുക്കി ജില്ലയിലെ പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിൽ 2011-12, 2012-13, 2013-14 വർഷങ്ങളിലെ പെൻഷനുള്ള അപേക്ഷകൾ യഥാക്രമം 38, 40, 25 എന്നിങ്ങനെ ലഭിച്ചെങ്കിലും ഒരു അപേക്ഷയിൽ പോലും 45 ദിവസത്തിനുള്ളിൽ തീരുമാനമെടുക്കാൻ സാധിച്ചിട്ടില്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച പെൻഷൻ അപേക്ഷകൾ ജനറൽ കമ്മിറ്റിയുടെ അംഗീകാരത്തിന് വെയ്ക്കുവാൻ പോലും മാസങ്ങൾ വേണ്ടി വന്നതായി കാണുന്നു. ഇത് ഗൗരവമുള്ള വീഴ്ചയാണ്.

ഉദാഹരണം.

	അപേക്ഷകരുടെ എണ്ണം	സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച തീയതി	ജനറൽ കമ്മിറ്റി അംഗീകരിച്ച തീയതി
2013-14	7	11.06.13	20.12.13
	7	25.09.13	17.01.14

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.3.2.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

68. കർഷകത്തൊഴിലാളി പെൻഷനുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞു. നിലവിൽ അർഹരായ ഗുണഭോക്താക്കൾക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ജനറൽ കമ്മിറ്റിയുടെയും അംഗീകാരത്തോടെ പെൻഷൻ നൽകി വരുന്നതിനാൽ പെൻഡിംഗ് ഒന്നുമില്ലെന്ന് പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

69. പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിൽ പെൻഷൻ അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

ഗുണഭോക്താക്കളുടെ എണ്ണം കുറഞ്ഞു വരുന്നു

കർഷക തൊഴിലാളി പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം വർഷം തോറും കുറഞ്ഞു വരികയാണ്. ക്ഷേമനിധി ബോർഡിലെ അംഗത്വമില്ലായ്മ, കാർഷികവൃത്തിയിൽ നിന്ന് വൻതോതിലുണ്ടായ പിൻ മാറ്റം, കുറഞ്ഞ വാർഷിക വരുമാന പരിധി എന്നിവയാണ് ഇതിനു കാരണം. കൃഷി ഉപജീവനമാർഗമായി സ്വീകരിക്കുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നു എന്നതിന്റെ സൂചന കൂടിയാണിത്. നിലവിലെ വ്യവസ്ഥ പ്രകാരം 11,000/- രൂപയാണ് കർഷക തൊഴിലാളി പെൻഷന് അപേക്ഷിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി. 20.06.14 സ.ഉ.(എം.എസ്) നം.52/2014/സാ.ക്ഷേ.വ-ാം നമ്പർ ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കുള്ള വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയായി ഏകീകരിച്ചിട്ടുണ്ട്. മറ്റ് ക്ഷേമപെൻഷനുകൾ ലഭിക്കുന്നതിനുള്ള വരുമാനപരിധി വർദ്ധിപ്പിച്ചെങ്കിലും കർഷക തൊഴിലാളി പെൻഷന്റെ വരുമാന പരിധി ഉയർത്താത്തത് പലർക്കും ഈ ആനുകൂല്യം ലഭിക്കാത്ത സാഹചര്യം സൃഷ്ടിക്കുകയും ഗുണഭോക്താക്കളുടെ എണ്ണം കുറയുന്നതിന് കാരണമാവുകയും ചെയ്തിട്ടുണ്ട്.

മരണപ്പെട്ടവർക്കും പെൻഷൻ

1998-ലെ കേരള കർഷക തൊഴിലാളി പെൻഷൻ ചട്ടങ്ങളിലെ ചട്ടം (18) പ്രകാരം പെൻഷൻ വാങ്ങി കൊണ്ടിരിക്കുന്ന വ്യക്തി മരണമടയുകയോ രണ്ടു മാസത്തിൽ കൂടുതൽ തുക കൈപ്പറ്റാതിരിക്കുകയോ ചെയ്താൽ പെൻഷൻ നിർത്തൽ ചെയ്യേണ്ടതാണ്. എന്നാൽ ഈ നടപടിക്രമവും പാലിക്കാത്ത ഗ്രാമപഞ്ചായത്തുകളുണ്ട്. ഇടുക്കി ജില്ലയിലെ ഇടവെട്ടി

ഗ്രാമപഞ്ചായത്തിൽ കർഷക തൊഴിലാളി പെൻഷൻ സ്വീകരിച്ചു കൊണ്ടിരുന്ന രാമകൃഷ്ണൻ കുടലപ്പാട്ട്, മുതലക്കോടം എന്നയാൾക്ക് 1800/- രൂപ മണിയോർഡർ അയച്ചെങ്കിലും മരണപ്പെട്ടു എന്ന കാരണത്താൽ 28.03.2011-ൽ തിരികെ വന്നു. എന്നാൽ 1710 രൂപ, 2400 രൂപ എന്നീ തുകകൾ വീണ്ടും മണിയോർഡർ അയയ്ക്കുകയും 13.09.2011 ൽ തിരികെ വരുകയും ചെയ്തു. പെൻഷൻ ലഭിക്കുന്നവർ ജീവിച്ചിരിക്കുന്നു എന്നുറപ്പുവരുത്താതെയും മരണവിവരം ലഭിച്ച ശേഷവും വ്യക്തികൾക്ക് പെൻഷൻ തുക അയയ്ക്കുന്നത് ഗൗരവകരമായ വീഴ്ചയാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.3.2.14)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

70. മരണപ്പെട്ടയാൾക്ക് പെൻഷൻ നൽകിയതുമായി ബന്ധപ്പെട്ട പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന്, നിലവിൽ സേവന സോഫ്റ്റ്‌വെയർ മുഖാന്തരമാണ് പെൻഷൻ വിതരണം ചെയ്യുന്നതെന്നും എല്ലാ മാസവും 20-ാം തീയതിക്കുള്ളിൽ അപ്ഡേഷൻ നടത്തി മരിച്ചവരെ ഒഴിവാക്കിയാണ് ലിസ്റ്റ് നൽകുന്നതെന്നും ഇടവെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

71. ഇടവെട്ടി ഗ്രാമപഞ്ചായത്തിൽ മരണപ്പെട്ടയാൾക്ക് പെൻഷൻ നൽകി എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

തദ്ദേശ ഭരണ സ്ഥാപനങ്ങൾ മൃഗസംരക്ഷണ/ക്ഷീരവികസന മേഖലയെ അവഗണിക്കുന്നു
നീക്കി വെക്കുന്ന തുകകൾ പരിമിതം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്പ്പാദന മേഖലയിലെ പ്രവർത്തനങ്ങളുടെ ഭാഗമാണ് മൃഗസംരക്ഷണവും ക്ഷീരവികസനവും. ഉത്പ്പാദന മേഖല നേരിട്ടുകൊണ്ടിരിക്കുന്ന അവഗണന മൃഗസംരക്ഷണ മേഖലയെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതുമൂലം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ, മറ്റ് ദുർബല ജനവിഭാഗങ്ങൾ എന്നിവർക്ക് ഉപജീവന മാർഗമാകേണ്ട മൃഗസംരക്ഷണ/ക്ഷീര വികസന മേഖലകൾ തകർച്ച നേരിടുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായ ആകെ പദ്ധതിയടങ്കലിന്റെ വളരെ ചെറിയൊരു ശതമാനം മാത്രമാണ് മൃഗസംരക്ഷണ മേഖലയ്ക്ക് വകയിരുത്തുന്നത്. പന്ത്രണ്ടാം പദ്ധതിയുടെ

ആദ്യ മൂന്നുവർഷക്കാലം ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്ത് മൃഗസംരക്ഷണ മേഖലയിൽ വകയിരുത്തിയ തുക ഇനിപ്പറയുന്നു.

തദ്ദേശ ഭരണ സ്ഥാപനം	ജില്ല	വർഷം	ആകെ പദ്ധതി അടങ്കൽ	മൃഗസംരക്ഷണ മേഖലയ്ക്ക് നീക്കിവെച്ചത്	ശതമാനം
കാമാക്ഷി ഗ്രാമപഞ്ചായത്ത്	ഇടുക്കി	2011-12	1,72,96,492	2,84,207	1.64
		2012-13	2,30,21,973	8,75,000	3.80
		2013-14	2,71,83,523	7,72,729	2.84

സമൂഹത്തിലെ അടിസ്ഥാന വിഭാഗങ്ങളെ ലക്ഷ്യമിടുന്ന ഉത്പ്പാദന മേഖലയായ മൃഗസംരക്ഷണ രംഗത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തുന്ന തുകകൾ പരിമിതമാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഭൂരിപക്ഷം സ്ഥാപനങ്ങൾക്കും ആകെ അടങ്കലിന്റെ 5 ശതമാനം പോലും പ്രതിവർഷം മൃഗസംരക്ഷണ മേഖലയ്ക്കായി നീക്കിവെക്കാൻ കഴിയുന്നില്ല എന്നത് ഈ മേഖല നേരിടുന്ന അവഗണനയുടെ തെളിവാണ്.

മാനദണ്ഡങ്ങൾ മുൻനിർത്തി അടങ്കലിന്റെ നിശ്ചിത ശതമാനം ഓരോ വർഷവും മൃഗസംരക്ഷണ മേഖലയ്ക്ക് നീക്കിവെക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. മൃഗസംരക്ഷണ മേഖലയിൽ തുകകൾ ഒന്നും തന്നെ വകയിരുത്താത്ത തദ്ദേശഭരണ സ്ഥാപനങ്ങളും ഉണ്ടെന്നുള്ളത് മൃഗസംരക്ഷണ മേഖല പിൻതള്ളപ്പെടുന്നതിന്റെ തെളിവാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.7.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

72. കാമാക്ഷി ഗ്രാമപഞ്ചായത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മൃഗസംരക്ഷണ / ക്ഷീര വികസന മേഖലയെ അവഗണിക്കുന്നു എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി തൃപ്തികരമാണെന്ന ഓഡിറ്റ് വകുപ്പിന്റെ നിഗമനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

73. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കാമാക്ഷി ഗ്രാമപഞ്ചായത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മൃഗസംരക്ഷണ / ക്ഷീര വികസന മേഖലയെ അവഗണിക്കുന്നു എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

തദ്ദേശഭരണ സ്ഥാപനങ്ങളുടെ മൃഗസംരക്ഷണ/ക്ഷീരവികസന മേഖലയിലെ ചെലവഴിക്കലുകൾ തൃപ്തികരമല്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൃഗസംരക്ഷണ/ക്ഷീരവികസന മേഖലയ്ക്കായി നീക്കിവെക്കുന്ന പരിമിതമായ തുകകൾ പോലും തൃപ്തികരമായി ചെലവഴിക്കാൻ കഴിയുന്നില്ല എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. നീക്കിവെക്കുന്ന തുകകൾ പൂർണ്ണമായും ചെലവഴിക്കാത്തതിനാൽ മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയാത്ത അവസ്ഥയുമുണ്ട്. മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലെ പാളിച്ചകളാണ് തുകകൾ വേണ്ട രീതിയിൽ വിനിയോഗിക്കാൻ കഴിയാത്തതിന്റെ യഥാർത്ഥ കാരണം. ഇടുക്കി ജില്ലയിലെ വാഴത്തോപ്പ്, കുമളി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ ആദ്യ മൂന്ന വർഷങ്ങളിൽ മൃഗസംരക്ഷണ മേഖലയിൽ വകയിരുത്തിയ തുകകൾ, ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ഇനിപ്പറയുന്നു.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മൃഗസംരക്ഷണ മേഖലയിലെ വകയിരുത്തലും ചെലവും

തദ്ദേശ ഭരണ സ്ഥാപനം	ജില്ല	വർഷം	മൃഗ സംരക്ഷണ മേഖലയിലെ പദ്ധതികൾ	മൃഗ സംരക്ഷണ മേഖലയിലെ വകയിരുത്തൽ	മൃഗ സംരക്ഷണ മേഖലയിലെ ചെലവ്	ചെലവ് ശതമാനം
വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്	ഇടുക്കി	2011-12	4	1775068	715640	40.31
		2012-13	1	932400	725890	77.85
		2013-14	4	1834510	581490	31.69
കുമളി ഗ്രാമപഞ്ചായത്ത്		2011-12	6	11079322	6310171	56.95
		2012-13	9	12192000	3600000	29.52
		2013-14	3	9009300	1353090	15.01

മൃഗസംരക്ഷണ മേഖലയ്ക്കായി നീക്കിവെച്ച തുകകൾ പൂർണമായും ചെലവഴിക്കാൻ കഴിയാതിരുന്നത് പദ്ധതികൾ ലക്ഷ്യപ്രാപ്തിയിൽ എത്താതിരിക്കുന്നതിനും, പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുന്നതിനും കാരണമാകുന്നു. മൃഗസംരക്ഷണ/ ക്ഷീരവികസന മേഖല മേഖലയിലെ കർഷകരുടെ ആവശ്യകതകൾ മനസ്സിലാക്കി പദ്ധതികൾ തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വീഴ്ച പറ്റുന്നു. ഇതുമൂലം പദ്ധതിയുടെ ഫലങ്ങൾ യഥാർത്ഥ ഗുണഭോക്താക്കളിലേക്ക് എത്തുന്നില്ല.

മൃഗസംരക്ഷണ പദ്ധതികളുടെ നടത്തിപ്പ് ചുമതല ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക്

ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിൽ, ശാരീരികമായ വെല്ലുവിളികൾ നേരിടുന്നവർക്ക് വരുമാനമാർഗ്ഗം എന്ന നിലയിൽ 2011-12 ൽ മുയൽ വിതരണം, 2012-13-ൽ ആട്ടുവിതരണം എന്നീ പദ്ധതികൾ നടപ്പാക്കി. 138 ഗുണഭോക്താക്കൾക്ക് 552 മുയലുകളെ വിതരണം ചെയ്യാൻ 1,87,850/- രൂപ, 50 ആടുകളെ വിതരണം ചെയ്യാൻ 1,50,000/- രൂപ എന്നിങ്ങനെ ഗ്രാമപഞ്ചായത്ത് തുക ചെലവഴിച്ചു. എന്നാൽ മൃഗസംരക്ഷണ മേഖലയുമായി യാതൊരു ബന്ധവുമില്ലാത്ത ഐ.സി.ഡി.എസ് സൂപ്പർവൈസറെയാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല ഏൽപ്പിച്ചത്. വിതരണം ചെയ്ത മൃഗങ്ങളുടെ ആരോഗ്യം, ഗുണമേന്മ എന്നിവ വെറ്ററിനറി സർജൻ പരിശോധിച്ച് ബോധ്യപ്പെട്ടതായി കാണുന്നില്ല. പദ്ധതിയുടെ തുടർപ്രവർത്തനം ശരിയായി വിലയിരുത്താത്തതിനാൽ ഭൗതികലക്ഷ്യം പൂർത്തീകരിച്ചതിന്റെ വിവരങ്ങളും ലഭ്യമല്ല.

86 ശതമാനം കുടുംബങ്ങളും ക്ഷീരമേഖലയിൽ; മുൻഗണന മറ്റു മേഖലയ്ക്ക്

ഇടുക്കി ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ (2826) 42 ശതമാനത്തിലേറെ (1210) മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. എന്നാൽ 2011-12-ൽ ആകെ പദ്ധതി വിഹിതത്തിന്റെ (1,36,31,532/- രൂപ) കേവലം 9.30 ശതമാനം മാത്രമാണ് (12,67,760/- രൂപ) മൃഗസംരക്ഷണ മേഖലയിൽ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിരിക്കുന്നത്. 2012-13-ൽ ഇത് 4.67 ശതമാനവും, 2013-14-ൽ 2.39 ശതമാനവും മാത്രമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.7.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

74. കർഷകരെ സാമ്പത്തികമായി മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും എന്നാൽ മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃ വിഹിതം അടച്ചവർ ആനുകൂല്യം കൈപ്പറ്റുന്നതിന് തയ്യാറാകാത്തതാണ് പദ്ധതി തുക ചെലവഴിക്കാൻ സാധിക്കാത്തതിന് കാരണമെന്നും വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

75. ഗ്രാമസഭ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എങ്ങനെയാണെന്ന സമിതിയുടെ ചോദ്യത്തിന്, ഗ്രാമസഭയിൽ വിവിധ പദ്ധതികൾക്കായി സമർപ്പിക്കുന്ന അപേക്ഷയിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതെന്നും ടി ഗുണഭോക്താക്കൾ അവരുടെ വിഹിതം അടയ്ക്കാത്തതുമൂലമുണ്ടായ വിഷയമാണിതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ വ്യക്തമാക്കി. പ്രോജക്ട് രൂപീകരിച്ച സമയത്തുതന്നെ ഫണ്ട് വകയിരുത്തിയിരുന്നുവെന്നും തുടർന്ന് അപേക്ഷ ക്ഷണിക്കുന്ന സമയത്ത് ധാരാളം

ഗുണഭോക്താക്കൾ സന്നദ്ധരാകുമെങ്കിലും ആനുകൂല്യം വിതരണം ചെയ്യുന്ന സമയത്ത് അപേക്ഷ സമർപ്പിച്ചവരുൾപ്പെടെ ഗുണഭോക്തൃ വിഹിതം നൽകാൻ തയ്യാറാകാത്ത സ്ഥിതിയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

76. തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ തുക അടയ്ക്കാൻ തയ്യാറാകാത്തപക്ഷം മുൻഗണനാ പട്ടികയിലുൾപ്പെടാത്ത ഗുണഭോക്താക്കളെ പദ്ധതിയിലുൾപ്പെടുത്താൻ സാധിക്കില്ലേ എന്ന് സമിതി ആരാഞ്ഞതിന്, അത്തരം സന്ദർഭങ്ങളിൽ താല്പര്യമുള്ള ഗുണഭോക്താക്കളോട് വിഹിതം അടയ്ക്കുവാൻ ആവശ്യപ്പെടുമെങ്കിലും കുറച്ചുപേർ മാത്രം സന്നദ്ധത പ്രകടിപ്പിക്കുന്നതിനാൽ തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കില്ലെന്നും ആവർത്തന സ്വഭാവമുള്ള പ്രോജക്ടുകളാണ് നടപ്പിലാക്കുന്നതെന്നും ആട്, മുട്ടക്കോഴി, മുയൽ വിതരണം തുടങ്ങിയ പ്രോജക്ടുകൾ കുറേ വർഷങ്ങളായി നടപ്പിലാക്കി കൊണ്ടിരിക്കുകയാണെന്നും കർഷകരുടെ ആവശ്യങ്ങൾക്കനുസൃതമായ പദ്ധതികൾ രൂപീകരിക്കുന്നില്ലെന്നും ഒരു വർഷത്തെ പ്രോജക്ട് എന്നതിനുപകരം അഞ്ച് വർഷത്തേയ്ക്കുതകുന്ന തരത്തിലുള്ള പ്ലാൻ തയ്യാറാക്കുന്നതാണ് ഉചിതമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ വിശദീകരിച്ചു.

77. ജോയിന്റ് ഡയറക്ടർ ഉന്നയിച്ച ആവശ്യം പ്രധാനപ്പെട്ടതാണെന്നും ഇക്കാര്യം സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖയിൽ വ്യക്തമാക്കണമെന്നും ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത് ഫണ്ട് ലാപ്സാകുന്നതിന് കാരണമാകുമെന്നും ആവർത്തനസ്വഭാവമുള്ള പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖയിൽ മാറ്റം വരുത്തേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടപ്പോൾ ഇക്കാര്യം പരിശോധിക്കാം എന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു. തുടർന്ന് പരാമർശം സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, ലഭിച്ചിട്ടില്ല എന്ന് ജില്ലാ ഓഡിറ്റ് ഓഫീസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകിയപ്പോൾ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

78. കുമളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

79. ഭിന്നശേഷിക്കാർക്ക് വരുമാനമാർഗ്ഗം കണ്ടെത്തുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണെന്നും നിലവിൽ ഇത്തരം പദ്ധതികൾ പൂർണ്ണമായും വെറ്ററിനറി സർജനാണ് നടപ്പിലാക്കുന്നതെന്നും കാമാക്ഷി ഗ്രാമപഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ് അറിയിച്ചു. വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

80. ക്ഷീരമേഖലയിൽ ചെലവഴിച്ച തുകയിലെ കുറവ് സംബന്ധിച്ചാണ് പരാമർശമെന്നും മുൻപിലത്തെ രണ്ട് സാമ്പത്തിക വർഷങ്ങളിൽ ടി പദ്ധതിക്കായി തുക ചെലവഴിച്ചിട്ടുണ്ടെന്നും ആലക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

81. ഓഡിറ്റ് പരാമർശം പരിഗണിക്കവേ മൃഗസംരക്ഷണ / ക്ഷീരവികസന മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പലപ്പോഴും ആവർത്തന സ്വഭാവമുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും കർഷകരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള പദ്ധതികൾ രൂപീകരിക്കുന്നില്ലെന്നും ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ നൽകിയ വിശദീകരണത്തിൽ നിന്നും സമിതി മനസിലാക്കുന്നു. ആവർത്തന സ്വഭാവമുള്ള പദ്ധതികൾ നടപ്പിലാക്കുന്നത് ഫണ്ട് ലാപ്സാകുന്നതിന് കാരണമാകുമെന്നതിനാൽ പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖയിൽ തദനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. കൂടാതെ ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

82. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കുമളി, കാമാക്ഷി, ആലക്കോട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മൃഗസംരക്ഷണ/ക്ഷീരവികസന മേഖലയിലെ ചെലവഴിക്കലുകൾ തൃപ്തികരമല്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

മൃഗസംരക്ഷണ/ക്ഷീരവികസന മേഖലകളിൽ പദ്ധതികൾ നാമമാത്രം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതികൾക്ക് രൂപം നൽകുമ്പോൾ മൃഗസംരക്ഷണ/ക്ഷീരവികസന മേഖലയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല. നാമമാത്രമായ പദ്ധതികൾ മാത്രമാണ് ഈ മേഖലയിൽ വിഭാവനം ചെയ്യുന്നതും നടപ്പാക്കുന്നതും. പദ്ധതികൾ മിക്കവയും മുൻവർഷങ്ങളുടെ ആവർത്തനമോ, അനുകരണമോ മാത്രമാണ്. നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി മൃഗസംരക്ഷണ മേഖലയ്ക്ക് പുത്തനുണർവ് നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല.

പദ്ധതി നടത്തിപ്പിലെ കാര്യക്ഷമതയിൽ തദ്ദേശ സ്ഥാപനങ്ങൾ പിന്നിൽ

മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങളും, മൃഗസംരക്ഷണ വകുപ്പുമാണ്. മൃഗസംരക്ഷണ മേഖലയുടെ ഉന്നമനത്തിനായി കൂടുതൽ തുക വകകൊള്ളിക്കുകയും ചെലവഴിക്കുകയും ചെയ്യുന്നത് തദ്ദേശസ്ഥാപനങ്ങൾ ആണെങ്കിലും, പദ്ധതി നടത്തിപ്പിലെ കാര്യക്ഷമതയിൽ മൃഗസംരക്ഷണ വകുപ്പാണ് മുന്നിൽ. ഓരോ വർഷവും പദ്ധതികൾക്കായി വകയിരുത്തുന്ന തുകകൾ മുഴുവനായി ചെലവഴിക്കാൻ മൃഗസംരക്ഷണ വകുപ്പിന് കഴിയുന്നു. എന്നാൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ഇതിന് കഴിയുന്നില്ല.

കാമാക്ഷി ഗ്രാമപഞ്ചായത്ത് (ഇടുക്കി ജില്ല)

വർഷം	ഗ്രാമപഞ്ചായത്ത്			മൃഗസംരക്ഷണ വകുപ്പ്		
	പദ്ധതികൾ	വകയിരുത്തിയ തുക	ചെലവഴിച്ച തുക	പദ്ധതി കൾ	വകയിരുത്തിയ തുക	ചെലവഴിച്ച തുക
2011-12	3	2,84,207	2,52,140	5	5,10,700	5,10,700
2012-13	2	8,75,000	6,39,424	2	68,800	68,800
2013-14	4	7,72,729	6,84,255	1	15,000	15,000

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.7.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

83. കാമാക്ഷി ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണ/ക്ഷീരവികസന മേഖലകളിൽ പദ്ധതികൾ നാമമാത്രം എന്ന ഓഡിറ്റ് പരാമർശം ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

84. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കാമാക്ഷി ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണ/ക്ഷീരവികസന മേഖലകളിൽ പദ്ധതികൾ നാമമാത്രം എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

കന്നുകാലികളുടെ എണ്ണം ഗണ്യമായി കുറയുന്നു

ഏറ്റവും ഒടുവിൽ നടന്ന 2012 ലെ കന്നുകാലി കനേഷുമാരി പ്രകാരം കേരളത്തിൽ കന്നുകാലികളുടെ എണ്ണം ഗണ്യമായി കുറയുന്നതാണ് കാണുന്നത്. 2007 ലെ 18-ാമത് കന്നുകാലി കാനേഷുമാരി പ്രകാരം കേരളത്തിൽ 35,87,371 കന്നുകാലികളും 1,30,93,548 വളർത്തു പക്ഷികളുമാണുണ്ടായിരുന്നത്. എന്നാൽ 2012 ലെ 19-ാമത് കന്നുകാലി കാനേഷുമാരി പ്രകാരം ഇവയുടെ എണ്ണം യഥാക്രമം 27,35,162 ഉം 2,42,81,928 മാണ്. കന്നുകാലികളുടെ എണ്ണത്തിൽ കുറവും പക്ഷികളുടെ എണ്ണത്തിൽ വർദ്ധനവുമാണ് കാണുന്നത്.

കേരളത്തിൽ ഏറ്റവും കൂടുതൽ പക്ഷിമൃഗാദികൾ എറണാകുളം ജില്ലയിലും കുറവ് വയനാട് ജില്ലയിലുമാണ്. ഏറ്റവും കൂടുതൽ കന്നുകാലികൾ പാലക്കാടും, കുറവ് വയനാട്ടിലുമാണ്. പക്ഷികൾ ഏറ്റവും കൂടുതൽ എറണാകുളത്തും കുറവ് വയനാട്ടിലും. മൃഗസംരക്ഷണ വകുപ്പ്

പുറത്തിറക്കിയ ഇടുക്കി ജില്ലയുമായി ബന്ധപ്പെട്ട ഏറ്റവും പുതിയ കന്നുകാലി കാനേഷുമാരി (2012) യുടെ വിവരം (പട്ടിക-1)ലും, 18-ാമത് കന്നുകാലി കാനേഷുമാരിയുടെ വിവരം (പട്ടിക-2)ലും ചുവടെ ചേർക്കുന്നു. കന്നുകാലികൾ എന്നതിൽ പശു, ആട്, എരുമ, പന്നി, ചെമ്മരിയാട് എന്നിവ ഉൾപ്പെടുന്നു. പക്ഷികൾ എന്നതിൽ താറാവുകളും കോഴികളും ഉൾപ്പെടുന്നു.

പട്ടിക 1 - കേരളത്തിലെ 2012 ലെ കന്നുകാലി കാനേഷുമാരി

ക്രമ നം.	ജില്ല	കന്നുകാലികൾ	പക്ഷികൾ	ആകെ
1	ഇടുക്കി	206222	527015	733237

പട്ടിക 2 - കേരളത്തിലെ 2007 ലെ കന്നുകാലി കാനേഷുമാരി

ക്രമ നം.	ജില്ല	കന്നുകാലികൾ	പക്ഷികൾ	ആകെ
1	ഇടുക്കി	319097	609986	929083

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.7.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

85. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് അംഗീകരിച്ച്, കന്നുകാലികളുടെ എണ്ണം ഗണ്യമായി കുറയുന്നു എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

86. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കന്നുകാലികളുടെ എണ്ണം ഗണ്യമായി കുറയുന്നു എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

മൃഗസംരക്ഷണ/ക്ഷീരവികസന മേഖലയിലെ കർമ്മസമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല

മൃഗസംരക്ഷണ/ക്ഷീരവികസന മേഖലയുടെ പുരോഗതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഈ മേഖലക്കായി പ്രവർത്തിക്കുന്ന കർമ്മസമിതികൾക്ക് വലിയ പങ്കുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും, സബ്സിഡിയും, അനുബന്ധവിഷയങ്ങളും സംബന്ധിച്ച ജി.ഒ(എം.എസ്)225/2012/തസ്വഭവ 18.08.2012, 16.11.2013 ലെ ജി.ഒ(എം.എസ്)362/2013 തസ്വഭവ പ്രകാരമുള്ള മാർഗ്ഗരേഖകളിൽ കർമ്മസമിതികളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നുണ്ട്. പ്രോജക്ട് നിർദ്ദേശങ്ങൾ യഥാസമയം

തയ്യാറാക്കി സമർപ്പിക്കുക, പദ്ധതിരേഖയിൽ ഉൾപ്പെടുത്താനാവശ്യമായ വിവരങ്ങൾ തയ്യാറാക്കി നൽകുക, പ്രോജക്ടുകൾ രൂപീകരിക്കാനുള്ള നിർദ്ദേശങ്ങൾ സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് നൽകുക, നടപ്പാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുക എന്നിവയാണ് കർമ്മസമിതികളുടെ പ്രധാന ചുമതലകൾ. എന്നാൽ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ മൃഗസംരക്ഷണ/ക്ഷീരവികസന മേഖലയിലെ കർമ്മസമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല എന്നാണ് ഓഡിറ്റ് നടത്തിയ പഠനങ്ങളിൽ വ്യക്തമാകുന്നത്. ഇതുമൂലം മൃഗസംരക്ഷണ മേഖലയിൽ ക്രിയാത്മകമായ പദ്ധതികൾക്ക് രൂപം നൽകി നടപ്പാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല.

ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിൽ മൃഗസംരക്ഷണ/ക്ഷീരവികസന മേഖലയിലെ കർമ്മസമിതിയുടെ രൂപീകരണം, പ്രവർത്തനങ്ങൾ എന്നിവ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. കുമളി ഗ്രാമപഞ്ചായത്തിലും കർമ്മസമിതിയുടെ വിവരങ്ങൾ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.7.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

87. മൃഗസംരക്ഷണ/ക്ഷീരവികസന മേഖലയിലെ കർമ്മസമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞു. കർമ്മസമിതികൾ രൂപീകരിച്ച് നല്ല രീതിയിൽ പ്രവർത്തനം നടന്നുവരികയാണെന്ന് വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ക്ഷീരമേഖലയിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കാത്തത് എന്തുകൊണ്ടാണെന്ന സമിതിയുടെ ചോദ്യത്തിന്, കർമ്മസമിതികൾ പഴയതുപോലെ ഫലപ്രദമായ പ്രവർത്തനം നടത്തുന്നില്ലെന്നും പലപ്പോഴും ഏതെങ്കിലും ഉദ്യോഗസ്ഥരുടെ ഉപദേശപ്രകാരമായിരിക്കും പദ്ധതികൾ രൂപീകരിക്കുന്നതെന്നും ക്ഷീരമേഖലയിലുള്ളവരുമായി ചർച്ച നടത്തിയിരുന്നെങ്കിൽ നൂതനമായ ആശയങ്ങൾ രൂപപ്പെടുമായിരുന്നുവെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജോയിന്റ് ഡയറക്ടർ മറുപടി വ്യക്തമാക്കി.

88. കാലഘട്ടത്തിനനുസൃതവും നൂതനവും പഞ്ചായത്തുകൾക്ക് അനുയോജ്യവുമായ പദ്ധതികളായിരിക്കണം ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതെന്നും ഇക്കാര്യത്തിൽ കാര്യക്ഷമമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ടെന്നും അഭിപ്രായപ്പെട്ട സമിതി, പരാമർശവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് നിർദ്ദേശിച്ചു.

89. ഓഡിറ്റ് വകുപ്പിൽനിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുമളി പഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

90. കാലഘട്ടത്തിനനുസൃതവും നൂതനവും പഞ്ചായത്തുകൾക്ക് അനുയോജ്യവുമായ പദ്ധതികളായിരിക്കണം ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതെന്നും ഇക്കാര്യത്തിൽ കാര്യക്ഷമമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു. കൂടാതെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിൽ മൃഗസംരക്ഷണ/ക്ഷീരവികസന മേഖലയിലെ കർമ്മസമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദേശിക്കുന്നു.

91. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കുമളി പഞ്ചായത്തിൽ മൃഗസംരക്ഷണ/ക്ഷീരവികസന മേഖലയിലെ കർമ്മസമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

തൊഴുത്ത് നിർമ്മാണത്തിനു വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല

മൃഗപരിപാലനത്തിന് ഒഴിച്ചുകൂടാനാവത്തതാണ് വൃത്തിയുള്ളതും സൗകര്യപ്രദവും ശാസ്ത്രീയമായി നിർമ്മിച്ചതുമായ തൊഴുത്തുകൾ. കാലികളുടെ ആരോഗ്യരക്ഷയ്ക്കും ഉൽപ്പന്നങ്ങളുടെ ശുചിത്വപൂർണ്ണമായ സംസ്കരണത്തിനും, ശാസ്ത്രീയ മൃഗപരിപാലനത്തിനും ആധുനിക സൗകര്യങ്ങളോടുകൂടിയ തൊഴുത്ത് അത്യാവശ്യമാണ്. യഥേഷ്ടം സൂര്യപ്രകാശം ലഭിക്കുന്നതും വായുസഞ്ചാരവും ഉയർന്ന മേൽക്കൂരയുമുള്ള തുറന്ന തൊഴുത്തുകളാണ് പശുക്കൾക്ക് അഭിലക്ഷണീയമായിട്ടുള്ളത്. ഒരു വലിയ പശുവിന് 1.7 മീറ്റർ നീളവും 1.2 മീറ്റർ വീതിയുമുള്ള സ്ഥലം തൊഴുത്തിൽ ആവശ്യമാണ്. വൃത്തിയുള്ള തൊഴുത്തുകൾ കന്നുകാലികളുടെ ആരോഗ്യ സംരക്ഷണത്തിനും ശുചിത്വമേറിയ പാലുൽപാദനത്തിനും അനിവാര്യമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള 12-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖാ ജി.ഒ. (എം.എസ്) 248/2012 തസ്വഭവ 29.09.2012 പ്രകാരം പുതിയ തൊഴുത്ത് നിർമ്മാണത്തിന് പൊതുവിഭാഗത്തിന് 50% നിരക്കിലും (പരമാവധി 10,000/-രൂപ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 75% നിരക്കിലും (പരമാവധി 15,000/-രൂപ) സബ്സിഡി അനുവദിക്കാവുന്നതാണ്.

ബി.പി.എൽ പട്ടികയിലുള്ളവർ, കുടുംബവാർഷിക വരുമാനം 25,000/-രൂപയിൽ കവിയാത്ത നാമമാത്ര/ചെറുകിട കർഷകർ/ക്ഷീരകർഷകർ, നിലവിൽ തൊഴുത്തില്ലാത്തവർ, വിധവകൾ, വികലാംഗർ, ക്ഷീരസംഘത്തിൽ പാൽ അളക്കുന്നവർ, മൃഗപരിപാലനം മുഖ്യതൊഴിലായിട്ടുള്ളവർ എന്നിവർക്കാണ് സാമ്പത്തിക സഹായം നൽകുന്നത്.

എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൃഗസംരക്ഷണ മേഖലയിലെ തൊഴുത്ത് നിർമ്മാണത്തിന് കാര്യമായ പരിഗണന നൽകുന്നില്ല.

തൊഴുത്തുകളുടെയും കൂടുകളുടെയും കൃത്യമായ കണക്കുകൾ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും സൂക്ഷിക്കുന്നില്ല. കൃത്യമായ കണക്കുകളുടെ അഭാവത്തിൽ പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും പാളിച്ചകൾ സംഭവിക്കുന്നുണ്ട്.

തൊഴുത്തുകളുടെ അവസ്ഥ ശോചനീയം

കാലിത്തൊഴുത്തുകൾ മിക്കതും അശാസ്ത്രീയമായ രീതിയിലാണ് സ്ഥാപിച്ചിരിക്കുന്നത്. മതിയായ വായു സഞ്ചാരമില്ലാതെയും, മാലിന്യസംസ്കരണത്തിന് ശരിയായ സംവിധാനമില്ലാതെയും, ആരോഗ്യകരമല്ലാത്ത അവസ്ഥയിലാണ് കാലികളെ വളർത്തുന്നത്. സബ്സിഡി തുക പ്രയോജനപ്പെടുത്താത്ത ക്ഷീരകർഷകരുമുണ്ട്.

ഇടുക്കി ജില്ല

93% പേരും കാലിവളർത്തലിൽ ഏർപ്പെടുന്ന പഞ്ചായത്താണ് ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്ത്. എന്നാൽ അതനുസരിച്ചുള്ള തൊഴുത്തോ കൂടോ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്ന് യാതൊരു വിധ സഹായവും നൽകി കാണുന്നില്ല. മിക്ക തൊഴുത്തുകളുടെയും മേൽക്കൂര ശരിയായ രീതിയിൽ സജ്ജമാക്കിയിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.7.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

92. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് കാമാക്ഷി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

93. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാമാക്ഷി ഗ്രാമപഞ്ചായത്തിൽ തൊഴുത്ത് നിർമ്മാണത്തിന് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

മൃഗങ്ങളുടെ രോഗചികിത്സ, പ്രതിരോധം, ആരോഗ്യപരിപാലനം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല

കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് (1)-ാം ഉപവകുപ്പ് 3-ാം പട്ടിക, 172-ാം വകുപ്പ് (1)-ാം ഉപവകുപ്പ് 4-ാം പട്ടിക, 173-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, 5-ാം പട്ടിക, കേരള മുനിസിപ്പൽ ആക്ട് 30(1)-ാം വകുപ്പ് 1-ാം പട്ടിക എന്നിവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെട്ടതാണ് മൃഗസംരക്ഷണവും ക്ഷീരോൽപ്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും രോഗപ്രതിരോധ പരിപാടികളും.

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ 18.09.95 ലെ ജി.ഒ.(പി) 189/95 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. സംസ്ഥാനത്ത് 14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളും, 47 വെറ്ററിനറി പോളിക്ലിനിക്കുകളും, 210 വെറ്ററിനറി ആശുപത്രികളും, 857 വെറ്ററിനറി ഡിസ്പൻസറികളും, 1259 ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങളും മൃഗങ്ങളുടെ ആരോഗ്യപരിപാലനത്തിനായി പ്രവർത്തിക്കുന്നുണ്ട്.

മൃഗങ്ങളുടെ ആരോഗ്യത്തിനും വളർച്ചയ്ക്കും, പാലുൽപ്പാദനത്തിനും പ്രത്യുൽപ്പാദനത്തിനും രോഗപ്രതിരോധ പ്രവർത്തനവും ചികിത്സയും അത്യന്താപേക്ഷിതമാണ്.

എന്നാൽ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മൃഗചികിത്സ, രോഗപ്രതിരോധം, ആരോഗ്യ പരിപാലനം എന്നീ ചുമതലകൾ കാര്യക്ഷമവും ഫലപ്രദവുമായി നിറവേറ്റുവാൻ പര്യാപ്തമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടില്ല.

മൃഗാശുപത്രികളിൽ മരുന്നുകൾ അപര്യാപ്തം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി ഇടപെടുന്നില്ല

രോഗചികിത്സ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, മരുന്നുവിതരണം എന്നീ സേവനങ്ങൾ പൂർണ്ണമായും സമയബന്ധിതമായും വെറ്ററിനറി ആശുപത്രികൾ മുഖേന നിർവ്വഹിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല. മൃഗസംരക്ഷണ വകുപ്പ് ലഭ്യമാക്കുന്ന മരുന്നുകളാണ് പ്രധാനമായും മൃഗാശുപത്രികൾക്ക് ആശ്രയം. പല സന്ദർഭങ്ങളിലും ഇവ അപര്യാപ്തമാണ്. യഥാസമയം മരുന്നുകൾ ലഭ്യമല്ലാത്തതിനാൽ പലപ്പോഴും അവ പുറത്തുനിന്നു വാങ്ങേണ്ടി വരുന്നതായി കർഷകർ അറിയിക്കുന്നു.

മൃഗപരിപാലന രംഗത്ത് കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളിയാണ് വിവിധതരം സാംക്രമിക രോഗങ്ങൾ. എന്നാൽ മൃഗചികിത്സയ്ക്ക് ആവശ്യമായ മരുന്നുകളും രോഗപ്രതിരോധ

പ്രവർത്തനങ്ങൾക്കുള്ള വാക്സിനുകളും വിതരണം ചെയ്യുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി ഇടപെടുന്നില്ല.

മൃഗാശുപത്രികൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കും മരുന്നുവാങ്ങൽ പദ്ധതികൾക്കായി യാതൊരുവിധ സാമ്പത്തിക സഹായവും അവലോകന കാലയളവിൽ (2011-12 മുതൽ 2013-14 വരെ) ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.7.9)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

94. മൃഗങ്ങളുടെ രോഗചികിത്സ, പ്രതിരോധം, ആരോഗ്യപരിപാലനം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല, മൃഗാശുപത്രികളിൽ മരുന്നുകൾ അപര്യാപ്തം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി ഇടപെടുന്നില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

95. മൃഗങ്ങളുടെ രോഗചികിത്സ, പ്രതിരോധം, ആരോഗ്യപരിപാലനം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല, മൃഗാശുപത്രികളിൽ മരുന്നുകൾ അപര്യാപ്തം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി ഇടപെടുന്നില്ല എന്നീ ഓഡിറ്റ് പരാമർശങ്ങളിന്മേൽ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

ക്ഷീരോൽപാദക മേഖലയിൽ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1976 ൽ ആരംഭിച്ച പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി മൃഗസംരക്ഷണ വകുപ്പിന്റെ പ്രധാന പദ്ധതികളിലൊന്നാണ്. 4 മുതൽ 6 മാസം വരെ പ്രായമുള്ള സങ്കരയിനം കന്നുകുട്ടികളെ തിരഞ്ഞെടുത്ത് 4 മാസം മുതൽ പരമാവധി 32 മാസം വരെ അതാത് പ്രായത്തിൽ നൽകേണ്ട പോഷകസമൃദ്ധമായ കാലിത്തീറ്റ നൽകി ഗർഭധാരണത്തിനുള്ള പ്രായം 24 മാസമായി ചുരുക്കിയെടുക്കുകയും അതുവഴി പാൽ ഉൽപാദനം വർദ്ധിപ്പിക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. സ.ഉ.ജി.ഒ(എം.എസ്)നം. 307/97/എ.ഡി. തീയതി 27.11.1997 പ്രകാരം മൃഗസംരക്ഷണ വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ ജില്ലാ പഞ്ചായത്തുകൾ വഴി നടപ്പിലാക്കിയിരുന്ന പദ്ധതി ജി.ഒ(എം.എസ്)നം.11/2001/എ.ഡി. തീയതി 20.01.2001 പ്രകാരം തദ്ദേശഭരണ

സ്ഥാപനങ്ങളുടെയും ക്ഷീരോൽപാദക സഹകരണ സംഘങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പാക്കി വരുന്നു. 2012-13 മുതൽ ജി.ഒ(ആർ.ടി)1572/എ.ഡി. തീയതി 31.07.2012 പ്രകാരം മാർഗ്ഗരേഖ പരിഷ്കരിച്ചിട്ടുണ്ട്.

പദ്ധതി മാർഗ്ഗനിർദ്ദേശം പാലിക്കപ്പെടുന്നില്ല

പഠനം നടത്തിയ ഭൂരിഭാഗം തദ്ദേശഭരണ സ്ഥാപനങ്ങളിലും ജി.ഒ.(എം.എസ്)നം.11/2001/എ.ഡി തീയതി 20.01.2001-ൽ അനുശാസിക്കും പ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് പരിശീലനം നൽകുകയോ, ഗോരക്ഷാ ക്യാമ്പ് നടത്തുകയോ ചെയ്യുന്നില്ല എന്ന് ബോധ്യപ്പെട്ടു.

ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിൽ കർഷകർക്ക് പരിശീലനം നൽകുകയോ ഗോരക്ഷാ ക്യാമ്പുകൾ നടത്തുകയോ ചെയ്തിട്ടില്ല.

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
ആവിഷ്കരിക്കുക പോലും ചെയ്യാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ

പാലുല്പാദന രംഗത്ത് ശ്രദ്ധേയമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ട് തയ്യാറാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കാൻ പോലും തയ്യാറാക്കാത്ത ധാരാളം തദ്ദേശഭരണ സ്ഥാപനങ്ങൾ ഉണ്ട്.

ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്ത് പഠനം നടത്തിയ മൂന്നുവർഷങ്ങളിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല. വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പ് നേരിട്ടാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി – വിനിയോഗിക്കാതെ കോടികൾ

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി ലഭിച്ച തുകയിൽ കോടിക്കണക്കിന് രൂപ പദ്ധതിയുടെ നടത്തിപ്പ് ചുമതലയുള്ള ജില്ലാ അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിൽ അവശേഷിക്കുന്നതായി ഇടുക്കി ജില്ലയുടെ കണക്കിൽ നിന്നും വ്യക്തമാകുന്നു. പ്രസ്തുത വിവരം ചുവടെ ചേർക്കുന്നു.

ജില്ല	വർഷം	ലഭിച്ച തുക			ചെലവഴിച്ച തുക			അവശേഷിക്കുന്ന തുക		
		ഗ്രാമപഞ്ചായത്ത് വിഹിതം	സംസ്ഥാന വിഹിതം	ഗുണഭോക്തൃ വിഹിതം	ഗ്രാമപഞ്ചായത്ത് വിഹിതം	സംസ്ഥാന വിഹിതം	ഗുണഭോക്തൃ വിഹിതം	ഗ്രാമ പഞ്ചായത്ത് വിഹിതം	സംസ്ഥാന വിഹിതം	ഗുണഭോക്തൃ വിഹിതം
ഇടുക്കി	2011-12	7217000 + 7918000 (മുന്നിരിപ്പ്)	1068000 + (53997 മുന്നിരിപ്പ്)	10437666	8361249	4366824	10437666	6773751	2100966	ഇല്ല
	2012-13	4320000	13306170	12164067	6495218	5291400	12164067	4598533	10115737	ഇല്ല
	2013-14	5937500	12614750	10769882	6293725	5703308	10769882	4242308	17027178	ഇല്ല

കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നില്ല

ഗുണനിലവാരമില്ലാത്ത കാലിത്തീറ്റ ദോഷമുണ്ടാക്കുമെന്നതിനാൽ കർഷകർക്ക് വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള പരിശോധനാ സംവിധാനം ഉണ്ടാകേണ്ടതുണ്ട്. പഠനം നടത്തിയ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഭൂരിഭാഗത്തിലും കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നില്ല.

ഇടുക്കി ജില്ലയിലെ ആലക്കാട്, കുമളി ഗ്രാമപഞ്ചായത്തുകളിൽ കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.7.12)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

96. ഓഡിറ്റ് വകുപ്പിൽനിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുമളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

97. ഓഡിറ്റ് വകുപ്പിൽനിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാമാക്ഷി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

98. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കുവേണ്ടി ആവശ്യമായ തുക ഒടുക്കുന്നില്ല എന്നതാണ് ഓഡിറ്റ് പരാമർശമെന്നും ആകെയുള്ള പ്രോജക്ടുകളിൽ നിന്നും ഒരു പ്രത്യേക പ്രോജക്ട് ഏറ്റെടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും അത്തരത്തിലാണോ പദ്ധതി തിരഞ്ഞെടുക്കുന്നതെന്നും സമിതി ആരാഞ്ഞതിന് പ്രത്യേക പദ്ധതി ഏറ്റെടുക്കണമെന്ന നിർദ്ദേശമൊന്നുമില്ലെന്നും എല്ലാവർഷവും ഏറ്റെടുക്കേണ്ട പ്രോജക്ടാണ് എസ്.എൽ.ബി.പി. എന്നും വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

99. തദ്ദേശസ്വയംഭരണ-മൃഗസംരക്ഷണ വകുപ്പുകൾ, കൃഷിഭവനുകൾ എന്നിവയുടെ പങ്കാളിത്തത്തോടെ നല്ല രീതിയിലാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ ബോധിപ്പിച്ചു. മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ പദ്ധതി നടപ്പാക്കുന്നതിൽ പഞ്ചായത്തിന് സംഭവിച്ച അപാകതയാണ് ഓഡിറ്റ് ചൂണ്ടിക്കാണിച്ചതെന്ന് സമിതി സൂചിപ്പിച്ചു. കന്നുകുട്ടി പരിപാലന പദ്ധതി എല്ലാ വർഷവും നിർബന്ധമായും നടപ്പിലാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞു. ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായാണ് പദ്ധതി നടത്തുന്നതെന്നും മാൻഡേറ്ററി പ്രോജക്ട് ആകണമെന്നില്ലെന്നും സാധാരണ ഗതിയിൽ ലോക്കൽബോഡി ഏറ്റെടുക്കേണ്ട പദ്ധതികളാണ് കൃഷിയും മൃഗസംരക്ഷണവും മറ്റുമെന്നും ഇടുക്കി ജില്ലാ ഓഡിറ്റ് ഓഫീസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ വ്യക്തമാക്കി.

100. ഓഡിറ്റിന്റെ ഗൈഡ്‌ലൈൻ അനുസരിച്ച് മാൻഡേറ്ററി പദ്ധതികൾ പഞ്ചായത്ത് നടപ്പിലാക്കുന്നില്ലെന്ന പരാമർശമുണ്ടെന്നും ആയത് സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്നും സമിതി ആരാഞ്ഞതിന്, പദ്ധതി മാൻഡേറ്ററി അല്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ല

ജോയിന്റ് ഡയറക്ടർ അറിയിച്ചു. പ്രസ്തുത പദ്ധതിക്കായി പഞ്ചായത്ത് തുക അടച്ചുകഴിഞ്ഞാൽ ആയത് നടപ്പിലാക്കേണ്ട ചുമതല മൃഗസംരക്ഷണ വകുപ്പിനാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

101. കന്നുകുട്ടി പരിപാലന പദ്ധതി രണ്ട് വകുപ്പുകളും പഞ്ചായത്തുമായി യോജിച്ചുകൊണ്ട് നടപ്പിലാക്കാവുന്നതാണെന്നും പദ്ധതിയിൽ ആര് ഉത്തരവാദിത്തം വഹിക്കുമെന്നുള്ളത് വകുപ്പുമായി ബന്ധപ്പെട്ട വിഷയമാണെന്നും പഞ്ചായത്ത് ഇക്കാര്യം പെർസ്യൂ ചെയ്ത് പദ്ധതി നടപ്പിലാക്കാൻ മുൻകയ്യെടുക്കുക എന്നുള്ളതാണ് ജോയിന്റ് ഡയറക്ടറുടെ ചുമതലയെന്നും ടി പദ്ധതിക്കായി സർക്കാർ നൽകിയ തുക ചെലവഴിക്കാതിരിക്കുന്നത് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്നും സമിതി വ്യക്തമാക്കി. മൃഗസംരക്ഷണ വകുപ്പാണ് പദ്ധതി നടപ്പിലാക്കാൻ മുൻകയ്യെടുക്കേണ്ടതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ല ജോയിന്റ് ഡയറക്ടർ വ്യക്തമാക്കി. വിഷയത്തിൽ മൃഗസംരക്ഷണ വകുപ്പുമായി ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇത് മൊത്തം ജില്ലയിലും നിലനിൽക്കുന്നതാണോ അതോ ഇടുക്കി ജില്ലയിലെ മാത്രം വിഷയമാണോയെന്നുള്ളത് പരിശോധിക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ബോധിപ്പിച്ചു.

102. പദ്ധതി ഇപ്പോഴും നടപ്പിലാക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞു. നിലവിൽ തുടർന്നുകൊണ്ടിരിക്കുന്ന പദ്ധതിയാണെന്നും ചെറിയ കന്നുകുട്ടികളെ തിരഞ്ഞെടുത്ത് രണ്ടുമൂന്ന് വർഷത്തേയ്ക്ക് കാലിത്തീറ്റയും പോഷകാഹാരവും നൽകുന്ന പദ്ധതിയാണിതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ അറിയിച്ചു. വെറ്ററിനറി ഡിപ്പാർട്ടുമെന്റിൽ ഫണ്ടുണ്ടെങ്കിൽ പഞ്ചായത്ത് മുഖാന്തരം പദ്ധതികൾ നടപ്പിലാക്കാനുള്ള മുൻഗണന തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. വെറ്ററിനറി വകുപ്പിന് ഫണ്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനെ അറിയിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ വ്യക്തമാക്കി.

103. ഇത്തരം പദ്ധതിക്കായി ഫണ്ട് അനുവദിച്ചാൽ പോലും വകുപ്പുകൾ തമ്മിലുള്ള കോ-ഓർഡിനേഷൻ ഇല്ലാത്തതിനാൽ പണം നഷ്ടപ്പെടുന്ന പ്രവണത തുടരുന്നത് ശരിയല്ലെന്ന് സമിതി വിലയിരുത്തി. സ്വന്തം പദ്ധതികൾക്ക് കൂടുതൽ പ്രാമുഖ്യം നൽകുന്ന പ്രവണതയുള്ളതുകാരണം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടപ്പിലാക്കാൻ വകുപ്പുകൾ താൽപ്പര്യം കാണിക്കുന്നില്ലെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികൾക്ക് സമാന്തരമായി വകുപ്പും നടപ്പിലാക്കണമെന്നും ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

104. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ആദ്യഘട്ടത്തിൽ ഇത് കൈകാര്യം ചെയ്യേണ്ട ഉദ്യോഗസ്ഥർ വകുപ്പിനോടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടും സഹകരിക്കില്ലായിരുന്നുവെന്നും അവർ കൂടുതലും താൽപ്പര്യം കാണിക്കുന്നത് വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കാനാണെന്നും പലപ്പോഴും ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ ലോക്കൽ ബോഡികൾക്ക് അനുവദിക്കുന്ന പദ്ധതികളുടെ എണ്ണത്തിൽ കുറവ് രേഖപ്പെടുത്തുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ല

ജോയിന്റ് ഡയറക്ടർ വ്യക്തമാക്കി. പ്രസ്തുത പരാമർശത്തിന് വിശദമായ മറുപടി ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

105. കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് കാലിത്തീറ്റ പ്രാദേശികമായി വാങ്ങുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞു. കേരള ഫീഡ്സിൽ നിന്നുമാണ് കാലിത്തീറ്റ വാങ്ങുന്നതെന്ന് ആലക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

106. പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കാലിത്തീറ്റയിൽ കെമിക്കൽ ചേർക്കുന്നുണ്ടെന്ന പരാതി നിലനിൽക്കുന്നുണ്ടെന്നും ആയത് സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന്, പ്രസ്തുത ആരോപണം വസ്തുതാപരമല്ലെന്നും കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുവേണ്ടി രൂപീകരിച്ച സമിതി പരിശോധന നടത്തുന്നുണ്ടെന്നും കേരള ഫീഡ്സ്, മിൽമ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽ നിന്നുമുള്ള കാലിത്തീറ്റ മാത്രമാണ് കൊടുക്കുന്നതെന്നും ഡയറി ഡെവലപ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് വിശദമായ മറുപടി ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

107. കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കുമളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

108. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി എന്ന ഓഡിറ്റ് പരാമർശത്തിലെ കുമളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

109. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ആവിഷ്കരിക്കുകപോലും ചെയ്യാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്ന ഓഡിറ്റ് പരാമർശത്തിലെ കാമാക്ഷി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

110. വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ കന്നുകുട്ടി പരിപാലന പദ്ധതി മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്നതിൽ പഞ്ചായത്തിന് അപാകത സംഭവിച്ചുവെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. തദ്ദേശസ്വയംഭരണ – മൃഗസംരക്ഷണ വകുപ്പുകളും പഞ്ചായത്തും യോജിച്ച് നടപ്പാക്കേണ്ടിയിരുന്ന പദ്ധതിയിന്മേൽ ഏകോപനക്കുറവ് മൂലം സർക്കാർ നൽകിയ തുക ചെലവഴിക്കാതിരുന്നത് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. വാഴത്തോപ്പ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കുവേണ്ടി ആവശ്യമായ തുക ഒടുക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ വിശദമായ മറുപടി ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

111. കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശത്തിലെ ആലക്കോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ വിശദമായ മറുപടി

അടിയന്തരമായി ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കുമളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാനും സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

കശാപ്പുശാലകൾ സ്ഥാപിക്കുന്നതിലും നടത്തിപ്പിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം ഫലപ്രദമല്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166 വകുപ്പ് (1)-ാം ഉപവകുപ്പ് 3-ാം പട്ടിക പ്രകാരവും, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 30(1)- ാം വകുപ്പ് ഒന്നാം പട്ടിക പ്രകാരവും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയിൽപ്പെട്ടതാണ് മൃഗങ്ങളുടെ കശാപ്പ്, മാംസ വിൽപ്പനയും നിയന്ത്രിക്കുകയെന്നത്. 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പൊതു കശാപ്പുശാലയിലോ ലൈസൻസുള്ള കശാപ്പുശാലയിലോ വച്ചല്ലാതെ യാതൊരാളും ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെ മൃഗങ്ങളെ ആഹാരസാധനമായി വിൽക്കുന്നതിന് കശാപ്പ് ചെയ്യാൻ പാടില്ല.

സുപ്രീംകോടതിയുടെ 12.07.2005-ലെ ഡബ്ല്യൂ.പി. 309/03 നമ്പർ കേസിലെ വിധിയിൽ രാജ്യത്തെ എല്ലാ അറവുശാലകൾക്കും ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 1974-ലെ ജലനിയമ വകുപ്പ് 18(1), 25(4) എന്നിവയ്ക്കു വിധേയമായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്താനുമതി കൂടാതെ അറവുശാലകൾ പ്രവർത്തിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. 1998-ലെ ബയോമെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് & ഹാർഡ്ലിംഗ്) ചട്ടം 5 പട്ടിക ക്രമ നം.2 പ്രകാരം മൃഗങ്ങളുടെ മാംസാവശിഷ്ടങ്ങൾ, അറവു മാലിന്യങ്ങൾ എന്നിവ ഇൻസിനറേറ്റർ ഉപയോഗിച്ചോ ആഴത്തിൽ കുഴിച്ച് മൂടിയോ സംസ്കരിക്കണം.

കേരളത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും മാംസാഹാരം കഴിക്കുന്നവരാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ കണക്കുകൾ പ്രകാരം 232663 മെട്രിക് ടൺ കന്നുകാലി ഇറച്ചിയും 18361 മെട്രിക് ടൺ കോഴിയിറച്ചിയുമാണ് 2012-13-ൽ കേരളത്തിന്റെ ഉപഭോഗം. എന്നാൽ മൃഗസംരക്ഷണ വകുപ്പിൽ നിന്നു തന്നെ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2012-13-ൽ കേരളത്തിൽ ആകെ 55 അംഗീകൃത അറവുശാലകൾ മാത്രമേയുള്ളൂ. ഇതിൽ നിന്നും റോഡരികിലോ പുഴക്കരയിലോ കശാപ്പ് ചെയ്യുന്ന മൃഗങ്ങളുടെ ഇറച്ചിയാണ് ഭൂരിഭാഗം ആളുകളും കഴിക്കുന്നത് എന്ന് വ്യക്തമാകുന്നു.

അനധികൃത അറവുശാലകൾ വഴി വിതരണം ചെയ്യുന്ന മാംസം മാരകമായ രോഗങ്ങളാണ് മനുഷ്യരിലേക്ക് പകർത്തുന്നത്. മനുഷ്യരിലേയ്ക്ക് പകരുന്ന ടി.ബി രോഗത്തിന്റെ 30% വും മൃഗങ്ങളുടെ മാംസം മുഖേനയാണ്. അനാപ്ലാസ്മോസിസ്, മൾട്ടാനി, അൺടുലന്റ് ഫീവർ, ആന്ത്രാക്സ്, ബ്രൂസല്ലോസിസ് ഉൾപ്പെടെയുള്ള മൃഗരോഗങ്ങൾ മാംസത്തിലൂടെ

മനുഷ്യരിലെത്തുന്നുണ്ടെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന രോഗാണുവാഹകരായ മൃഗങ്ങളിൽ പരിശോധന യഥാവിധി നടക്കുന്നില്ല. ആരോഗ്യ വകുപ്പിന്റെ മാർഗ്ഗരേഖ അനുസരിച്ച് മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന കന്നുകാലികളിൽ കുളമ്പുരോഗ നിർണ്ണയത്തിനുള്ള പരിശോധനയും കോഴികൾക്കും, മറ്റ് പക്ഷിവർഗ്ഗത്തിൽപ്പെട്ടവയ്ക്കും പക്ഷിപ്പനി പരിശോധനയും നടത്തണം. ഈ പ്രവർത്തനങ്ങൾക്ക് അനിമൽ ഡിസീസ് കൺട്രോൾ യൂണിറ്റിന്റെ മേൽനോട്ടം ഉണ്ടായിരിക്കണം. ഇങ്ങനെ പരിശോധനയ്ക്ക് വിധേയമായ കന്നുകാലികളെ തിരിച്ചറിയുന്നതിന് വളർത്താനുള്ള മൃഗമാണെങ്കിൽ മഞ്ഞ നിറത്തിലുള്ള ടാഗും, കശാപ്പിനുള്ളതാണെങ്കിൽ ചുവന്ന നിറത്തിലുള്ള ടാഗും ധരിക്കണം എന്നാണ് നിയമം. എന്നാൽ ഇവയൊന്നും കൃത്യമായി നടപ്പാക്കാറില്ല.

ഇടുക്കിയിലെ അറവുശാലകൾ (2012-13-ലെ കണക്ക്)

ജില്ല	അറവുശാലകളുടെ എണ്ണം			
	അംഗീകൃതം	അംഗീകാരമില്ലാത്തത്	താൽക്കാലികം	ആകെ
ഇടുക്കി	9	111	17	137

അവലംബം : മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭ്യമായ കണക്ക്

പരിമിതികളിൽ റിൻഡർ ചെക്ക് പോസ്റ്റ്

അന്യസംസ്ഥാനത്തു നിന്നും കൊണ്ടുവരുന്ന അറവുമാടുകളുടെ ആരോഗ്യസ്ഥിതി പരിശോധിച്ച് ഭക്ഷ്യയോഗ്യമാണോ എന്നുറപ്പാക്കുന്ന റിൻഡർ ചെക്ക് പോസ്റ്റ് ഇടുക്കി ജില്ലയിലെ കുമളിയിൽ പ്രവർത്തിക്കുന്നുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ പക്ഷിപ്പനി, കുളമ്പുരോഗം തുടങ്ങിയവ നിർണ്ണയിക്കുന്നതിനുള്ള രക്ത പരിശോധനാ സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ടെങ്കിലും സ്ഥല സൗകര്യത്തിന്റെ പരിമിതി സ്ഥാപനത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. 24 മണിക്കൂറും പ്രവർത്തനനിരതമായ ഓഫീസിൽ ജീവനക്കാർക്ക് വിശ്രമിക്കുന്നതിനോ, പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനോ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.7.14)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

112. വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ പഞ്ചായത്തിൽ കശാപ്പുശാലകൾ സ്ഥാപിക്കുന്നതിലും നടത്തിപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം ഫലപ്രദമല്ല എന്ന പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

113. ഇടുക്കി ജില്ലയിലെ കുമളിയിൽ പ്രവർത്തിക്കുന്ന റിൻഡർ ചെക്ക് പോസ്റ്റിന്റെ സ്ഥല സൗകര്യവുമായി ബന്ധപ്പെട്ട പരാമർശത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന

സമിതിയുടെ ചോദ്യത്തിന്, പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട് മറുപടി ലഭ്യമാക്കിയിട്ടുണ്ടെന്നും മതിയായ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെന്നും ഇടുക്കി ജില്ലാ ഓഡിറ്റ് ഓഫീസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകി. ഓഡിറ്റ് വകുപ്പിൽനിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

114. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കശാപ്പുശാലകൾ സ്ഥാപിക്കുന്നതിലും നടത്തിപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം ഫലപ്രദമല്ല എന്ന ഇടുക്കി ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

115. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ കുമളിയിൽ പ്രവർത്തിക്കുന്ന റിൻഡർ ചെക്ക് പോസ്റ്റുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ജില്ലാ പഞ്ചായത്തിനു കൈമാറിയ മൃഗസംരക്ഷണ – ക്ഷീര വികസന ഫാമുകൾ

കേരളത്തിലെ കന്നുകാലി/വളർത്തുപക്ഷി സമ്പത്തിന്റെ ആരോഗ്യ സംരക്ഷണം, കന്നുകാലി വർഗ്ഗോദ്ധാരണ പരിപാടികൾ, ഭക്ഷ്യോൽപ്പന്നങ്ങളായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കൽ എന്നിവയാണ് മൃഗസംരക്ഷണ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മൃഗസംരക്ഷണ മേഖലയിലെ മുഖ്യദൗത്യങ്ങൾ. ഇതുവഴി പാൽ, മുട്ട, മാംസം എന്നിവയുടെ പ്രതിശീർഷ ലഭ്യത വർദ്ധിപ്പിക്കലും കന്നുകാലി-കോഴിവളർത്തൽ വ്യാപകമാക്കി ദുർബല വിഭാഗങ്ങളുടെ തൊഴിൽ സാധ്യതകളും വരുമാനവും വർദ്ധിപ്പിക്കലും ലക്ഷ്യങ്ങളിൽപ്പെടുന്നു.

ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ ഉപജീവനത്തിനും പോഷകാഹാരകമ്മി നികത്തുന്നതിനും മൃഗസംരക്ഷണ മേഖലയുടെ പങ്ക് വലുതാണ്. 90 ശതമാനം മാംസഭുക്കുകളുള്ള സംസ്ഥാനത്ത് ഗുണമേന്മയേറിയ പാൽ, മുട്ട, മാംസം എന്നിവയുടെ ആവശ്യകത ദിനംപ്രതി വർദ്ധിച്ചു വരികയാണ്. അതിന്റെ അടിസ്ഥാനത്തിൽ മൃഗസംരക്ഷണ മേഖലയിലെ പുതിയ സാധ്യതകൾ തേടുക എന്നത് മൃഗസംരക്ഷണ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ചുമതലയാണ്.

മൃഗസംരക്ഷണ/ക്ഷീര വികസന മേഖലയുടെ വികസനത്തിൽ മൃഗസംരക്ഷണ ഫാമുകളുടെ പങ്ക് വളരെ പ്രധാനമാണ്. ശാസ്ത്രീയവും കാലികവുമായ വിജ്ഞാനം കർഷകർക്കു പകർന്നു നൽകി മൃഗസംരക്ഷണ മേഖലയുടെ ഉന്നമനം സാധ്യമാക്കുക, അത്യുൽപ്പാദന ശേഷിയുള്ള കാലികളെ ലഭ്യമാക്കുക, മൃഗസംരക്ഷണ മേഖലയിൽ നടത്തപ്പെടുന്ന ഗവേഷണങ്ങളുടെ

ഫലങ്ങൾ കർഷകരിലെത്തിക്കുക എന്നിവയാണ് മൃഗസംരക്ഷണ/ക്ഷീരവികസന ഫാമുകളുടെ ചുമതലകൾ.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 173(1)-ാം ഉപവകുപ്പ് 5-ാം പട്ടിക പ്രകാരം റീജിയണൽ ഫാമുകളല്ലാത്ത ഫാമുകളും ബ്രീഡിംഗ് ഫാമുകളും നടത്തുക എന്നത് ജില്ലാ പഞ്ചായത്തിന്റെ മൃഗസംരക്ഷണ-ക്ഷീരോത്പ്പാദന മേഖലയുടെ ചുമതലകളിൽപ്പെടുന്നു.

മൃഗസംരക്ഷണ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള പന്നിവളർത്തൽ കേന്ദ്രങ്ങളിൽ ഇടുക്കി ജില്ലയിലെ കാപ്പാട് പന്നി വളർത്തൽ യൂണിറ്റും ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയ പന്നി വളർത്തൽ കേന്ദ്രങ്ങളിൽ ഇടുക്കി ജില്ലയിലെ കോലാനി പന്നി വളർത്തൽ യൂണിറ്റും ഉൾപ്പെടുന്നു.

കോഴി വളർത്തൽ കേന്ദ്രങ്ങൾ

ജില്ലാ പൗൾട്രി ആന്റ് പിഗ് ഫാം, കോലാനി (ഇടുക്കി ജില്ലാ പഞ്ചായത്ത്)

മുട്ട, കോഴി എന്നിവയുടെ ദൗർലഭ്യം പരിഹരിക്കുക എന്ന ഉദ്ദേശ്യത്തോടെ 01.04.1979-ൽ പൗൾട്രി ഫാം പ്രവർത്തനം തുടങ്ങി. പിന്നീട് 20.10.1995-ൽ പന്നിവളർത്തലും വിപണനവും കൂടി ഉൾപ്പെടുത്തി. ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും സ്കൂളുകളിലേക്കും കോഴികുഞ്ഞുങ്ങളെയും പന്നിക്കുഞ്ഞുങ്ങളെയും സ്ഥാപനത്തിൽ നിന്നും വിതരണം നടത്തുന്നു. ഉൽപ്പാദനക്ഷമമല്ലാത്ത വലിയ പന്നികളെ ഇറച്ചി വിലയ്ക്ക് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ എന്ന സ്ഥാപനത്തിന് വിൽക്കുകയാണ് നിലവിൽ ചെയ്യുന്നത്. കോഴിയിറച്ചി, കോഴിമുട്ട തുടങ്ങിയവയുടെ ഉൽപ്പാദനവും വിപണനവും സ്ഥാപനത്തിൽ ആരംഭിച്ചിട്ടില്ല.

തൊടുപുഴ വില്ലേജിൽ 364/1, 364/5, 365/3, 365/4, 365/5, 366/3 എന്നീ സർവ്വേ നമ്പരുകളിലായി വ്യാപിച്ചു കിടക്കുന്ന ഫാമിന് ആകെ മൂന്ന് ഹെക്ടർ 58 ആർ വിസ്തൃതിയാണുള്ളത്. ഫാം സ്ഥിതി ചെയ്യുന്ന സ്ഥലം സംബന്ധിച്ച രേഖകൾ, സർവ്വേ റിപ്പോർട്ട് തുടങ്ങിയവ സ്ഥാപനത്തിൽ ലഭ്യമല്ല. ഫാമിന്റെ ഭൂമി കുറച്ചുഭാഗം ചുറ്റുമതിൽ കെട്ടിയിട്ടുണ്ട്. ബാക്കി ഭാഗങ്ങളിൽ വേലി കെട്ടിത്തിരിച്ചിരുന്നെങ്കിലും ആയത് നശിച്ച് ഇപ്പോൾ പ്രയോജനകരമല്ലാത്ത അവസ്ഥയിലാണ്.

ഫാമിലെ കെട്ടിട സൗകര്യങ്ങൾ തൃപ്തികരമല്ല. പന്നികൾക്കും, കോഴികൾക്കും വേണ്ട അഞ്ച് ഷെഡ്ഡുകൾ വീതം നിർമ്മിച്ചിട്ടുണ്ട്. പഴയ കെട്ടിടങ്ങൾ അറ്റകുറ്റപ്പണി നടത്തേണ്ടതുണ്ട്. ചില ഷെഡ്ഡുകളുടെ കമ്പിവേലിയും തടികളും നാശോന്മുഖമായ അവസ്ഥയിലാണ്.

40 പേർക്ക് താമസിച്ച് പരിശീലനം നടത്തുവാൻ പാകത്തിൽ തയ്യാറാക്കിയിരിക്കുന്ന പരിശീലന കേന്ദ്രത്തിന്റെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നില്ല. പ്രസ്തുത കേന്ദ്രത്തിൽ വി.എച്ച്.എസ്.സി വിദ്യാർത്ഥികൾക്കും പരിശീലനം നൽകുന്നുണ്ട്.

കെട്ടിട സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ജില്ലാ പഞ്ചായത്തിൽ നിന്നും പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. പൗൾട്രി ഷെഡ് നിർമ്മാണത്തിനായി 26,80,000/- രൂപ വകുപ്പിൽ നിന്ന് ധനസഹായം അനുവദിച്ചിരുന്നെങ്കിലും (ബിൽ നം.56/12-13 തീയതി 30.03.13) നിർമ്മാണ പ്രവർത്തനം നാളിതുവരെ ആരംഭിച്ചിട്ടില്ല. സ്ഥാപനത്തിൽ ക്വാർട്ടേഴ്സ് സൗകര്യം സജ്ജമാക്കിയിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5 എ.5.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

116. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞു. കോലാനി പൗൾട്രി ഫാമിൽ കോഴി/പന്നിക്കുഞ്ഞുങ്ങളുടെ വിതരണം മാത്രമാണ് നടത്തുന്നതെന്നും കോഴിയിറച്ചി/മുട്ട, പന്നി മാംസം ഇവയുടെ വിൽപ്പന നടത്താത്തതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും കോഴിമുട്ട വിൽപ്പന നടത്തണമെങ്കിൽ കൂടുതൽ പ്രൊഡക്ഷൻ ആവശ്യമാണെന്നും അതിനുവേണ്ടി കൂടുതൽ കെട്ടിടങ്ങൾ നിർമ്മിക്കുകയും ആവശ്യമായ തൊഴിലാളികളെ നിയമിക്കുകയും ചെയ്താൽ മാത്രമേ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂവെന്നും മറ്റ് പരാമർശങ്ങളൊക്കെ പരിഹരിച്ചിട്ടുണ്ടെന്നും ഫാം സ്ഥിതിചെയ്യുന്ന സ്ഥലത്ത് ചുറ്റുമതിൽ നിർമ്മിക്കുകയും പഴയ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്നും ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

117. ജില്ലാ പൗൾട്രി ഫാമുകളിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കാറുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, സ്ഥാപിക്കാറുണ്ടെന്നും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുന്നതിനനുസരിച്ച് മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും സർക്കാരിൽ നിന്നും ഫണ്ട് അനുവദിച്ചാൽ മാത്രമേ പരിശീലന പരിപാടി നടത്താൻ സാധിക്കുകയുള്ളൂവെന്നും മൃഗസംരക്ഷണ വകുപ്പിൽ നിന്നും അനുവദിച്ച 26 ലക്ഷം രൂപ വിനിയോഗിച്ച് പൗൾട്രി ഷെഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും സ്റ്റാഫ് ക്വാർട്ടേഴ്സുകളുടെ നിർമ്മാണം 2018-ൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. വകുപ്പിൽനിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

118. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കോലാനി പൗൾട്രി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ഫാമുകളിലെ യന്ത്രവൽക്കരണം

ഫാമുകളിലെ തൊഴിലാളികളുടെ എണ്ണം കുറയ്ക്കാനും ഉൽപ്പാദനക്ഷമതയും ഉൽപ്പന്ന ഗുണമേന്മയും വർദ്ധിപ്പിക്കാനും ഫാമുകൾ യന്ത്രവൽക്കരിക്കേണ്ടത് അനിവാര്യമാണ്. കന്നുകാലി, ആട്, കോഴി, പന്നി ഫാമുകൾക്ക് യോജിച്ച യന്ത്രവൽകൃത സംവിധാനങ്ങൾ ഇന്നുണ്ട്. ചാണകം എടുത്തു മാറ്റാവുന്ന Automatic Dung Scraper, ഓട്ടോമാറ്റിക് തീറ്റക്രമം, വെള്ളം നൽകുന്ന സംവിധാനം, കറവയന്ത്രങ്ങൾ, തീറ്റപ്പുല്ല് നുറുക്കി നൽകാനുള്ള കട്ടർ, മാലിന്യ നിർമ്മാർജ്ജനത്തിന് പ്രത്യേകതരം പമ്പ് (Slurry Pumps), പാക്കിംഗ് യൂണിറ്റുകൾ, ഗുണമേന്മ വിലയിരുത്താവുന്ന സംവിധാനം മുതലായവ വൻകിട ഫാമുകളിൽ ഇന്ന് ഉപയോഗിച്ചു വരുന്നു.

വെള്ളം, തീറ്റ എന്നിവ നൽകുന്ന ഓട്ടോമാറ്റിക് സംവിധാനം കൂലിച്ചെലവ് കുറയ്ക്കാനും തീറ്റ പാഴായി പോകാതിരിക്കാനും സഹായിക്കും. കോഴി, ആട്, പശു ഫാമുകളിൽ ഇത് അനുവർത്തിക്കാവുന്നതാണ്. ഉൽപ്പാദനം മുതൽ വിപണനം വരെയുള്ള ആധുനികവൽക്കരണം ഭക്ഷ്യസുരക്ഷയും ഗുണമേന്മയും ഉറപ്പാക്കും.

കന്നുകാലി വളർത്തലിൽ യന്ത്രവൽക്കരണം സാധ്യമാക്കുക വഴി പശുപരിപാലനത്തിലെ ക്ലേശഘടകങ്ങൾ ഒഴിവാക്കി ആധുനിക സാങ്കേതിക സൗകര്യങ്ങളുടെയും യന്ത്രങ്ങളുടെയും സഹായത്തോടെ ഫാമുകൾ പ്രവർത്തിപ്പിച്ച് പാലുല്പാദനം വർദ്ധിപ്പിക്കാനും ഉയർന്ന പാലുല്പ്പാദനക്ഷമതയുള്ള പശുക്കളേയും പശുക്കുട്ടികളേയും ഉൽപ്പാദിപ്പിക്കാനും സാധിക്കും. കറവ യന്ത്രങ്ങളുടെ ഉപയോഗം ഫാമിലെ ശുചിത്വാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും മനുഷ്യാധ്വാനം കുറയ്ക്കുന്നതിനും സഹായിക്കും.

സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണമുള്ള ഫാമുകളിൽ ആധുനികവൽക്കരണം നടപ്പാക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയ ഫാമുകളിൽ ആധുനികവൽക്കരണം ഇനിയും യാഥാർത്ഥ്യമായിട്ടില്ല. വളരെ കുറച്ച് ഉപകരണങ്ങൾ മാത്രമാണ് ഫാമുകളിലുള്ളത്.

ഇടുക്കി ജില്ലാപഞ്ചായത്തിനു കൈമാറിയ ജില്ലാ പൗൾട്രി ആന്റ് പിഗ് ഫാമിൽ യന്ത്രങ്ങൾ വാങ്ങുന്നതിനോ അറ്റകുറ്റപ്പണികൾ നടത്തുന്നതിനോ ജില്ലാ പഞ്ചായത്ത് ഫണ്ട് നൽകിയിട്ടില്ല. സ്ഥാപനത്തിൽ നിലവിലുള്ള യന്ത്രങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ഓട്ടോമാറ്റിക് എഗ്ഗ് സെറ്റർ, ഓട്ടോമാറ്റിക് എഗ്ഗ് ഹാച്ചർ എന്നിവയാണ് പൗൾട്രിഫാമിലെ പ്രധാന യന്ത്രങ്ങൾ. ഒരു തവണ 18000 മുട്ട സംഭരണശേഷിയുള്ള എഗ്ഗ് സെറ്റർ, ഹാച്ചർ എന്നിവയുടെ ഉപയോഗക്ഷമതയ്ക്ക് അനുസൃതമായി മുട്ട ശേഖരിക്കാൻ സാധിക്കാത്തതിനാൽ യന്ത്രങ്ങളുടെ പ്രവർത്തനശേഷി പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5 എ.5.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

119. ഓഡിറ്റ് പരാമർശത്തിനുശേഷം ഒരു ഷെഡ്ഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും കൂടുതൽ ഷെഡ്ഡുകൾ നിർമ്മിക്കുന്നതിന് വലിയ തുക ആവശ്യമായി വരുമെന്നും വകുപ്പിന്റെയും ജില്ലാ പഞ്ചായത്തിന്റെയും ഫണ്ട് ഉപയോഗിച്ച് മാത്രമേ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂവെന്നും ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പ്രസ്തുത ഫാം ജില്ലാ പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനമാണോയെന്ന സമിതിയുടെ ചോദ്യത്തിന് അല്ലായെന്നും ജില്ലാ പഞ്ചായത്തിന് വിട്ടുകിട്ടിയ ഫാം ആണെങ്കിൽ പോലും ജില്ലാ പഞ്ചായത്തിന്റെ ഫണ്ടുകൊണ്ട് മാത്രം ആധുനികവത്കരണം പൂർത്തിയാക്കാൻ സാധിക്കില്ലെന്നും സെക്രട്ടറി ബോധിപ്പിച്ചു.

120. പഞ്ചായത്തിന്റെ പദ്ധതിക്ക് ഡിപ്പാർട്ടുമെന്റ് ഫണ്ട് നൽകുന്നുണ്ടോയെന്നും ടി ഫാം എത്ര ഏക്കർ സ്ഥലത്താണ് പ്രവർത്തിക്കുന്നതെന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, ആവശ്യപ്പെടുന്ന തുക ഡിപ്പാർട്ടുമെന്റ് നൽകുന്നുണ്ടെന്നും 3 എക്കർ 58 ആർ. സ്ഥലത്താണ് ഫാം സ്ഥിതി ചെയ്യുന്നതെന്നും ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

121. ഓഡിറ്റ് ഖണ്ഡികയിലെ ഫാമുകളിലെ തൊഴിലാളികളുടെ എണ്ണം കുറയ്ക്കണമെന്നുള്ള പരാമർശം ഉചിതമല്ലെന്ന് സമിതി ചൂണ്ടിക്കാട്ടി. തൊഴിലാളികളുടെ എണ്ണം കൂട്ടിയാൽ മാത്രമേ പ്രൊഡക്ഷൻ വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂവെന്ന് ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി അഭിപ്രായപ്പെട്ടു. പന്നി ഫാമുകളിൽ തൊഴിലാളികളെ നിയമിക്കുന്നത് മൃഗസംരക്ഷണ വകുപ്പാണെന്ന് അദ്ദേഹം സമിതിയെ അറിയിച്ചു.

122. വകുപ്പിൽനിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

123. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഫാമുകളിലെ യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ഫാമുകളിലെ തീറ്റസംഭരണം

പശു, ആട് വളർത്തൽ ഫാമുകൾ കൂടുതൽ ലാഭകരമാക്കാൻ തീറ്റപ്പുൽകൃഷി അത്യാവശ്യമാണ്. കന്നുകാലി വളർത്തൽ ചെലവിന്റെ 75% ൽ അധികവും തീറ്റയ്ക്കു വേണ്ടി വരുന്നതിനാൽ തീറ്റച്ചെലവ് കുറയ്ക്കുന്ന കാര്യത്തിൽ തീറ്റപ്പുൽകൃഷിക്ക് ഗണ്യമായ സ്വാധീനം ചെലുത്താൻ സാധിക്കും. ജലസേചന സൗകര്യങ്ങളുള്ള സ്ഥലങ്ങളിൽ സ്പ്രിംഗ്ളർ സംവിധാനം ഏർപ്പെടുത്തി തീറ്റപ്പുല്ല് കൃഷി ചെയ്യാവുന്നതാണ്.

ഇടുക്കി ജില്ലാ പഞ്ചായത്തിലെ കോലാനി പൗൾട്രി ആന്റ് പിഗ് ഫാമിലേക്ക് ആവശ്യമായ കോഴിത്തീറ്റ, പന്നിത്തീറ്റ എന്നിവ മണ്ണുത്തി സർവ്വകലാശാല, എം.പി.ഐ എന്നീ സർക്കാർ ഏജൻസികളിൽ നിന്നാണ് വാങ്ങുന്നത്. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി തീറ്റയ്ക്കായി ചെലവഴിച്ച തുകയുടെ വിവരം.

		2012-13		2013-14	
ക്രമ നം.	ഇനം	അളവ്	ചെലവ്	അളവ്	ചെലവ്
1	പന്നിത്തീറ്റ	33500	802000	43000	1058000
2	കോഴിത്തീറ്റ	32000	872500	39000	1121000

ഫാമിലേക്കാവശ്യമായ കോഴിത്തീറ്റ, പന്നിത്തീറ്റ എന്നിവ സംഭരിക്കുന്നത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നുണ്ട്. സർക്കാർ നിശ്ചയിച്ചിട്ടുള്ള റേഷൻ സമ്പ്രദായം അനുസരിച്ചാണ് മൃഗങ്ങൾക്ക് തീറ്റ നൽകുന്നത്. സർക്കാർ നിർദ്ദേശം അനുസരിച്ച് കോഴി കുഞ്ഞുങ്ങൾക്ക് അവയുടെ പ്രായത്തിനനുസരിച്ച് തീറ്റ നൽകുന്നതിൽ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5 എ.5.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

124. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

125. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ പഞ്ചായത്തിലെ ഫാമുകളിലെ തീറ്റ സംഭരണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ഫാം ഉൽപ്പന്നങ്ങളുടെ വിപണനം

ആവശ്യാനുസരണം കോഴികുഞ്ഞുങ്ങൾ, മുയൽ കുഞ്ഞുങ്ങൾ എന്നിവയെ ഉൽപാദിപ്പിച്ച് വിപണനം നടത്താനാകുന്നില്ല

ഇടുക്കി ജില്ലാ പഞ്ചായത്തിലെ പൗൾട്രി ഫാമിൽ നിന്നും പ്രധാനമായും വിറ്റഴിക്കുന്നത് കോഴികുഞ്ഞുങ്ങൾ, പന്നി കുഞ്ഞുങ്ങൾ എന്നിവയാണ്. സർക്കാർ നിശ്ചയിച്ച വിലയുടെ അടിസ്ഥാനത്തിലാണ് ഇവ വിപണനം ചെയ്യുന്നത്.

വർഷം	ഇനം	മുന്നിരിപ്പ്	ഉൽപ്പാദിപ്പിച്ചത്	വാങ്ങിയത്	ആകെ	വിൽപ്പന നടത്തിയത്	ലഭ്യമായ തുക
2012-13	പന്നി	70	179	10	259	166	376425
	കോഴി	2752	11482	15740	29974	25130	1268354
2013-14	പന്നി	67	251	23	341	229	542500
	കോഴി	3054	31155	1621	35830	31972	1316991

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.എ.5.9)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

126. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

127. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ പഞ്ചായത്തിലെ ഫാം ഉല്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ഫാമിലെ ജീവനക്കാർ

മൃഗപരിപാലനത്തിൽ പരിശീലനം ലഭിച്ച ജീവനക്കാരുടെ അഭാവം ഫാമുകളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഫാം ആരംഭിച്ചപ്പോൾ ഉണ്ടായിരുന്ന സ്റ്റാഫ് പാറ്റേൺ തന്നെയാണ് പല ജില്ലാപഞ്ചായത്ത് ഫാമുകളിലും നിലവിലുള്ളത്. ദിവസവേതനാടിസ്ഥാനത്തിൽ തൊഴിലാളികളെ നിയമിച്ചാണ് ഫാമുകളുടെ പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകുന്നത്.

ഇടുക്കി ജില്ലയിലെ കോലാനി പൗൾട്രി ആന്റ് പിഗ് ഫാം ആരംഭിച്ചിട്ട് 35 വർഷങ്ങൾ പിന്നിട്ടെങ്കിലും തുടക്കത്തിലുണ്ടായിരുന്ന തസ്തികകൾ തന്നെയാണ് ഇപ്പോഴുമുള്ളത്. പൗൾട്രി ഫാം ആരംഭിച്ചതിനു ശേഷം ഘട്ടം ഘട്ടമായി പിഗ് ഫാം, ഹാച്ചറി യൂണിറ്റ്, ട്രെയിനിംഗ് സെന്റർ എന്നിവ തുടങ്ങിയെങ്കിലും ഇവയ്ക്കു വേണ്ടി പ്രത്യേക തസ്തികകളൊന്നും അനുവദിച്ച് കിട്ടിയിട്ടില്ല. ആയത് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. ഹാച്ചറിംഗ് യൂണിറ്റ് തുടങ്ങിയതിനാൽ കോഴിക്കുഞ്ഞുങ്ങളുടെ ലിംഗ നിർണ്ണയം നടത്തുന്നതിനായി ചിക് സെക്സർ തസ്തിക അത്യാവശ്യമാണെങ്കിലും ആയത് അനുവദിക്കപ്പെട്ടിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5 എ.5.10)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

128. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

129. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ പഞ്ചായത്തിലെ ഫാമിലെ ജീവനക്കാരെ സംബന്ധിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പ്

മൃഗസംരക്ഷണ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന അധികാര അവകാശങ്ങൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ ഉത്തരവ് ജി.ഒ. (പി) നമ്പർ 126/96/കൃഷി തീയതി 04.03.1996 പ്രകാരം വാർഷിക പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി വിപുലീകരിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഫാമുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിന് മേൽനോട്ടം വഹിക്കേണ്ടതും ഫണ്ട് അനുവദിക്കേണ്ടതും ജില്ലാ പഞ്ചായത്തുകളാണ്.

എന്നാൽ ഫാമുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് സഹായകരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ മിക്ക ജില്ലാ പഞ്ചായത്തുകളും പിന്നോക്കം പോയിരിക്കുകയാണ്. ഫാമിന്റെ വിപുലീകരണം, ഭൂമിയുടെ സംരക്ഷണം, നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കൊന്നിനും ജില്ലാ പഞ്ചായത്തുകൾ തുക അനുവദിക്കുന്നില്ല. ഫാമുകളുടെ വികസനത്തിനായി വിവിധ മൃഗസംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. വകുപ്പുതല പദ്ധതികൾ ജില്ലാപഞ്ചായത്തിന്റെ പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. ഇതിലൂടെ ഫാമിന്റെ വികസനത്തിനായി കൂടുതൽ തുക ചെലവഴിക്കാനും പദ്ധതികളുടെ ഇരട്ടിപ്പ് ഒഴിവാക്കുവാനും സാധിക്കും. മൃഗസംരക്ഷണ വകുപ്പിന്റെയും ജില്ലാ പഞ്ചായത്തിന്റെയും സംയുക്തസംരംഭങ്ങൾ ഉണ്ടാകുന്നില്ല എന്നത് ഫാമുകളുടെ വികസനത്തിന് തടസ്സമാകുന്നുണ്ട്. ഫാമുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് ഉതകുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുവാൻ ജില്ലാ പഞ്ചായത്തുകൾക്ക് കഴിയുന്നില്ല. ലാബ്, യന്ത്രവൽക്കരണം തുടങ്ങിയവ നടപ്പിലാക്കുവാൻ ഉതകുന്ന പദ്ധതികൾ ഫാമുകളിൽ നടപ്പാക്കുന്നില്ല. ഫാമുകളിൽ ജില്ലാ പഞ്ചായത്തുകളുടെ പരിശോധനയും കാര്യക്ഷമമല്ല.

കോലാനി പൗൾട്രിഫാമിനു വേണ്ടി ഇടുക്കി ജില്ലാ പഞ്ചായത്ത് 2012-13-ൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. വിവിധ ഉൽപ്പന്നങ്ങളുടെ വിൽപ്പനയിലൂടെ ഫാമിൽ ലഭിക്കുന്ന പണം ജില്ലാ പഞ്ചായത്തിൽ നിക്ഷേപിക്കുന്നതിനാൽ കോഴി, പന്നി എന്നിവയുടെ തീറ്റയ്ക്ക് മറ്റ് അത്യാവശ്യ ചെലവുകൾക്കും തനത് ഫണ്ടിൽ നിന്നും തുക പിൻവലിച്ച് ഫാമിന് നൽകുകയാണ് ചെയ്യുന്നത്.

2013-14-ൽ ഫാമിൽ ഡയറി യൂണിറ്റ് ആരംഭിക്കുന്നതിനായി പുതിയ കെട്ടിട നിർമ്മാണം നടത്തുന്നതിനു വേണ്ടി വികസന ഫണ്ടിൽ നിന്നും 16,00,000/- രൂപ വകയിരുത്തിയെങ്കിലും പദ്ധതി നടപ്പിലായില്ല. ഫാമിന്റെ വികസനത്തിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും ജില്ലാ പഞ്ചായത്ത് യാതൊരു ശ്രദ്ധയും കാണിക്കുന്നില്ല. ആവശ്യത്തിനുള്ള ഫണ്ടിന്റെ അഭാവം സ്ഥാപനത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. സ്ഥാപനത്തിന്റെ അടിയന്തിര പ്രവർത്തനങ്ങൾ, മുട്ട വാങ്ങൽ തുടങ്ങിയവയ്ക്കായി യഥാസമയം ഫണ്ട് അനുവദിക്കാറില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5 എ.5.11)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

130. കോലാനി ഫാം അസിസ്റ്റന്റ് ഡയറക്ടറെ ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കാത്തതിനുള്ള കാരണം എന്താണെന്ന് സമിതി ആരാഞ്ഞു. നിലവിൽ ജില്ലാ പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ കോലാനി ഫാം അസിസ്റ്റന്റ് ഡയറക്ടറാണെന്നും ധനകാര്യ വകുപ്പിൽ നിന്നും ഡി.ഡി.ഒ. കോഡ് അനുവദിക്കാത്തതു കൊണ്ടാണ് പദ്ധതി നിർവ്വഹണത്തിലെ തുക കൈമാറാൻ സാധിക്കാത്തതെന്നും ടി ആവശ്യത്തിലേക്കായി കഴിഞ്ഞ വർഷം ധനകാര്യ വകുപ്പിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും ആയത് ലഭിച്ചിട്ടില്ലെന്നും നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തുക തദ്ദേശസ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖാന്തരം കൈമാറുന്നതിനാൽ അക്കാര്യത്തിൽ വിഷയമില്ലെന്നും എന്നാൽ ജില്ലാ പഞ്ചായത്തിന്റേതായ പദ്ധതികൾക്ക് തുക കൈമാറുന്നതിന് ധനകാര്യ വകുപ്പിൽ നിന്നും ഡി.ഡി.ഒ. കോഡ് അത്യാവശ്യമാണെന്നും ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

131. സാധാരണ ഇത്രയും കാലതാമസം നേരിടാറില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ സൂചിപ്പിച്ചു. ഇക്കാര്യം പരിശോധിക്കാമെന്ന് ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി അറിയിച്ചു. ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

132. ഇടുക്കി ജില്ലാ പഞ്ചായത്തിലെ ഫാമുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് സഹായകരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

ഇടുക്കി – ഇടമലക്കുടി ഗ്രാമപഞ്ചായത്ത് – ട്രൈബൽ എൽ.പി.സ്കൂൾ ഉച്ചഭക്ഷണ പദ്ധതി

കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ രജിസ്ട്രാറുടെ 13.08.2019 ലെ നം. 2938/06/C1/2019 Ke SCPCR നം കത്തിലെ നിർദ്ദേശ പ്രകാരം ഇടമലക്കുടി ഗ്രാമപഞ്ചായത്ത് - ഇടമലക്കുടി ട്രൈബൽ എൽ.പി.സ്കൂളിലെ ഉച്ചഭക്ഷണ പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് ഇടുക്കി ജില്ലാ ഓഡിറ്റ് പ്രത്യേക ഓഡിറ്റ് നടത്തി.

- ഇടുക്കി ജില്ലയിലെ ഇടമലക്കുടി ട്രൈബൽ എൽ.പി. സ്കൂളിലെ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ വിതരണത്തിന്റെ പേരിൽ ക്രമക്കേടുകൾ നടക്കുന്നതായ പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്ടിലെ 13(1) വകുപ്പ് പ്രകാരം കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ സ്വമേധയാ വിഷയം പരിഗണിച്ച് കൃത്യമായ ഓഡിറ്റ് നടത്തി ഓഡിറ്റ് റിപ്പോർട്ട് നൽകുവാൻ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിക്കുകയുണ്ടായി.
- ഇടമലക്കുടി ഗ്രാമപഞ്ചായത്തിന്റെ 05.01.2018-ലെ 1(10) നമ്പർ തീരുമാന പ്രകാരം ഇടമലക്കുടി ട്രൈബൽ എൽ.പി. സ്കൂളിലെ 37 കുട്ടികൾക്കും ബ്രിഡ്ജ്കോഴ്സിൽ പങ്കെടുക്കുന്ന 15 കുട്ടികളും ഉൾപ്പെടെ 52 കുട്ടികൾക്ക് പ്രഭാത, സായാഹ്ന ഭക്ഷണം വിതരണം ചെയ്യുവാൻ തീരുമാനിച്ചു.
- എൽ.പി. സ്കൂൾ കുട്ടികൾക്ക് 2017-18 ൽ പ്രഭാത ഭക്ഷണം എന്ന 36/2018 നമ്പർ പ്രോജക്ട് പ്രകാരം 1,00,000/- രൂപ വകയിരുത്തി ചെലവഴിക്കുകയും 2018-19 ൽ പ്രഭാത, സായാഹ്ന ഭക്ഷണം എന്ന 23/2019 നമ്പർ പ്രോജക്ട് പ്രകാരം 5,50,000/-രൂപ വകയിരുത്തുകയും 5,36,357/- രൂപ ചെലവഴിക്കുകയും ചെയ്തു. ഇടമലക്കുടി ട്രൈബൽ എൽ.പി. സ്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്നു പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥൻ.

<u>പ്രധാന ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു</u>

- ഭക്ഷ്യസാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ക്വട്ടേഷൻ/ടെണ്ടർ നടപടി കൂടാതെ മൂന്നാർ ഓൾമാർട്ട് സൂപ്പർ മാർക്കറ്റ് എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നാണ് 1,99,790/- രൂപയ്ക്ക് പലചരക്ക് സാധനങ്ങൾ വാങ്ങിയത്. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും

സമാഹരിക്കുന്നതിനുള്ള 08.11.2010-ലെ സ.ഉ. (അ)259/2010/ത.സ്വ.ഭ.വ ഉത്തരവിലെ മാർഗ്ഗരേഖയുടെ ലംഘനമാണ്.

- എൽ.പി വിഭാഗത്തിലെ കുട്ടികൾക്ക് ഒരു നേരത്തെ ഭക്ഷ്യധാന്യത്തിന്റെ അളവ് 100 ഗ്രാമും ബ്രിഡ്ജ് കോഴ്സിലെ കുട്ടികൾക്ക് ഒരു നേരത്തെ ഭക്ഷ്യധാന്യത്തിന്റെ അളവ് 150 ഗ്രാമും വീതമാണ്. എന്നാൽ ഓരോ നേരവും നൽകിയ ഭക്ഷണത്തിന്റെ മെനു ലഭ്യമാക്കാത്തതിനാൽ വാങ്ങിയ ഭക്ഷ്യധാന്യത്തിന്റെ ഉപയോഗത്തിന്റെ അളവ് തിട്ടപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.
- ഭക്ഷണം പാകം ചെയ്യുന്നതിനു വിനിയോഗിക്കപ്പെട്ട കരാർ തൊഴിലാളിയായ പാചക തൊഴിലാളിക്ക് വേതനം നൽകുന്നതുമായി ബന്ധപ്പെട്ട് കരാർ ചമച്ചിട്ടില്ല. ഒരു നേരം പാചകം ചെയ്യുന്നതിന് 100/- രൂപ നിരക്കിലാണ് വേതനം നൽകിയതെന്ന് പാചകത്തൊഴിലാളിയായ ശ്രീമതി ഓമന സെബാസ്റ്റ്യൻ മൊഴി നൽകുകയുണ്ടായി.
- 150 ദിവസങ്ങളിലായി 208 നേരം പാചകം ചെയ്യുന്നതിന് 100/- രൂപ നിരക്കിൽ വേതനം നൽകുന്നതിനായി 20,800/- രൂപയാണ് നൽകേണ്ടത്.
- എന്നാൽ പാചകത്തൊഴിലാളി വേതനയിനത്തിൽ 39,000/- രൂപ നിർവ്വഹണോദ്യോഗസ്ഥന്റെ ഭാര്യയുടെ പേരിലുള്ള സ്വകാര്യ അക്കൗണ്ടിൽ നിക്ഷേപിക്കുകയും പാചകത്തൊഴിലാളിക്ക് വേതനമായി 20,800/- രൂപ നൽകേണ്ടതിനു പകരം 22,300/- രൂപ നൽകുകയും ചെയ്യുകയുണ്ടായി. ഈയിനത്തിലെ തുക നിർവ്വഹണോദ്യോഗസ്ഥന്റെ ഭാര്യയുടെ വ്യക്തിഗത അക്കൗണ്ടിൽ നൽകിയത് ചട്ടവിരുദ്ധ നടപടിയാണ്. 39,000/- രൂപ അനുവദിച്ചതിൽ വേതനയിനത്തിൽ 20,800/- രൂപ നൽകുന്നതിനു പകരം 22,300/- നൽകുകയുണ്ടായി. അനുവദിച്ച മുഴുവൻ തുകയും പിൻവലിച്ചതിലൂടെ 18,200/- രൂപയുടെ പണാപഹരണം നടന്നിട്ടുള്ളതായും ഓഡിറ്റ് നിരീക്ഷിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 7.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

133. ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ ട്രൈബൽ എൽ.പി. സ്കൂളിലെ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിലെ രേഖകൾ ഹാജരാക്കാത്തതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതിആരാഞ്ഞു. പ്രസ്തുത സ്കൂളിലെ പ്രധമാധ്യാപകൻ റിട്ടയറായെങ്കിലും അദ്ദേഹത്തോട് തുക തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഇദ്ദേഹത്തിന് മറ്റേതെങ്കിലും പ്രോപ്പർട്ടിയുണ്ടെങ്കിൽ അതിൽ നിന്നും തുക ഈടാക്കാൻ വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശം നൽകിയിരുന്നുവെന്നും എന്നാൽ നിലവിൽ അദ്ദേഹം താമസിക്കുന്ന ക്വാർട്ടേഴ്സ് അടച്ചിട്ടിരിക്കുയാണെന്നും മറ്റ് സ്വത്തുക്കളൊന്നുമില്ലാത്തതുകാരണം അദ്ദേഹത്തിന്റെ

പെൻഷനിൽനിന്നും മാത്രമേ തുക ഈടാക്കാൻ സാധിക്കുകയുള്ളൂവെന്നും ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

134. അദ്ദേഹത്തിന്റെ ഭാര്യയുടെ അക്കൗണ്ടിൽ പണം നിക്ഷേപിച്ചത് സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറിയുടെ ചോദ്യത്തിന്, ഉച്ചക്കഞ്ഞിയുണ്ടാക്കുന്ന സ്ത്രീ തന്നെയാണ് പ്രഭാതഭക്ഷണം തയ്യാറാക്കുന്നതെന്നും രണ്ടിനും കൂടിയുള്ള കൂലിയാണ് അദ്ദേഹം ഭാര്യയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നതെന്നും ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

135. ബാലാവകാശ കമ്മീഷന്റെ കേസിൽ വിധി വന്നിട്ടുണ്ടോയെന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ചോദ്യത്തിന് വിധി വന്നിട്ടില്ല എന്ന് ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

136. പ്രഥമാധ്യാപകന്റെ പെൻഷനിൽ നിന്നും തുക ഈടാക്കാൻ സാധിക്കുമോയെന്ന സമിതിയുടെ ചോദ്യത്തിന്, വിശദാംശം നൽകിയാൽ പരിശോധിക്കാമെന്നും സർചാർജ് ഇഷ്യൂ ചെയ്താൽ മാത്രമേ പെൻഷൻ തുകയിൽ നിന്നും ഈടാക്കാൻ സാധിക്കുകയുള്ളൂവെന്നും ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി വ്യക്തമാക്കി. സർചാർജ്ജ് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യാനുള്ള നടപടിക്രമമൊന്നും ആയിട്ടില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ അറിയിച്ചു.

137. ഉത്തരവാദിത്വപ്പെട്ട സ്ഥാനത്തിരുന്നുകൊണ്ട് അദ്ദേഹം ചെയ്ത പ്രവൃത്തി ശരിയല്ലെന്നും സർചാർജ്ജിന്റെ കാര്യത്തിൽ തീരുമാനമായില്ലെങ്കിൽ മറ്റാനുകൂല്യങ്ങൾ നൽകേണ്ടി വരുമെന്നും സമിതി സൂചിപ്പിച്ചു. ഉച്ചഭക്ഷണ വിതരണത്തിൽ ക്രമക്കേട് നടന്നുവെന്ന് കണ്ടെത്താതെ സർചാർജ്ജ് നടപടിയിലേയ്ക്ക് പോകാൻ സാധിക്കില്ലെന്നും ഉച്ചഭക്ഷണത്തിനായി ചെലവഴിച്ച തുകയുടെ രേഖകൾ യഥാസമയം ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്താത്തതിലെ വീഴ്ചയാകാമെന്നും പ്രസ്തുത ആവശ്യത്തിലേയ്ക്ക് അദ്ദേഹം തുക ചെലവഴിച്ചിട്ടില്ലെന്ന് തെളിഞ്ഞാൽ മാത്രമേ മറ്റ് നടപടിക്രമങ്ങളിലേയ്ക്ക് പോകാൻ സാധിക്കുകയുള്ളൂവെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ വ്യക്തമാക്കി.

138. പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട് യോഗത്തിനിടെ ലഭ്യമാക്കിയ മറുപടി പരിശോധിച്ച് റിപ്പോർട്ട് നൽകാമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു. റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

139. ഓഡിറ്റുമായി ബന്ധപ്പെട്ട പരാമർശങ്ങൾക്ക് കൃത്യമായ മറുപടി ബന്ധപ്പെട്ട വകുപ്പിന് നൽകുന്നതോടൊപ്പം ഓഡിറ്റ് വകുപ്പിന് നൽകണമെന്നും ആയതിൽ വീഴ്ച സംഭവിച്ചതുകൊണ്ടാണ് ഓഡിറ്റ് പരാമർശങ്ങൾ നിലനിൽക്കുന്നതെന്നും ഓഡിറ്റ് വകുപ്പ് കണ്ടെത്തിയ ന്യൂനതകളിന്മേൽ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ആയതിന് യഥാസമയം മറുപടി നൽകുകയെന്നത് പുതിയ നടപടിക്രമമല്ലെന്നും ഇടുക്കി ജില്ലയുമായി ബന്ധപ്പെട്ട് മറുപടി നൽകാത്ത ധാരാളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുണ്ടെന്നും ഇക്കാര്യത്തിൽ ചില പഞ്ചായത്തുകൾ കാണിക്കുന്ന താല്പര്യക്കുറവ് വളരെ ഗൗരവമായി കാണേണ്ടതുണ്ടെന്നും സമിതി ചൂണ്ടിക്കാട്ടി. പഞ്ചായത്ത്

മുഖാന്തരം ഡിപ്പാർട്ടുമെന്റിലേയ്ക്ക് അയയ്ക്കുന്ന മറുപടി കൃത്യമായി ഓഡിറ്റ് വകുപ്പിന് നൽകാനുള്ള നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ പ്രത്യകമായ ശ്രദ്ധ നൽകിയില്ലെങ്കിൽ എക്കാലത്തും ഓഡിറ്റ് പരാമർശങ്ങൾ തുടർന്നുകൊണ്ടിരിക്കുമെന്നും ഓഡിറ്റ് വകുപ്പിന് യഥാസമയം മറുപടി നൽകാത്തതിനാൽ ഒഴിവാക്കപ്പെടേണ്ട പല ഖണ്ഡികകളും പരാമർശമായി നിലനിൽക്കുകയാണെന്നും ഓഡിറ്റ് വകുപ്പിൽ നിന്നും തൃപ്തികരമായ റിപ്പോർട്ട് ലഭ്യമാകാതെ സമിതിക്ക് പരാമർശങ്ങൾ പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കില്ലെന്നും സമിതി സൂചിപ്പിച്ചു.

140. പ്രായോഗികമല്ലാത്ത പദ്ധതികൾക്കായി പണം ചെലവഴിച്ചതിനുശേഷം ഇടയ്ക്കുവച്ച് ഉപേക്ഷിക്കുന്ന പ്രവണത വർദ്ധിച്ചുവരികയാണെന്നും അത്തരം പദ്ധതികൾക്ക് അംഗീകാരം നൽകാതിരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ഡി.പി.സി.യുടെ അംഗീകാരത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യത്തിൽ കൃത്യമായ പരിശോധന നടക്കുന്നില്ലെന്നും ഭരണസമിതി നിർദ്ദേശിക്കുന്ന പദ്ധതി സാധ്യമായതല്ലെങ്കിൽ അത് തള്ളിക്കളയാനുള്ള അധികാരം സെക്രട്ടറിക്കുണ്ടെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവർത്തന സ്വഭാവമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുപകരം കാലാനുസൃതമായ പദ്ധതികൾ ആവിഷ്കരിക്കണമെന്നും മുൻ വർഷത്തെ ഇക്കണോമിക് റിവ്യൂവിൽ പദ്ധതിയിനത്തിൽ അനുവദിച്ച തുക പോലും ചെലവഴിക്കപ്പെട്ടിട്ടില്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഇക്കാര്യത്തിൽ പരിശോധന നടത്തിയാൽ അനുവദിച്ച തുക പോലും ചെലവഴിക്കപ്പെട്ടിട്ടില്ലെന്നത് മനസ്സിലാക്കാൻ സാധിക്കുമെന്നും സമിതി വ്യക്തമാക്കി.

141. ഇടുക്കിയിലെ പ്രാദേശിക സാധ്യതകൾ പ്രയോജനപ്പെടുത്തുകയും ക്ഷീരമേഖലയുമായി ബന്ധപ്പെട്ടുള്ള പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണമെന്നും പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതികളിൽ പലതും പ്രായോഗികവും ഫലപ്രദവും ജനങ്ങൾക്ക് പ്രയോജന പ്രദവുമല്ലാത്ത രീതിയിൽ ആകുന്ന പ്രവണത ഒഴിവാക്കണമെന്നും സമാഹൃത റിപ്പോർട്ടിൽ വരുന്ന പരാമർശങ്ങൾ പരിഹരിക്കാനുള്ള വേദി എന്ന നിലയിലാണ് സമിതിയുടെ പ്രവർത്തനങ്ങളെ വിലയിരുത്തേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു.

നിഗമനങ്ങൾ / ശിപാർശകൾ

142. പ്രായോഗികമല്ലാത്ത പദ്ധതികൾക്കായി പണം ചെലവഴിച്ചതിനുശേഷം ഇടയ്ക്കുവച്ച് ഉപേക്ഷിക്കുന്ന പ്രവണത വർദ്ധിച്ചുവരികയാണെന്നും അത്തരം പദ്ധതികൾക്ക് അംഗീകാരം നൽകാതിരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ഡി.പി.സി.യുടെ അംഗീകാരത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യത്തിൽ കൃത്യമായ പരിശോധന നടക്കുന്നില്ലെന്നും ഭരണസമിതി നിർദ്ദേശിക്കുന്ന പദ്ധതി സാധ്യമായതല്ലെങ്കിൽ അത് തള്ളിക്കളയാനുള്ള അധികാരം സെക്രട്ടറിക്കുണ്ടെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവർത്തന സ്വഭാവമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുപകരം കാലാനുസൃതമായ പദ്ധതികൾ ആവിഷ്കരിക്കണമെന്നും മുൻ വർഷത്തെ ഇക്കണോമിക് റിവ്യൂവിൽ പദ്ധതിയിനത്തിൽ അനുവദിച്ച തുക പോലും ചെലവഴിക്കപ്പെട്ടിട്ടില്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഇക്കാര്യത്തിൽ പരിശോധന നടത്തിയാൽ

അനുവദിച്ച തുക പോലും ചെലവഴിക്കപ്പെട്ടിട്ടില്ലെന്നത് മനസ്സിലാക്കാൻ സാധിക്കുമെന്നും സമിതി വ്യക്തമാക്കുന്നു.

143. ഇടുക്കിയിലെ പ്രാദേശിക സാധ്യതകൾ പ്രയോജനപ്പെടുത്തുകയും ക്ഷീരമേഖലയുമായി ബന്ധപ്പെട്ടുള്ള പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണമെന്നും പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതികളിൽ പലതും പ്രായോഗികവും ഫലപ്രദവും ജനങ്ങൾക്ക് പ്രയോജന പ്രദവുമല്ലാത്ത രീതിയിൽ ആകുന്ന പ്രവണത ഒഴിവാക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

144. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2025 സെപ്റ്റംബർ 18.

അനുബന്ധം - I

പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

ക്രമ നം.	ഖണ്ഡിക	ബന്ധപ്പെട്ട വകുപ്പ്	നിഗമനങ്ങൾ/ ശിപാർശകൾ
1	7	തദ്ദേശ സ്വയംഭരണ വകുപ്പ്	കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ സമിതിക്ക് കൈമാറിയിട്ടുണ്ടെന്നും കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഗുണഭോക്തൃ സമിതിയാണ് നൽകുന്നതെന്നും അത്തരം ക്രമീകരണം പഞ്ചായത്ത് മെമ്പർമാരുടെ നേതൃത്വത്തിൽ കാര്യക്ഷമമായി നടപ്പിലാക്കി വരികയാണെന്നുമുള്ള രാജകുമാരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.
2	8	തദ്ദേശ സ്വയംഭരണ വകുപ്പ്	വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച തുടർ നടപടി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
3	9	തദ്ദേശ സ്വയംഭരണ വകുപ്പ്	പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിലെ 46 കുടിവെള്ള പദ്ധതികളും ഗുണഭോക്തൃ സമിതിക്ക് കൈമാറിയിട്ടുണ്ടെന്നും ജലലഭ്യതയില്ലാത്ത 6 കുടിവെള്ള പദ്ധതികളും ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി കുടിവെള്ളം ലഭ്യമാക്കുന്നതാണെന്നുമുള്ള പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.
4	11	തദ്ദേശ സ്വയംഭരണ വകുപ്പ്	കുടിവെള്ള പദ്ധതികളുടെ ആസ്തിസംരക്ഷണം കാര്യക്ഷമമല്ല എന്ന പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ രാജകുമാരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
5	14	തദ്ദേശ സ്വയംഭരണ വകുപ്പ്	കുടിവെള്ള പദ്ധതികൾക്കായി ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ വിനിയോഗിക്കാതെ ശേഷിക്കുന്നു എന്ന പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ രാജകുമാരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
6	17	തദ്ദേശ സ്വയംഭരണ വകുപ്പ്	2013-14 ലെ ഓഡിറ്റ് പരാമർശത്തിന്മേൽ, മുൻ സാമ്പത്തിക വർഷം കുഴൽക്കിണർ നിർമ്മിച്ചിട്ടുണ്ടെന്നും നടപ്പ് സാമ്പത്തിക

			വർഷം മോട്ടോർ സ്ഥാപിക്കുന്നതിനുള്ള അംഗീകാരം ലഭിച്ചിട്ടുള്ളതിനാൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതാണെന്നുമുള്ള കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. വിദ്യാർത്ഥികൾക്ക് കുടിവെള്ളത്തിനായി എന്ത് സൗകര്യമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന സമിതിയുടെ ചോദ്യത്തിന് വ്യക്തമായി മറുപടി നൽകാത്ത ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടി സമിതി ഗൗരവപൂർവ്വം വീക്ഷിക്കുന്നു. ഇത്തരം പ്രവണത ആവർത്തിക്കരുതെന്ന കർശന നിർദേശം നൽകുന്നതോടൊപ്പം ഓഡിറ്റ് പരാമർശം സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
7	23	തദ്ദേശ സ്വയംഭരണ വകുപ്പ്	കളിസ്ഥലം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഒരു വശം റോഡും മറുവശം തോടുമാണെന്നും കളിസ്ഥലത്തിന് ചുറ്റുമതിൽ നിർമ്മിച്ചാൽ തോടിന്റെ മറുവശത്ത് താമസിക്കുന്ന പത്തോളം വീട്ടുകാർക്ക് സഞ്ചാര സ്വാതന്ത്ര്യം നഷ്ടപ്പെടുമെന്നും ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ച സാഹചര്യത്തിൽ കുടുംബങ്ങൾക്ക് വഴി സൗകര്യം ലഭ്യമാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനം എടുക്കണമെന്നും ജില്ലാ പഞ്ചായത്ത് മുൻകൈ എടുത്ത് കളിസ്ഥലത്തിന്റെ ബാക്കി ഭാഗം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.
8	32	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസമേഖലയ്ക്കുവേണ്ടി വകയിരുത്തുന്ന തുകകൾ അപര്യാപ്തം എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് അടിമാലി, കഞ്ഞിക്കുഴി എന്നീ ഗ്രാമപഞ്ചായത്തുകൾ തൽസ്ഥിതി വിവരങ്ങൾ അടങ്ങുന്ന റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് നൽകണമെന്ന് സമിതി നിർദേശിക്കുന്നു.
9	33	തദ്ദേശ സ്വയംഭരണ വകുപ്പ്	വകയിരുത്തുന്ന തുകകൾ പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ അറക്കുളം ഗ്രാമപഞ്ചായത്ത് കൃത്യമായ മറുപടി ഓഡിറ്റ് വിഭാഗത്തിന് നൽകിയിട്ടില്ല എന്ന് സമിതി മനസിലാക്കുന്നു. ഓഡിറ്റ് പരാമർശം വന്ന് നിരവധി വർഷങ്ങൾക്കുശേഷവും മറുപടി ലഭ്യമാക്കാത്ത പഞ്ചായത്തിന്റെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം കൃത്യമായ മറുപടി ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.
10	42	തദ്ദേശ സ്വയംഭരണ വകുപ്പ്	ഓഡിറ്റ് പരാമർശത്തിന്മേൽ അടിമാലി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വിഭാഗത്തിന് യഥാസമയം മറുപടി ലഭ്യമാക്കാതിരുന്നതിൽ സമിതി

			അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത വിഷയത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഫോളോഅപ് നടത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് പരാമർശം സംബന്ധിച്ച് മറുപടി ഓഡിറ്റ് വിഭാഗത്തിന് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.
11	43	തദ്ദേശ സ്വയംഭരണ വകുപ്പ്	എസ്.എസ്.എ. പദ്ധതി നടത്തിപ്പിൽ പോരായ്മകൾ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.
12	54	തദ്ദേശ സ്വയംഭരണ വകുപ്പ്	ചെറുകിട വ്യവസായ/തൊഴിൽ സംരംഭങ്ങൾ നിഷ്ക്രിയ ആസ്തികളായി മാറുന്നു എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടുള്ളതായി ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ആയതിന്മേൽ സ്വീകരിച്ച തുടർ നടപടി സമിതിയെ അറിയിക്കണമെന്ന് സമിതി നിർദേശിക്കുന്നു.
13	55	തദ്ദേശ സ്വയംഭരണ വകുപ്പ്	ഇടുക്കി ജില്ലയിൽ ചെറുകിട വ്യവസായ / തൊഴിൽ സംരംഭങ്ങളിൽ സ്വകാര്യ മേഖലയിൽ സംരംഭകരെ കണ്ടെത്തി പ്രവർത്തനക്ഷമമായ മെഷീനുകൾ ഉപയോഗിക്കാനുള്ള നടപടി സ്വീകരിച്ചില്ലെന്നും സർക്കാർ ഖജനാവിൽ നിന്നും തുക നഷ്ടപ്പെടുത്തിയെന്നുമുള്ള ഓഡിറ്റ് പരാമർശം വന്നിട്ടും നാളിതുവരെ മെഷീനുകൾ ഫലപ്രദമായി ഉപയോഗിക്കുവാനുള്ള നടപടി പഞ്ചായത്തിന്റെ ഭാഗത്തുനിന്നും സ്വീകരിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. മൂന്നാർ ഗ്രാമപഞ്ചായത്തിലെ അടച്ചുപൂട്ടപ്പെട്ട/പ്രവർത്തനം നിലച്ച ചെറുകിട/വ്യവസായ തൊഴിൽശാലകളിലെ മെഷീനുകളുടെ സാധുത പരിശോധിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.
14	57	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിൽ വ്യവസായത്തിനായി വാങ്ങിയ ഭൂമിയും കെട്ടിടങ്ങളും മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
15	59	തദ്ദേശ സ്വയംഭരണ വകുപ്പ്	മൂന്നാർ ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ യൂണിറ്റിനായി ആരംഭിച്ച വ്യവസായ സംരംഭങ്ങൾ ഫലപ്രദമായി നടപ്പിലാക്കാത്തത് സംബന്ധിച്ച് ജോയിന്റ് ഡയറക്ടർ അന്വേഷണം നടത്തി ബന്ധപ്പെട്ട ഭരണ വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

16	63	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശ സ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വാത്തിക്കുടി, വണ്ണപ്പുറം എന്നീ ഗ്രാമപഞ്ചായത്തുകളിലെ പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമല്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.
17	65	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശ സ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഉടുമ്പൻചോല, മാങ്കുളം എന്നീ ഗ്രാമപഞ്ചായത്തുകളിലെ പെർഫോമൻസ് ഗ്രാന്റ് വിനിയോഗം, ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കുന്നു, എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.
18	67	തദ്ദേശ സ്വയംഭരണ വകുപ്പ്	ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ മണൽ വില്പനയുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.
19	69	തദ്ദേശ സ്വയംഭരണ വകുപ്പ്	പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിൽ പെൻഷൻ അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
20	71	തദ്ദേശ സ്വയംഭരണ വകുപ്പ്	ഇടവെട്ടി ഗ്രാമപഞ്ചായത്തിൽ മരണപ്പെട്ടയാൾക്ക് പെൻഷൻ നൽകി എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
21	73	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കാമാക്ഷി ഗ്രാമപഞ്ചായത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മൃഗസംരക്ഷണ / ക്ഷീര വികസന മേഖലയെ അവഗണിക്കുന്നു എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
22	81	തദ്ദേശ സ്വയംഭരണ വകുപ്പ്	ഓഡിറ്റ് പരാമർശം പരിഗണിക്കവേ മൃഗസംരക്ഷണ / ക്ഷീരവികസന മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പലപ്പോഴും ആവർത്തന സ്വഭാവമുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും കർഷകരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള പദ്ധതികൾ രൂപീകരിക്കുന്നില്ലെന്നും ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ നൽകിയ വിശദീകരണത്തിൽ നിന്നും സമിതി മനസിലാക്കുന്നു. ആവർത്തന സ്വഭാവമുള്ള പദ്ധതികൾ നടപ്പിലാക്കുന്നത് ഫണ്ട് ലാപ്സാകുന്നതിന് കാരണമാകുമെന്നതിനാൽ പദ്ധതികൾ നടപ്പിലാക്കുന്നത്

			സംബന്ധിച്ച മാർഗ്ഗരേഖയിൽ തദനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. കൂടാതെ ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
23	82	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കുമളി, കാമാക്ഷി, ആലക്കോട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മൃഗസംരക്ഷണ/ക്ഷീരവികസന മേഖലയിലെ ചെലവഴിക്കലുകൾ തൃപ്തികരമല്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
24	84	തദ്ദേശ സ്വയംഭരണ വകുപ്പ്	ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കാമാക്ഷി ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണ/ക്ഷീരവികസന മേഖലകളിൽ പദ്ധതികൾ നാമമാത്രം എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
25	86	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കന്നുകാലികളുടെ എണ്ണം ഗണ്യമായി കുറയുന്നു എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
26	90	തദ്ദേശ സ്വയംഭരണ വകുപ്പ്	കാലഘട്ടത്തിനനുസൃതവും നൂതനവും പഞ്ചായത്തുകൾക്ക് അനുയോജ്യവുമായ പദ്ധതികളായിരിക്കണം ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതെന്നും ഇക്കാര്യത്തിൽ കാര്യക്ഷമമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു. കൂടാതെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിൽ മൃഗസംരക്ഷണ/ക്ഷീരവികസന മേഖലയിലെ കർമ്മസമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദേശിക്കുന്നു.
27	91	തദ്ദേശ സ്വയംഭരണ വകുപ്പ്	ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കുമളി പഞ്ചായത്തിൽ മൃഗസംരക്ഷണ/ക്ഷീരവികസന മേഖലയിലെ കർമ്മസമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.
28	93	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാമാക്ഷി ഗ്രാമപഞ്ചായത്തിൽ തൊഴുത്ത് നിർമ്മാണത്തിന് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

29	95	തദ്ദേശ സ്വയംഭരണ വകുപ്പ്	മൃഗങ്ങളുടെ രോഗചികിത്സ, പ്രതിരോധം, ആരോഗ്യപരിപാലനം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല, മൃഗാശുപത്രികളിൽ മരുന്നുകൾ അപര്യാപ്തം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി ഇടപെടുന്നില്ല എന്നീ ഓഡിറ്റ് പരാമർശങ്ങളിന്മേൽ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
30	108	തദ്ദേശ സ്വയംഭരണ വകുപ്പ്	ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി എന്ന ഓഡിറ്റ് പരാമർശത്തിലെ കുമളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
31	109	തദ്ദേശ സ്വയംഭരണ വകുപ്പ്	ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ആവിഷ്കരിക്കുകപോലും ചെയ്യാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്ന ഓഡിറ്റ് പരാമർശത്തിലെ കാമാക്ഷി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
32	110	തദ്ദേശ സ്വയംഭരണ വകുപ്പ്	വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ കന്നുകുട്ടി പരിപാലന പദ്ധതി മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്നതിൽ പഞ്ചായത്തിന് അപാകത സംഭവിച്ചുവെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. തദ്ദേശസ്വയംഭരണ - മൃഗസംരക്ഷണ വകുപ്പുകളും പഞ്ചായത്തും യോജിച്ച് നടപ്പാക്കേണ്ടിയിരുന്ന പദ്ധതിയിന്മേൽ ഏകോപനക്കുറവ് മൂലം സർക്കാർ നൽകിയ തുക ചെലവഴിക്കാതിരുന്നത് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. വാഴത്തോപ്പ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കുവേണ്ടി ആവശ്യമായ തുക ഒട്ടുക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ വിശദമായ മറുപടി ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
33	111	തദ്ദേശ സ്വയംഭരണ വകുപ്പ്	കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശത്തിലെ ആലക്കോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ വിശദമായ മറുപടി അടിയന്തരമായി ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കുമളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാനും സമിതി ശിപാർശ ചെയ്യുന്നു.

34	114	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കശാപ്പുശാലകൾ സ്ഥാപിക്കുന്നതിലും നടത്തിപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം ഫലപ്രദമല്ല എന്ന ഇടുക്കി ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
35	115	തദ്ദേശ സ്വയംഭരണ വകുപ്പ്	ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ കുമളിയിൽ പ്രവർത്തിക്കുന്ന റിൻഡർ ചെക്ക് പോസ്റ്റുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
36	118	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കോലാനി പൗൾട്രി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
37	123	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഫാമുകളിലെ യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
38	125	തദ്ദേശ സ്വയംഭരണ വകുപ്പ്	ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ പഞ്ചായത്തിലെ ഫാമുകളിലെ തീറ്റ സംഭരണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
39	127	തദ്ദേശ സ്വയംഭരണ വകുപ്പ്	ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ പഞ്ചായത്തിലെ ഫാം ഉല്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
40	129	തദ്ദേശ സ്വയംഭരണ വകുപ്പ്	ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ പഞ്ചായത്തിലെ ഫാമിലെ ജീവനക്കാരെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
41	132	തദ്ദേശ സ്വയംഭരണ വകുപ്പ്	ഇടുക്കി ജില്ലാ പഞ്ചായത്തിലെ ഫാമുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് സഹായകരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
42	142	തദ്ദേശ സ്വയംഭരണ വകുപ്പ്	പ്രായോഗികമല്ലാത്ത പദ്ധതികൾക്കായി പണം ചെലവഴിച്ചതിനുശേഷം ഇടയ്ക്കുവച്ച് ഉപേക്ഷിക്കുന്ന പ്രവണത വർദ്ധിച്ചുവരികയാണെന്നും അത്തരം പദ്ധതികൾക്ക് അംഗീകാരം നൽകാതിരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ഡി.പി.സി.യുടെ അംഗീകാരത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും പദ്ധതി

			നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യത്തിൽ കൃത്യമായ പരിശോധന നടക്കുന്നില്ലെന്നും ഭരണസമിതി നിർദ്ദേശിക്കുന്ന പദ്ധതി സാധ്യമായതല്ലെങ്കിൽ അത് തള്ളിക്കളയാനുള്ള അധികാരം സെക്രട്ടറിക്കുണ്ടെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവർത്തന സ്വഭാവമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുപകരം കാലാനുസൃതമായ പദ്ധതികൾ ആവിഷ്കരിക്കണമെന്നും മുൻ വർഷത്തെ ഇക്കണോമിക് റിവ്യൂവിൽ പദ്ധതിയിനത്തിൽ അനുവദിച്ച തുക പോലും ചെലവഴിക്കപ്പെട്ടിട്ടില്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഇക്കാര്യത്തിൽ പരിശോധന നടത്തിയാൽ അനുവദിച്ച തുക പോലും ചെലവഴിക്കപ്പെട്ടിട്ടില്ലെന്നത് മനസ്സിലാക്കാൻ സാധിക്കുമെന്നും സമിതി വ്യക്തമാക്കുന്നു.
43	143	തദ്ദേശ സ്വയംഭരണ വകുപ്പ്	ഇടുക്കിയിലെ പ്രാദേശിക സാധ്യതകൾ പ്രയോജനപ്പെടുത്തുകയും ക്ഷീരമേഖലയുമായി ബന്ധപ്പെട്ടുള്ള പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണമെന്നും പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതികളിൽ പലതും പ്രായോഗികവും ഫലപ്രദവും ജനങ്ങൾക്ക് പ്രയോജന പ്രദവുമല്ലാത്ത രീതിയിൽ ആകുന്ന പ്രവണത ഒഴിവാക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.
44	144	തദ്ദേശ സ്വയംഭരണ വകുപ്പ്	ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2013-2014 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ അദ്ധ്യായം 5, 6 എന്നിവയിൽ ഉൾപ്പെട്ട ഇടുക്കി ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
5.1.5.13	<u>**കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല -**</u> തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികബാധ്യത	
	<u>**രാജകുമാരി ഗ്രാമപഞ്ചായത്ത്**</u> ഇടുക്കി ജില്ലയിലെ രാജകുമാരി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ഗുണബോക്തൃ സമിതികൾക്കാണെങ്കിലും ഇവയൊന്നും തന്നെ സമിതികൾക്ക് എഗ്രിമെന്റ് പ്രകാരം സറണ്ടർ ചെയ്ത് നൽകിയിട്ടില്ല. ഇതു മൂലം 1,01,111/- രൂപ വൈദ്യുതിക്കുടിശ്ശിക ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ഒടുക്കേണ്ടി വന്നിട്ടുണ്ട്.	പട്ടികവർഗ്ഗ പട്ടികജാതി വിഭാഗങ്ങൾ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന തമിഴ് തൊഴിലാളി വിഭാഗങ്ങൾ എന്നിവർ ഗുണഭോക്താക്കളായുള്ള കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ്ജ് കുടിശികയാണ് പഞ്ചായത്തിൽ നിന്നും അടവാക്കിയിട്ടുള്ളതെന്നും നിലവിൽ എല്ലാ പദ്ധതികളും കരാർ വച്ച് സമതികൾക്ക് കൈമാറിയിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുള്ള വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.
	വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ കമ്മിറ്റികൾക്കാണെങ്കിലും പദ്ധതികൾ ഒന്നും തന്നെ കരാർ ചമച്ച് കമ്മിറ്റികൾക്ക് കൈമാറിയിട്ടില്ല.	വെളിയാമറ്റം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ഭൂരിഭാഗം കുടിവെള്ള പദ്ധതികളും (16 കുടിവെള്ള പദ്ധതികൾ) ജലനിധിവഴി നിർമ്മാണം നടത്തി കരാർ ചമച്ച് ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറിയിട്ടുള്ളതാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിച്ചുവരുന്ന രണ്ട് കുടിവെള്ള പദ്ധതികളും (ഇറുക്കുപാലം കുടിവെള്ള പദ്ധതി, കൊന്താലപള്ളി കുടിവെള്ള പദ്ധതി) എന്നിവകൂടി ജലനിധി വഴി ഏറ്റെടുത്തിട്ടുള്ളതുമാണ്. ശേഷിയ്ക്കുന്ന കുടിവെള്ളപദ്ധതികൾ പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം ഗുണഭോക്തൃസമിതിയ്ക്ക് കൈമാറിയിട്ടുള്ളതാണ്. പഞ്ചായത്ത് നേരിട്ട് കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം നടത്തുന്നില്ലെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ

		അറിയിച്ചിട്ടുള്ള വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.
	പാമ്പാട്ടുംപാറ ഗ്രാമപഞ്ചായത്ത് പാമ്പാട്ടുംപാറ ഗ്രാമപഞ്ചായത്തിലെ 46 കുടിവെള്ള പദ്ധതികളിൽ 13 എണ്ണം മാത്രമാണ് കരാർ ചമച്ച് ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടുള്ളത്.	പാമ്പാട്ടുംപാറ ഗ്രാമപഞ്ചായത്തിലെ 46 കുടിവെള്ള പദ്ധതികളിൽ 46 എണ്ണവും ഗുണഭോക്തൃസമിതിയ്ക്ക് കൈമാറിയിട്ടുണ്ടെന്നും ഇവയിൽ 39 എണ്ണമാണ് ഇപ്പോൾ പ്രവർത്തിക്കുന്നതെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുള്ള വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.
5.1.5.14	**കുടിവെള്ള പദ്ധതികളുടെ ആസ്തിസംരക്ഷണം കാര്യക്ഷമമല്ല**	
	<u>രാജകുമാരി ഗ്രാമപഞ്ചായത്ത്</u> സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളിൽ കുടിവെള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളിൽ കുടിവെള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ പദ്ധതി സ്ഥലം തദ്ദേശ ഭരണസ്ഥാപനത്തിന് രജിസ്റ്റർ ചെയ്ത് കൈമാറേണ്ടതും, പഞ്ചായത്തിന്റെ പേരിൽ പോക്കുവരവ് നടത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികളിൽ നിയമപരമായ സറണ്ടർ നടപടികൾ പൂർത്തിയാക്കാതെയാണ് നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. ടാങ്ക്, പമ്പ്ഹൗസ് മുതലായ കുടിവെള്ള ആസ്തികളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ പ്രത്യേക രേഖകൾ ഒന്നും തന്നെ സൂക്ഷിച്ചിട്ടില്ല.	സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളിൽ നിന്നും ലാൻഡ് റിലിംഗിഷ്മെന്റ് ഫോറത്തിൽ സ്ഥലം സറണ്ടർ ചെയ്ത് വാങ്ങിയാണ് പല കുടിവെള്ള പദ്ധതികളും നടപ്പിലാക്കിയിട്ടുള്ളത്. കൂടുതൽ സ്ഥലങ്ങൾക്കും പട്ടയമില്ലാത്തതിനാൽ ഇവ ആധാരം ചെയ്യുന്നതിനോ പോക്കുവരവ് ചെയ്യുന്നതിനോ സാധിക്കുകയില്ലാത്തതിനാൽ സ്ഥല ഉടമകളിൽ നിന്നും മുദ്ര പത്രത്തിൽ സമ്മതപത്രം എഴുതി വാങ്ങി സ്ഥലം പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ടെന്നും ഇവയെല്ലാം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളതും പഞ്ചായത്തിന്റെ കൈവശത്തിൽ നിലനിൽക്കുന്നതുമാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുള്ള വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.
5.1.5.15	**കുടിവെള്ള പദ്ധതികൾക്കായി ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ വിനിയോഗിക്കപ്പെടാതെ ശേഷിക്കുന്നു**	
	<u>രാജകുമാരി ഗ്രാമപഞ്ചായത്ത്</u> 2005-06 മുതൽ 2011-12 വരെ ഏഴ് കുടിവെള്ള	കേരള വാട്ടർ അതോറിറ്റിയിൽ തുക അടവാക്കിയിട്ടുള്ളത് സംബന്ധിച്ച പൂർത്തീകരണ സാക്ഷ്യപത്രം വാങ്ങി പഞ്ചായത്തിൽ

<table>
<tr><td></td><td>പദ്ധതികൾക്കായി 8,61,540/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയെങ്കിലും നാളിതുവരെ അതോറിറ്റി പൂർത്തീകരണ സാക്ഷ്യപത്രം നൽകിയിട്ടില്ല.</td><td>സൂക്ഷിച്ചിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുള്ള വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.</td></tr>
<tr><td>5.2.4.7</td><td>സ്കൂളുകളിലെ ശുദ്ധജലവിതരണം കാര്യക്ഷമമല്ല</td><td></td></tr>
<tr><td></td><td><u>കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്</u>
ഗ്രാമപഞ്ചായത്തിലെ ഏഴുകമ്പി ഗവൺമെന്റ് എൽ.പിൽസ്കൂൾ കോമ്പൗണ്ടിലുള്ള കുഴൽക്കിണറാണ് വിദ്യാലയത്തിലെ ഏക ജലസ്രോതസ്സ്. ഫെബ്രുവരി മുതൽ ഏപ്രിൽ മാസം വരെ കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നുണ്ടെങ്കിലും പ്രശ്ന പരിഹാരത്തിനാവശ്യമായ യാതൊരു നടപടികളും നാളിതുവരെയും സ്വീകരിച്ചിട്ടില്ല. 2005-06 വർഷം 45,000/- രൂപ എസ്.എസ്.എ. പദ്ധതിയിൽ വകയിരുത്തി നിർമ്മിച്ച മഴവെള്ള സംഭരണി നിർമ്മാണത്തിലെ അപാകതകളും കാര്യക്ഷമതയില്ലായ്മയും മൂലം നാളിതുവരെ പ്രവർത്തനക്ഷമമമാക്കുവാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തിലെ നങ്കി ഗവൺമന്റ് എൽ.പി.സ്കൂളും കടുത്ത കുടിവെള്ളക്ഷാമം നേരിടുന്നുണ്ട്. കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന മാസങ്ങളിൽ കുടിവെള്ളം വിലയ്ക്ക് വാങ്ങുകയാണ് ചെയ്യുന്നത്.</td><td>കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ ഏഴുകമ്പി ഗവ. എൽ.പി. സ്കൂളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം കുഴൽ കിണർ നിർമ്മിച്ചിട്ടുള്ളതാണ്. മോട്ടോറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിന് 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുക വകയിരുത്തിയിട്ടുള്ളതാണ്.
നങ്കി ഗവ.എൽ.പി സ്കൂളിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ ഉള്ള പൊതുകിണറിൽ നിന്നുമാണ് കുടിവെള്ളം നല്കി വരുന്നത്. 2022-23 വർഷം 1,27,031/- രൂപ വകയിരുത്തി കുഴൽ കിണർ നിർമ്മിച്ചിരുന്നു. ഗ്രാമപഞ്ചായത്തിലെ ഘടകസ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും മോട്ടോറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിന് ഈ വർഷത്തെ വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുള്ളതും പ്രൊജക്റ്റ് ഏറ്റെടുത്തിട്ടുള്ളതുമാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുള്ള വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.</td></tr>
<tr><td>5.2.4.16</td><td>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ-വിദ്യാഭ്യാസ മേഖലയ്ക്കുവേണ്ടി വകയിരുത്തുന്ന തുകകൾ അപര്യാപ്തം</td><td></td></tr>
<tr><td></td><td><table>
<tr><th colspan="2">അടിമാലി ഗ്രാമ പഞ്ചായത്ത്</th><th>വിവിധ മേഖലക്കായുള്ള വകയിരുത്തലുകൾ</th><th>വിദ്യാഭ്യാസ മേഖലയ്ക്കായുള്ള വകയിരുത്തൽ</th><th>%</th></tr>
<tr><td>2011-12</td><td rowspan="2">ഇടുക്കി</td><td>54920622</td><td>1578500</td><td>2.87</td></tr>
<tr><td>2012-13</td><td>57233736</td><td>2551073</td><td>4.45</td></tr>
</table></td><td>ഓരോ മേഖലയ്ക്കും നിർബന്ധിതമായി മാറ്റി വെയ്ക്കേണ്ട തുകകൾ മാറ്റി വെച്ചതിന് ശേഷം ലഭ്യമായ തുകയിൽനിന്നും ആനുപാതികമായിട്ടായിരുന്നു വിദ്യാഭ്യാസ മേഖലയ്ക്കും തുക വകയിരുത്തിയിരുന്നതെന്നും തുടർന്നുള്ള വർഷങ്ങളിൽ വിദ്യാഭ്യാസ മേഖലയ്ക്ക് ആവശ്യമായ തുക വകയിരുത്തി പദ്ധതികൾ ഏറ്റെടുത്തു വന്നിട്ടുള്ളതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ</td></tr>
</table>

<table>
<tr><td></td><td></td><td>ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുള്ള വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.</td></tr>
<tr><td></td><td>
<table>
<tr><td>കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്</td><td></td><td>വിവിധ മേഖലക്കായുള്ള വകയിരുത്തലുകൾ</td><td>വിദ്യാഭ്യാസ മേഖലയ്ക്കായുള്ള വകയിരുത്തൽ</td><td>%</td></tr>
<tr><td>2010-11</td><td rowspan="4">ഇടുക്കി</td><td>21282112</td><td>917919</td><td>4.31</td></tr>
<tr><td>2011-12</td><td>23924147</td><td>1172799</td><td>4.90</td></tr>
<tr><td>2012-13</td><td>24800013</td><td>2104326</td><td>8.48</td></tr>
<tr><td>2010-11</td><td>21282112</td><td>917919</td><td>4.31</td></tr>
</table>
</td><td>ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം 4,48,12,000/- രൂപ ജനറൽ പർപ്പസ് ഫണ്ടിൽ 4.5 ശതമാനം വിദ്യാഭ്യാസ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വകയിരുത്തിയിട്ടുള്ളതാണെന്നും വരും വർഷങ്ങളിൽ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുതകും വിധം കൂടുതൽ തുക വാർഷിക പദ്ധതിയിൽ വകയിരുത്തുന്നതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുള്ള വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.</td></tr>
<tr><td></td><td>വകയിരുത്തുന്ന തുകകൾ പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കുന്നില്ല</td><td></td></tr>
<tr><td></td><td>
<table>
<tr><td>അറക്കുളം ഗ്രാമപഞ്ചായത്ത്</td><td></td><td>വിവിധ മേഖലക്കായുള്ള വകയിരുത്തലുകൾ</td><td>വിദ്യാഭ്യാസ മേഖലയ്ക്കായുള്ള വകയിരുത്തൽ</td><td>%</td></tr>
<tr><td>2011-12</td><td rowspan="2">ഇടുക്കി</td><td>8530630</td><td>6109995</td><td>72</td></tr>
<tr><td>2012-13</td><td>2225981</td><td>1977981</td><td>89</td></tr>
</table>
</td><td>അറക്കുളം ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വകയിരുത്തിയ തുക പ്രസ്തുത വർഷങ്ങളിൽ പൂർണമായും ചെലവഴിച്ചിരുന്നില്ലായെങ്കിലും പിന്നീടുള്ള എല്ലാ വർഷങ്ങളിലും ടി മേഖലയിലെ ചെലവ് ശതമാനം കൂടിയിട്ടുള്ളതാണെന്നും നിലവിലും, വരും വർഷങ്ങളിലും വിദ്യാഭ്യാസ മേഖലയ്ക്ക് ആവശ്യമായ തുകകൾ വകയിരുത്തുന്നതും അവ പൂർണമായി ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുള്ള വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.</td></tr>
<tr><td>5.2.4.18</td><td>സ്കൂൾ വിദ്യാഭ്യാസമേഖലയും സർവ്വശിക്ഷാ അഭ്യാനം</td><td></td></tr>
<tr><td></td><td>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസമേഖലയിൽ ചെലവഴിച്ചതും, എസ്.എസ്.എ.യ്ക്ക് നൽകിയതുമായ തുകകളുടെ താരതമ്യം</td><td>എസ്. എസ്. എ. പദ്ധതികളുടെ നടപ്പിലുള്ള പോരായ്മകൾ ഒഴിവാക്കുന്നതിന് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മുഖേന ഇടപെടൽ നടത്തിവരുന്നതാണെന്നും ഓരോ</td></tr>
</table>

<table>
<tr><td></td><td><table><tr><td>അടിമാലി ഗ്രാമപഞ്ചായത്ത് - ഇടുക്കി</td><td>2012-13</td><td>2987135</td><td>1926873</td></tr></table></td><td>മേഖലയ്ക്കും നിർബന്ധിതമായി മാറ്റി വെയ്ക്കേണ്ട തുകകൾ മാറ്റി വെച്ചതിന് ശേഷം ലഭ്യമായ തുകയിൽനിന്നും ആനുപാതികമായിട്ടായിരുന്നു എസ്.എസ്.എ.യ്ക്ക് തുക വകയിരിത്തിയിരുന്നതെന്നും തുടർന്നുള്ള വർഷങ്ങളിൽ എസ്. എസ്. എ. ബഡ്ജറ്റ് വിഹിതത്തിന് ആനുപാതികമായി തുക വകയിരുത്തിവന്നിട്ടുള്ളതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുള്ള വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.</td></tr>
<tr><td></td><td>എസ്.എസ്.എ.ബജറ്റ് വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൂർണ്ണമായും ചെലവഴിക്കുന്നില്ല</td><td></td></tr>
<tr><td></td><td>എസ്.എസ്.എ.ബജറ്റും, ചെലവു തുകയും തമ്മിലുള്ള താരതമ്യം<table><tr><td>അടിമാലി ഗ്രാമ പഞ്ചായത്ത് - ഇടുക്കി</td><td>ബജറ്റ് തുക - 2011-12</td><td>എസ് .എസ്. എ ബജറ്റ് തുക</td><td>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ തുക</td><td>ചെലവഴിച്ച തുക</td><td>%</td></tr><tr><td></td><td></td><td>3402715</td><td>1500000</td><td>1608998</td><td>47.28</td></tr></table></td><td>ഓരോ മേഖലയ്ക്കും നിർബന്ധിതമായി മാറ്റി വെയ്ക്കേണ്ട തുകകൾ മാറ്റി വെച്ചതിന് ശേഷം ലഭ്യമായ തുകയിൽനിന്നും ആനുപാതികമായിട്ടായിരുന്നു എസ്.എസ്.എ.യ്ക്ക് തുക വകയിരിത്തിയിരുന്നതെന്നും തുടർന്നുള്ള വർഷങ്ങളിൽ എസ്. എസ്. എ. ബഡ്ജറ്റ് വിഹിതത്തിന് ആനുപാതികമായി തുക വകയിരുത്തിവന്നിട്ടുള്ളതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുള്ള വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.</td></tr>
<tr><td></td><td><u>കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്.</u>
ഗ്രാമപഞ്ചായത്തിലുള്ള ഏഴുകമ്പി ഗവൺമെന്റ് യു.പി.സ്കൂളിന് രണ്ട് ക്ലാസ്സ് മുറികൾ കൂടി നിർമ്മിക്കുന്നതിനായി 2011-12 ൽ 6,20,000/- രൂപ എസ്.എസ്.എ. പദ്ധതിയിൽ വകയിരുത്തി ചെലവഴിച്ചു. എന്നാൽ കെട്ടിടത്തിന്റെ മേൽക്കൂര കോൺക്രീറ്റ് ചെയ്തതല്ലാതെ മറ്റ് പ്രവൃത്തികളൊന്നും പൂർത്തിയാക്കിയിട്ടില്ല. ഒന്നു മുതൽ 4 ക്ലാസ്സുകളിൽ നാലു ഡിവിഷനുകളിലായി ആകെ 38 കുട്ടികളാണ് സ്കൂളിലുള്ളത്. ആവശ്യത്തിന് ക്ലാസ്സ്</td><td>കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലുള്ള ഏഴുകമ്പി ഗവ. എൽ.പി സ്കൂളിൽ രണ്ട് ക്ലാസ്സ് മുറികൾ കൂടി നിർമ്മിക്കുന്നതിനായി 2011-12 സാമ്പത്തിക വർഷം 6,20,000/- രൂപ എസ്.എസ്.എ. പദ്ധതിയിൽ വകയിരുത്തി ചെലവഴിച്ചിരുന്നു. ക്ലാസ് മുറികളുടെ നിർമ്മാണം 2017-18 പൂർത്തിയായിട്ടുള്ളതും ആയത് പ്രീ-പ്രൈമറി സെക്ഷന്റെ പ്രവർത്തനത്തിന് ഉപയോഗിച്ചുവരുന്നതുമാണ്. ഈ സ്കൂളിൽ നിലവിൽ 70 കുട്ടികൾ പഠിക്കുന്നുണ്ട. സ്കൂൾ ചുറ്റമതിൽ നിർമ്മാണത്തിന് 2023-24 സാമ്പത്തിക വർഷം 4,90,000/- രൂപ എം.ജി എൻ ആർ ഇ ജി എസ്</td></tr>
</table>

<table>
<tr><td></td><td>മുറികളും, സ്ഥലസൗകര്യവുമുള്ള സ്കൂളിൽ പദ്ധതിയെപ്പറ്റി വേണ്ടത്ര വിലയിരുത്തൽ നടത്താതെയാണ് എസ്.എസ്.എ. അധിക ക്ലാസ്സ് മുറികളുടെ നിർമ്മാണം നടത്തിയിട്ടുള്ളത്. സ്കൂളിന് ചുറ്റുമതിൽ ഇല്ല. ഉച്ചക്കഞ്ഞി വിതരണത്തിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തതയുമുണ്ട്. ഇതൊക്കെ നിലനിൽക്കെയായിരുന്നു അനാവശ്യമായ ക്ലാസ്സ് മുറി നിർമ്മാണം.</td><td>പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളതാണ്. ഇതിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ചുറ്റുമതിൽ നിർമ്മാണം താമസംവിനാ പൂർത്തീകരിക്കുന്നതാണ്. സ്കൂളിലെ ഉച്ചക്കഞ്ഞി വിതരണം കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് പര്യാപ്തമായ രീതിയിൽ നടപ്പിലാക്കി വരുന്നു. ഉച്ചക്കഞ്ഞി പാചകം ചെയ്യുന്നതിന് പാചകപ്പുര നിലവിലുള്ളതും കുട്ടികൾക്ക് സൗകര്യമായി ഇരുന്നു കഴിക്കുന്നതിനുമായി 2018-19 വർഷം തുക വകയിരുത്തി ഡൈനിംഗ് ഹാൾ നിർമ്മിച്ച് നല്കിയിട്ടുള്ളതുമാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുള്ള വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.</td></tr>
<tr><td>5.3.5.6</td><td>ചെറുകിട വ്യവസായ/തൊഴിൽ സംരംഭങ്ങൾ നിഷ്ക്രിയ ആസ്തികളായി മാറുന്നു</td><td></td></tr>
<tr><td></td><td><u>വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് - ഇടുക്കി</u>
<table>
<tr><th>തദ്ദേശസ്വയം ഭരണ സ്ഥാപനം/ജില്ല</th><th>പ്രോജക്ട്</th><th>ചെലവഴിച്ച് /പാഴായ തുക</th><th>ഇപ്പോഴത്തെ അവസ്ഥ</th></tr>
<tr><td>വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് - ഇടുക്കി</td><td>5 സംരംഭങ്ങൾ, 7 യൂണിറ്റുകൾ 2007-08 മുതൽ 2009-10 വരെ</td><td>1272338</td><td>7 യൂണിറ്റുകൾ - 2 എണ്ണം മാത്രം ഭാഗികമായി പ്രവർത്തിക്കുന്നു. അവശേഷിക്കുന്നവ പ്രവർത്തിക്കുന്നില്ല. യന്ത്രങ്ങൾ നശിക്കുന്നു.</td></tr>
</table></td><td>പ്രസ്തുത പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള സംരംഭങ്ങളിൽ വനിത പ്രിൻറിംങ് പ്രസ്സിന്റെ പ്രവർത്തനം നിലിവിൽ കാര്യക്ഷമമായി തുടർന്നു വരുന്നുണ്ട്. എന്നാൽ മറ്റ് സംരംഭങ്ങളുമായി ബന്ധപ്പെട്ട യന്ത്രസാമഗ്രികൾ കാലപ്പഴക്കത്തിൽ നശിച്ച് പോയതിനെ തുടർന്ന് ടി യൂണിറ്റുകളുടെ പ്രവർത്തനം നിലവിൽ നിലച്ചുപോയിട്ടുള്ളതാണെന്നു തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുള്ള വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു. ടി വിഷയത്തിൽ നിയമസഭാ സമിതിയ്ക്ക് റിപ്പോർട്ട് സമർപ്പിക്കാനും ബഹു. സമിതി മുമ്പാകെ നേരിട്ട് ഹാജരായി വിവരങ്ങൾ നൽകുവാനും വ്യവസായ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.</td></tr>
<tr><td></td><td><u>മൂന്നാർ ഗ്രാമപഞ്ചായത്ത്</u>
<table>
<tr><th>തദ്ദേശസ്വയം ഭരണ</th><th>പ്രോജക്ട്</th><th>ചെലവഴിച്ച്/പാഴായ</th><th>ഇപ്പോഴത്തെ അവസ്ഥ</th></tr>
</table></td><td>1. വനിതാ സൂപ്പർ മാർക്കറ്റ് പഴം പച്ചക്കറി സംഭരണവും എന്ന പ്രോജക്റ്റിനായി 2007-2008 വർഷം വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബശ്രീ മുഖേന വികസന ഫണ്ടിൽ നിന്നും</td></tr>
</table>

സ്ഥാപനം/ജില്ല		തുക	
മൂന്നാർ ഗ്രാമപഞ്ചായത്ത് - ഇടുക്കി	വിവിധങ്ങളായ 7 സംരംഭങ്ങൾ 2007-08 മുതൽ 2011-12 വരെ	5061365	7 പ്രോജക്ടുകളിൽ ഭാഗികമായി പ്രവർത്തിച്ചിരുന്ന ഒരു യൂണിറ്റിന്റെ പ്രവർത്തനംവും നിലച്ചു. മറ്റുള്ള ഒരു യൂണിറ്റും പ്രവർത്തിക്കുന്നില്ല. തന്മൂലം യന്ത്രങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നു.

15,00,000/- രൂപ ചെലവഴിച്ചു. എസ്റ്റേറ്റ് മേഖലയിൽ പലചരക്ക് സാധനങ്ങൾ എത്തിച്ച് വിപണനം നടത്തുന്നതുന്നതിനായി 6,74,710/- രൂപ ചിലവഴിച്ച് ഒരു ബൊലോറ ജീപ്പ് വാങ്ങിയിട്ടുള്ളതും ബാക്കി തുകയായ 8,25,290/- രൂപ 13/05/2008 ൽ പ്രോജക്ടിന്റെ നടത്തിപ്പിനായി കുടുംബശ്രീയുടെ ചുമതലയുള്ള വിഇഒ യെ ഏൽപ്പിച്ചിരുന്നു. ആദ്യ 2 വർഷം നല്ല രീതിയിൽ പ്രോജക്ട് പ്രവർത്തിച്ചിരുന്നുവെങ്കിലും നിലവിൽ ടി സ്ഥാപനം പ്രവർത്തനമില്ല. വാങ്ങിയ വാഹനം കാലപ്പഴക്കം മൂലം ഉപയോഗിക്കുന്നില്ല. നിലവിൽ ഈ വാഹനം കണ്ടമ്നേഷൻ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2. ഇൻഡസ്ട്രീയൽ ലോൺട്രി യൂണിറ്റ്

പദ്ധതി അടങ്കൽ തുക – 5,06,222/- ഈ പ്രോജക്ട് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയതാണ്. ലോൺട്രി യൂണിറ്റ് മെഷനറികൾ വാങ്ങി സ്ഥാപിച്ചതിന് 3,75,572/- രൂപ ചെലവായിട്ടുണ്ട് . ബാക്കി തുകയായ 1,30,650/- 13.05.2008-ൽ പ്രോജക്ടിന്റെ നടത്തിപ്പിനായി കുടുംബശ്രീയുടെ ചുമതലയുള്ള വിഇഒ യെ ഏൽപ്പിച്ചിരുന്നു. നിലവിൽ യൂണിറ്റ് യാതൊരു പ്രവർത്തനവും ഇല്ലാതെ നശിച്ച് പോയിട്ടുള്ളതാണ്.

3. വികലാംഗർക്ക് സ്വയം തൊഴിൽ പരിശീലന കേന്ദ്രം

പദ്ധതി അടങ്കൽ തുക – 2,00,000/-, ചിലവഴിച്ചത്- 75,572/-, ബാക്കിതുക- 1,24,428/-. വികലാംഗർക്ക് സ്വയം തൊഴിൽ പദ്ധതികൾക്കായി കരകൗശലവസ്തുകളുടെ നിർമ്മാണത്തിനായി ഒരു ഉൽപാദന യൂണിറ്റ് തുടങ്ങിയതിന് 75,572/- രൂപ ചിലവഴിക്കുകയും ബാക്കി തുക 1,24,428/- രൂപ പ്രോജക്ടിന്റെ നടത്തിപ്പ് ചുമതലയുണ്ടായിരുന്ന എൽ.വി.ഇ.ഒ-ക്ക് 13/05/2008 ൽ നൽകിയിരുന്നുവെന്നും ഒരുവർഷത്തോളം നല്ല രീതിയിൽ പ്രോജക്ട് പ്രവർത്തിച്ചിരുന്നുവെന്നും എന്നാൽ നിലവിൽ സംരംഭം പ്രവർത്തിക്കുന്നില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4. വനിത പപ്പട നിർമ്മാണ യൂണിറ്റ്

		-പദ്ധതി അടങ്കൽ തുക – 2,00,000/- നിർമ്മാണ യൂണിറ്റിനായി വാങ്ങിയ യന്ത്ര സാമഗ്രികൾ നിലവിൽ പ്രവർത്തനക്ഷമമാണ്. പഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി നിർവ്വണം നടത്തിയ പദ്ധതിയാണിത്. ടി യൂണിറ്റ് പ്രവർപ്പിക്കുന്നതിനുള്ള ഗുണഭോക്താകളുടെ ലിസ്റ്റ് പല തവണ ആവശ്യപ്പെട്ടിട്ടും ലഭ്യമായില്ലന്ന് അന്നത്ത എൽ വി ഇ ഒ അറിയിച്ചിട്ടുണ്ട്. യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 5. കുടുംബശ്രീ നേതൃത്വത്തിൽ ഫ്ളവർ മിൽ പദ്ധതി അടങ്കൽ – 2,00,000/- ഫ്ലവർ മില്ലിനായി വാങ്ങിയ ഉപകരണങ്ങൾ നിലവിൽ പ്രവർത്തന ക്ഷമമാണ്. പഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹണം നടത്തിയ പദ്ധതിയാണിത്. ടി യൂണിറ്റ് പ്രവർത്തപ്പിക്കുന്നതിനുള്ള ഉണഭോക്തകളായ കുടുബശ്രീ യൂണിറ്റ് അംഗങ്ങളുടെ ലിസ്റ്റ് നൽകാതിരുന്നതിനാലാണ് പ്രവർത്തനം തുടങ്ങാൻ സാധിക്കാത്തതിരുന്നതെന്നും നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്നില്ലെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുള്ള വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു 6) വനിതകൾക്ക് ജനതാ ഹോട്ടൽ സമുചയം പദ്ധതി അടങ്കൽ തുക – 4,00,000/- , ചെലവഴിച്ച തുക -1,00,000/- കുടുംബശ്രീ യൂണിറ്റ് നൽകിയ പ്രോജക്റ്റാണിത്. സ്ഥാപനം ഒരുവർഷം പ്രവർത്തിപ്പിച്ചു . ഇപ്പോൾ പ്രവർത്തനം ഇല്ല. 7) കുടുംബശ്രീ നേതൃത്വത്തിൽ പേപ്പർ ക്യാരി ബാഗ് നിർമ്മാണ യൂണിറ്റ്. ..ചിലവഴിച്ച തുക -22,99,443/- നിലവിൽ ടി സ്ഥാപനം പ്രവർത്തിക്കുന്നില്ലെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുള്ള വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു
5.3.5.9	**വ്യവസായത്തിനായി വാങ്ങിയ ഭൂമിയും കെട്ടിടങ്ങളും മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു**	

	<u>വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത്</u> വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി 2003-04 വർഷം 1,97,000/- രൂപ വിലമതിക്കുന്ന കെട്ടിടം ഉൾപ്പെടെയുള്ള 35.16 സെന്റ് സ്ഥലം ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് വാങ്ങിയിട്ടുണ്ടെങ്കിലും വ്യവസായപാർക്കിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒന്നും സജ്ജമാക്കിയിട്ടില്ല. വാങ്ങിയ കെട്ടിടം പഞ്ചായത്ത് വക കമ്മ്യൂണിറ്റി ഹാളായി ഉപയോഗിക്കുന്നു. കരസ്ഥമാക്കിയ ഭൂമി ഇപ്പോൾ മാലിന്യനിർമ്മാർജ്ജനത്തിനാണ് ഉപയോഗിക്കുന്നത്.	പരാമർശിച്ചിട്ടുള്ള പ്രകാരം വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി 2003-04 ൽ 1,97,000/- രൂപ വിലമതിക്കുന്ന സ്ഥലവും കെട്ടിടവും പഞ്ചായത്ത് വാങ്ങുകയുണ്ടായി. എന്നാൽ വ്യവസായ പാർക്ക് തുടങ്ങുന്നതിന് ഭൂമിശാസ്ത്രപരമായ അസൗകര്യങ്ങളാൽ ടി സ്ഥലം അനുയോജ്യമല്ലെന്നും കെട്ടിടത്തിൻറ ഒരു വശം പഞ്ചായത്ത് ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്നതാണെന്നും അവിടം ഉയരം അധികമായ സ്ഥലമായതിനാൽ വലിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുയോജ്യമല്ലാത്ത അവസ്ഥയുണ്ടെന്നും നിലവിൽ ടി കെട്ടിടം കമ്മ്യൂണിറ്റി ഹാൾ ആയി ഉപയോഗിച്ച് വരുന്നു വെന്നും അജൈവ മാലിന്യങ്ങൾ സംഭരിക്കുന്നതിനായി പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ മുതുവാൻകുടിയിലുള്ള സ്ഥലത്ത് എം.സി.എഫ്. നിർമ്മിച്ച് ആയത് കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നതുമാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുള്ള വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു
5.3.5.10	**കുടുംബശ്രീയും, വ്യവസായ/തൊഴിൽ സംരംഭങ്ങളും - കുടുംബശ്രീ സംരംഭങ്ങൾ പലതും സ്തംഭനാവസ്ഥയിൽ**	
	<u>മൂന്നാർ ഗ്രാമപഞ്ചായത്ത് -</u> ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാപഞ്ചായത്തിൽ 2008-09 വർഷം പ്രത്യേക ഘടക പദ്ധതിയിലുൾപ്പെടുത്തി കുടുംബശ്രീ ഫ്ളവർ മില്ലിനായി 1,67,000/ - രൂപ മുതൽ മുടക്കി യന്ത്രസാമഗ്രികൾ വാങ്ങി. എന്നാൽ തൊഴിൽ യൂണിറ്റ് ആരംഭിച്ചിട്ടില്ല. യന്ത്രസാമഗ്രികൾ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങുന്നതിന് പഞ്ചായത്ത് അധികൃതർ ശ്രമിക്കാത്തതിനാൽ ഉപകരണങ്ങൾ തുരുമ്പെടുത്ത് നശിച്ചു കൊണ്ടിരിക്കുന്നു. പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യത്തിലേക്ക് എത്തിച്ചേരാതെ വാങ്ങൽ മാത്രം നടത്തി പദ്ധതി അവസാനിപ്പിച്ചു. മൂന്നാർ ഗ്രാമപഞ്ചായത്തിലെ പ്ലാസ്റ്റിക് നിരോധനം	കുടുംബശ്രീ നേതൃത്വത്തിൽ ഫ്ളവർമിൽ 2008-2009 വർഷം പ്രത്യേക ഘടക പദ്ധതി പ്രകാരം നടപ്പാക്കിയ പ്രോജക്ടാണിത്. ടി ഫ്ളവർ മിൽ യൂണിറ്റ് തുടങ്ങുന്നതിനായി കുടുംബശ്രീ യൂണിറ്റുകളുടെ ഗുണഭോക്തൃ ലിസ്റ്റ് നൽകുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥയായ വി.ഇ.ഒ – രേഖാമൂലം പഞ്ചായത്ത് ഭരണസമിതിക്ക് അറിയിപ്പ് നൽകിയിരുന്നെങ്കിലും, 2008-2009 മുതൽ നാളിതുവരെയുള്ള ഭരണസമിതികൾ ടി യൂണിറ്റ് തുടങ്ങുന്നതിനുള്ള ഗുണഭോക്താകളെ നൽകിയിട്ടില്ലാത്തതാണ്. കൂടാതെ ടി പ്രോജക്ടിലുള്ള പദ്ധതി നാളിതുവരെയായി നടപ്പായിട്ടില്ലത്തതാണ്. 05/04/2012 ൽ ഭഗവതി കുടുംബശ്രീ യൂണിറ്റ് എന്ന ഗുണഭോക്തൃ യൂണിറ്റുമായി ഗ്രാമ പഞ്ചായത്ത് കരാരിൽ ഏർപ്പെട്ട് പേപ്പർ ക്യാരി ബാഗ് നിർമ്മാണ യൂണിറ്റ് പ്രവർത്തനങ്ങൾക്കായി കൈമാറിയിട്ടുള്ളതാണ്.

<table>
<tr><td></td><td>മൂന്നാർ ഗ്രാപഞ്ചായത്തിൽ ഫ്ളോർ മില്ലിനായി വാങ്ങിയ ഫലപ്രദമായി നടപ്പാക്കുന്നതിനായി പേപ്പർ, ഉണ്ണി, ക്യാരി യന്ത്രസാമഗ്രികൾ, ബാഗുകളുടെ നിർമ്മാണം വർദ്ധിപ്പിക്കുന്നതിനും അതുവഴി കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും പരിസരമലിനികരണം ഫലപ്രദമായി കുറയ്ക്കുന്നതിനും ലക്ഷ്യമിട്ട് 2011-12 ൽ പ്രത്യേക ഘടകപദ്ധതിയിൽ പെടുത്തി വികസന ഫണ്ടിൽ നിന്നും 22,99,443/- രൂപ വകയിരുത്തി യന്ത്രസാമഗ്രികൾ വാങ്ങിയിട്ടുണ്ടെങ്കിലും തൊഴിൽ സംരംഭ യൂണിറ്റിന്റെ പ്രവർത്തനം ഇതുവരെയും ആരംഭിച്ചിട്ടില്ല. മുന്നൊരുക്കം, സാധ്യതാപഠനം കുടുംബശ്രീ അംഗങ്ങൾക്ക് പരിരിലനം എന്നിവയ്ക്കായി
2,00,000/- രൂപ പദ്ധതി അടങ്കലിൽ വകയിരുത്തിയിരുന്നെങ്കിലും ഗുണഭോക്തൃപട്ടിക തയ്യാറാക്കി അംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടില്ല. വ്യക്തവും ആസൂത്രിതവുമായ പഠനം നടത്താതെ യന്ത്രസാമഗ്രികൾ വാങ്ങിയതുമൂലം തൊഴിൽ സംരംഭം പ്രവർത്തനക്ഷമമാക്കുവാൻ നാളിതുവരെയും ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. വാങ്ങിയ സാമഗ്രികൾ തുരുമ്പെടുത്ത് നാശോന്മുഖമായ അവസ്ഥയിലാണ്.</td><td>ഫ്ലോർ മില്ലിനായി വാങ്ങിയ ഉപകരണങ്ങൾ പ്രവർത്തന ക്ഷമതയുള്ളതായി ഇപ്പോഴും നിലവിൽ ഉണ്ട്. പഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹണം നടത്തിയതാണിത്. ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ ആയിരുന്നു. ടി യൂണിറ്റ് പ്രവർത്തിപ്പിയ്ക്കുന്നതിനുള്ള ഗുണഭോക്താക്കളായ കുടുംബശ്രീ യൂണിറ്റ് അംഗങ്ങളുടെ ലിസ്റ്റ് നൽകാതിരുന്നതിനാലാണ് പ്രവർത്തനം തുടങ്ങാൻ സാധിയ്ക്കാത്തതെന്ന് വി.ഇ.ഒ മറിയാമ്മ കുര്യൻ 30/03/2015 ൽ രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ട്. ടിസ്ഥാപനം നിലവിൽ പ്രവർത്തിയ്ക്കുന്നില്ല.

<u>കുടുംബശ്രീ നേതൃത്വത്തിൽ പേപ്പർ ക്യാരി ബാഗ് നിർമ്മാണ യൂണിറ്റ്</u>
പ്രോജക്ട് വർഷം-2010-11, പ്രോജക്ട് നമ്പർ-83/10-11
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി മൂന്നാർ ഗ്രാമപഞ്ചായത്ത്
ചെലവഴിച്ച തുക-22,99,443/-
നിലവിൽ ടി സ്ഥാപനം പ്രവർത്തിയ്ക്കുന്നില്ലെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.</td></tr>
<tr><td>6.1.2</td><td>പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമല്ല</td><td></td></tr>
<tr><td></td><td>പെർഫോമൻസ് ഗ്രാന്റ് വിനിയോഗം (ഗ്രാമപഞ്ചായത്തുകളിൽ)
<table><tr><td colspan="6"><u>വാത്തിക്കുടി ഗ്രാമഞ്ചായത്ത്</u></td></tr><tr><td>ഗ്രാമപഞ്ചായത്ത് - ഇടുക്കി</td><td>വർഷം</td><td>ലഭിച്ച തുക</td><td>നടപ്പാക്കിയ പദ്ധതികൾ</td><td>ചെലവ്</td><td>%</td></tr></table></td><td>വാത്തിക്കുടി ഗ്രാമഞ്ചായത്തിൽ നിലവിൽ പെർഫോമൻസ് ഗ്രാൻറുകളുടെ വിനിയോഗവും, പദ്ധതിയേതര പ്രവർത്തനങ്ങളുടെ വിനിയോഗവും സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച നടപ്പിലാക്കി വരുന്നുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുള്ള വിവരം ബഹു. സമിതി മുമ്പാകെ സമർപ്പിക്കുന്നു.</td></tr>
</table>

<table>
<tr><td></td><td><table><tr><td>വാത്തിക്കുടി</td><td>2011-12</td><td>1674000</td><td>12</td><td>1448347</td><td>86.52</td></tr><tr><td></td><td>2012-13</td><td>3394000</td><td>26</td><td>2167297</td><td>63.85</td></tr></table></td><td></td></tr>
<tr><td></td><td><u>വണ്ണപ്പുറം ഗ്രാമ പഞ്ചായത്ത്</u><table><tr><td>ഗ്രാമപഞ്ചായത്ത് - ഇടുക്കി</td><td>വർഷം</td><td>ലഭിച്ച തുക</td><td>നടപ്പാക്കിയ പദ്ധതികൾ</td><td>ചെലവ്</td><td>%</td></tr><tr><td>വണ്ണപ്പുറം</td><td>2011-12</td><td>1406000</td><td>9</td><td>1088829</td><td>77.44</td></tr><tr><td></td><td>2012-13</td><td>2849000</td><td>15</td><td>1985831</td><td>69.70</td></tr></table></td><td>വണ്ണപ്പുറം ഗ്രാമ പഞ്ചായത്തിൽ കാര്യക്ഷമമായി ഫണ്ട് വിനിയോഗിക്കാൻ കഴിയുന്ന രീതിയിൽ പുതിയ പദ്ധതികൾ തൻവർഷം ഏറ്റെടുത്തിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുള്ള വിവരം ബഹു. സമിതി മുമ്പാകെ സമർപ്പിക്കുന്നു.</td></tr>
<tr><td>6.1.3</td><td>പെർഫോമൻസ് ഗ്രാന്റ് വിനിയോഗം : ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കുന്നു</td><td></td></tr>
<tr><td></td><td>ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്
ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് 2011-12, 2012-13 വർഷങ്ങളിൽ പെർഫോമൻസ് ഗ്രാന്റുപയോഗിച്ച് നടത്തിയ 9 പ്രവർത്തികളും പൊതുമരാമത്തിലേതായിരുന്നു.</td><td>ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിൽ മലയോര റോഡുകളുടെ അവസ്ഥ വളരെ ശോചനീയമായതിനാൽ ഗ്രാമസഭകളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും അഭിപ്രായം മുൻനിറുത്തിയാണ് പെർഫോമൻസ് ഗ്രാന്റ് ഉപയോഗിച്ച് പൊതുമരാമത്ത് വേലകൾ ഏറ്റെടുക്കുന്നതിന് ഭരണസമിതി തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗത്തിനായി നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശ രേഖയിൽ പരാമർശിച്ചിട്ടുള്ള നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെട്ട യാതൊരു പ്രവൃത്തിയും ഗ്രാമപഞ്ചായത്ത് പ്രസ്തുത വർഷങ്ങളിൽ ഏറ്റെടുത്തിട്ടില്ലാത്തതാണ്. 2011-12, 2012-13 സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് വേലകളുടെ പദ്ധതികൾ മുഴുവനും ഡി.പി.സി യിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. ടി വർഷങ്ങളിലെ ലോകബാങ്ക് ഫണ്ട് ഉപയോഗിച്ച് നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഓഡിറ്റ് ലോകബാങ്ക് ഓഡിറ്റ് അധികൃതർ നടത്തിയിട്ടുള്ളതും ഓഡിറ്റ് റിപ്പോർട്ടിൽ യാതൊരു പരാമർശവും</td></tr>
</table>

84

		ഇല്ലാത്തതുമാകുന്നു. ടി വർഷങ്ങളിൽ ഏറ്റെടുത്തപ്രവൃത്തകൾ എല്ലാം തന്നെ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടാത്തതിനാൽ 2013-14 വർഷം ലോകബാങ്ക് ഫണ്ട് അനുവദിച്ചിട്ടുള്ളതുമാണ്. ടി ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് പ്രവൃത്തി ഏറ്റെടുത്തതിനാൽ ഗ്രാമപഞ്ചായത്തിലെ റോഡുകളുടെ ശോചനീയാവസ്ഥക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിനും ഗതാഗത സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുള്ളതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുള്ള വിവരം ബഹു. സമിതി മുമ്പാകെ സമർപ്പിക്കുന്നു.
	<u>മാങ്കുളം ഗ്രാമപഞ്ചായത്ത്</u> മാങ്കുളം ഗ്രാമപഞ്ചായത്ത് 2011-12, 2012-13 വർഷങ്ങളിൽ പെർഫോമൻസ് ഗ്രാന്റ് തുകകൾ മുഴുവനും പൊതുമരാമത്ത് പണികൾക്കായാണ് ചെലവഴിച്ചിട്ടുള്ളത്.	മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 10 -ാം വാർഡ് വിഭജിച്ചാണ് മാങ്കുളം ഗ്രാമപഞ്ചായത്ത് രൂപീകരിച്ചിരിക്കുന്നത്. പഞ്ചായത്തിന് ടി കാലയളവിൽ തനതു ഫണ്ട് കുറവായിരുന്നതിനാലും പിന്നോക്ക മേഖലയും ആദിവാസി മേഖലയും ആയിരുന്നതിനാലും 2011 -12, 2012 -13 വർഷങ്ങളിൽ പെർഫോമൻസ് ഗ്രാന്റ് തുക മുഴുവനും പൊതുമരാമത്ത് പണികൾക്കായി ചെലവഴിക്കേണ്ടിവന്നത്. പദ്ധതികൾ ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടുള്ളതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുള്ള വിവരം ബഹു. സമിതി മുമ്പാകെ സമർപ്പിക്കുന്നു.

85

(PTO)

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2014-2015 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ അദ്ധ്യായം 4, 5 - ൽ ഉൾപ്പെട്ട ഇടുക്കി ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

ക്രമ നമ്പർ	ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
1	4.2.5	**മണൽ വിൽപന** നിലവിൽ ഇടുക്കി ജില്ലയിൽ ഓൺലൈൻ സംവിധാനത്തിലൂടെയുള്ള മണൽ വിതരണമാണുള്ളത്. മണൽ/നിർമ്മാൺ എന്നീ പദ്ധതികളാണിവ. ന്യായമായ വിലയിൽ സുതാര്യമായി എളുപ്പം മണൽ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികളുടെ ലക്ഷ്യം.	ഇടുക്കി ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ മണൽ വാരലും വില്പനയും നടത്തുന്നില്ലെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിനെ അറിയിട്ടിട്ടുണ്ട്.
2	4.3.8	**സമയബന്ധിതമായി പെൻഷൻ അപേക്ഷയിൽ തീരുമാനമെടുക്കുന്നില്ല** ഇടുക്കി ജില്ലയിലെ പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിൽ 2011-12, 12-13, 13-14 വർഷങ്ങളിൽ പെൻഷനുള്ള അപേക്ഷകൾ യഥാക്രമം 38, 40, 25 എന്നിങ്ങനെ ലഭിച്ചെങ്കിലും ഒരു അപേക്ഷയിൽ പോലും 45 ദിവസത്തിനുള്ളിൽ തീരുമാനമെടുക്കാൻ സാധിച്ചിട്ടില്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച പെൻഷൻ അപേക്ഷകൾ ജനറൽ കമ്മിറ്റിയുടെ അംഗീകാരത്തിന് വെയ്ക്കുവാൻ പോലും മാസങ്ങൾ വേണ്ടി വന്നതായി കാണുന്നു. ഇത് ഗൗരവമുള്ള വീഴ്ചയാണ്.	പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിലെ 11-12, 12-13, 13-14 വർഷങ്ങളിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള കർഷക തൊഴിലാളി പെൻഷന് അർഹരായ ഗുണഭോക്താക്കൾക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ജനറൽ കമ്മറ്റിയും അംഗീകരിച്ച് പെൻഷൻ നൽകിവരുന്നു. നിലവിൽ കർഷക തൊഴിലാളി പെൻഷന് അപേക്ഷിച്ചിട്ടുള്ള അർഹരായ ഗുണഭോക്താക്കൾക്ക് സമയപരിധിക്കുള്ളിൽ തന്നെ പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.
3	4.3.14	**ഗുണഭോക്താക്കളുടെ എണ്ണം കുറഞ്ഞുവരുന്നു** കർഷകതൊഴിലാളി പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം വർഷം തോറും കുറഞ്ഞുവരികയാണ്.	കാർഷിക വൃത്തിയിൽ നിന്ന് വൻതോതിൽ ഉണ്ടായ പിൻമാറ്റം, കുറഞ്ഞ വരുമാന പരിധി എന്നിവയായിരുന്നു **കർഷകതൊഴിലാളി പെൻഷൻ, ഗുണഭോക്താക്കളുടെ എണ്ണം വർഷം തോറും കുറഞ്ഞു വരുന്നതിനുണ്ടായ**

<table>
<tr>
<td></td>
<td></td>
<td>ഇടുക്കി ജില്ലയിലെ ഇടവെട്ടി ഗ്രാമപഞ്ചായത്തിൽ കർഷകതൊഴിലാളി പെൻഷൻ സ്വീകരിച്ചുകൊണ്ടിരുന്ന രാമകൃഷ്ണൻ കുടലപ്പാട്ട്, മുതലക്കോടം എന്നയാൾക്ക് 1800/- രൂപ മണിയോർഡർ അയച്ചെങ്കിലും മരണപ്പെട്ടു എന്ന കാരണത്താൽ 28.03.2011-ൽ തിരിച്ചു വന്നു. എന്നാൽ 1,710 രൂപ, 2,400 രൂപ എന്നീ തുകകൾ വീണ്ടും മണിയോർഡർ അയയ്ക്കുകയും 13.09.2011 -ൽ തിരികെ വരുകയും ചെയ്തു. പെൻഷൻ ലഭിക്കുന്നവർ ജീവിച്ചിരിക്കുന്നു എന്നുറപ്പുവരുത്താതെയും മരണവിവരം ലഭിച്ച ശേഷവും വ്യക്തികൾക്ക് പെൻഷൻ തുക അയയ്ക്കുന്നത് ഗൗരവകരമായ വീഴ്ചയാണ്.</td>
<td>കാരണം. നിലവിൽ വരുമാന പരിധി 1,00,000/- ആയി ക്രമീകരിച്ചതിനെ തുടർന്ന് അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകി വരുന്നുണ്ട്.
നിലവിൽ സേവന സോഫ്റ്റ് വെയർ പ്രകാരം മരണപ്പെട്ടവരെ ഒഴിവാക്കി പെൻഷൻ വിതരണം നടത്തി വരുന്നതിനാലും, ഇത്തരത്തിലുള്ള അപാകതകൾ വരുത്താതെ പെൻഷൻ വിതരണത്തിൽ അതീവ ശ്രദ്ധ പുലർത്തി വരുന്നുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.</td>
</tr>
<tr>
<td>4</td>
<td>5.7.1</td>
<td><u>തദ്ദേശഭരണ സ്ഥാപനങ്ങൾ മൃഗസംരക്ഷണ /ക്ഷീരവികസന മേഖലയെ അവഗണിക്കുന്നു.</u>
<u>നീക്കിവെക്കുന്ന തുകകൾ പരിമിതം</u>
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്പാദന മേഖലയിലെ പ്രവർത്തനങ്ങളുടെ ഭാഗമാണ് മൃഗസംരക്ഷണവും ക്ഷീരവികസനവും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായ ആകെ പദ്ധതിയടങ്കലിന്റെ വളരെ ചെറിയൊരു ശതമാനം മാത്രമാണ് മൃഗസംരക്ഷണ മേഖലയ്ക്ക് വകയിരുത്തുന്നത്.
കാമാക്ഷി ഗ്രാമപഞ്ചായത്ത് - ഇടുക്കി
<table>
<tr><th>വർഷം</th><th>ആകെ പദ്ധതി അടങ്കൽ</th><th>മൃഗസംരക്ഷണ മേഖലയ്ക്ക് നീക്കിവെച്ചത്</th><th>ശതമാനം</th></tr>
<tr><td>2011-12</td><td>1,72,96,492</td><td>2,84,207</td><td>1.64</td></tr>
<tr><td>2012-13</td><td>2,30,21,973</td><td>8,75,000</td><td>3.80</td></tr>
<tr><td>2013-14</td><td>2,71,83,523</td><td>7,72,729</td><td>2.84</td></tr>
</table></td>
<td>കാമാക്ഷി ഗ്രാമപഞ്ചായത്തിൽ 2011-12 മുതൽവിതരണവും 2012-13-ൽ ആട് വിതരണ പദ്ധതിയും നടപ്പിലാക്കിയത് ICDS സൂപ്പർവൈസർക്ക് ആണ്. വനിത, ഭിന്നശേഷി വിഭാഗക്കാർക്കുള്ള പദ്ധതികളായതിനാലാണ് ICDS നെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കിയത്. ഇപ്പോൾ ഇത്തരം പദ്ധതികളുടെ നടത്തിപ്പ് പൂർണ്ണമായും വെറ്ററിനറി സർജനാണ് നടപ്പാക്കുന്നത്. നിർബന്ധിത പദ്ധതികൾക്കും അനിവാര്യ പദ്ധതികൾക്കും തുക വകയിരുത്തിയതിനു ശേഷമുള്ള പരിമിത ഫണ്ടാണ് പൊതുവായിട്ടുള്ളത്. ഉല്പാദന മേഖലയിൽ നീക്കി വക്കുന്ന തുകയുടെ നല്ലശതമാനം മൃഗസംരക്ഷണ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ഉപയോഗിക്കുന്നെന്ന് ഉറപ്പുവരുത്തിയതായി പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം കോഴിവളർത്തൽ പദ്ധതി, കാലിത്തീറ്റ പദ്ധതി എന്നിവ ഈ വർഷം ഏറ്റെടുത്തിട്ടുണ്ട്. പദ്ധതി വിഹിതത്തിന്റെ 50% തുക ഈ മേഖലയിൽ വകയിരിത്തിയിട്ടുണ്ട്.</td>
</tr>
</table>

<table>
<tr>
<td>5</td>
<td>5.7.2</td>
<td><u>തദ്ദേശഭരണസ്ഥാപനങ്ങളുടെ മൃഗസംരക്ഷണ/ ക്ഷീരവികസന മേഖലയിലെ ചെലവഴക്കലുകൾ തൃപ്തികരമല്ല</u>
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൃഗസംരക്ഷണ /ക്ഷീരവികസന മേഖലയ്ക്കായി നീക്കിവെക്കുന്ന പരിമിതമായ തുകകൾ പോലും തൃപ്തികരമായി ചെലവഴിക്കാൻ കഴിയുന്നില്ല. മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലെ പാളിച്ചകളാണ് തുകകൾ വേണ്ട രീതിയിൽ വിനിയോഗിക്കാൻ കഴിയാത്തതിന്റെ യഥാർത്ഥ കാരണം.</td>
<td>മൃഗസംരക്ഷണ വകുപ്പ് നേരിട്ട് മറുപടി നൽകുന്നതാണ്.</td>
</tr>
<tr>
<td></td>
<td></td>
<td><u>തദ്ദേശ സ്ഥാപനങ്ങളുടെ മൃഗസംരക്ഷണ മേഖലയിലെ വകയിരുത്തലും ചെലവും</u>

<u>വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് - ഇടുക്കി</u>
<table>
<tr><th>വർഷം</th><th>പദ്ധതികൾ</th><th>വകയിരുത്തൽ</th><th>ചെലവ്</th><th>%</th></tr>
<tr><td>2011-12</td><td>4</td><td>1775068</td><td>715640</td><td>40.31</td></tr>
<tr><td>2012-13</td><td>1</td><td>932400</td><td>725890</td><td>77.85</td></tr>
<tr><td>2013-14</td><td>4</td><td>1834510</td><td>581490</td><td>31.69</td></tr>
</table>
<u>കുമളി - ഗ്രാമപഞ്ചായത്ത് - ഇടുക്കി</u>
<table>
<tr><th>വർഷം</th><th>പദ്ധതികൾ</th><th>വകയിരുത്തൽ</th><th>ചെലവ്</th><th>%</th></tr>
<tr><td>2011-12</td><td>6</td><td>11079322</td><td>6310171</td><td>56.95</td></tr>
<tr><td>2012-13</td><td>9</td><td>12192000</td><td>3600000</td><td>29.52</td></tr>
<tr><td>2013-14</td><td>3</td><td>9009300</td><td>1353090</td><td>15.01</td></tr>
</table>
</td>
<td><u>വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്</u>
ടി കാലയളവിൽ മുട്ടക്കോഴി വിതരണം, ആട് വിതരണം മുയൽ വിതരണം എന്നീ പദ്ധതികൾ ആണ് ആസൂത്രണം ചെയ്യുന്നത്. ജീവിത മാർഗ്ഗം കർഷകരുടെ സാമ്പത്തികാഭിവൃത്തിയും ജീവിത മാർഗ്ഗവും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആണ് ഏറ്റെടുത്തിരുന്നത്. എന്നാൽ മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃ വിഹിതം അടച്ച ആനുകൂല്യം കൈപ്പറ്റുന്നതിന് ആളുകൾ തയ്യാറാകാതെ വന്ന സാഹചര്യത്തിലാണ് പദ്ധതിയുടെയും ചിലവ് കുറഞ്ഞുപോയിട്ടുള്ളതെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.
<u>കുമളി ഗ്രാമപഞ്ചായത്ത്</u>
കുമളി ഗ്രാമപഞ്ചായത്ത് 2012-13 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെ മൃഗസംരക്ഷണ മേഖലയിലെ വിവിധ പദ്ധതികളുടെ നടത്തിപ്പിൽ ചുവടെ ചേർത്ത പ്രകാരം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്:-
2012-13 - 79.07%, 2013-14 – 100%, 2014-15 – 100%, 2015-16 – 100%, 2016-17 – 99.86%, 2017-18 – 95.93%, 2018-19 – 100%, 2019-20 – 100%,2020-21 – 100%, 2021-22 – 100%,</td>
</tr>
</table>

			2022-23 – 52.27%
		<u>മൃഗസംരക്ഷണ പദ്ധതികളുടെ നടത്തിപ്പ് ചുമതല ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക്</u> ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിൽ, ശാരീരികമായ വെല്ലുവിളികൾ നേരിടുന്നവർക്ക് വരുമാനമാർഗം എന്ന നിലയിൽ 2011-12 ൽ മുയൽ വിതരണം, 2012-13 ൽ ആട്ടവിതരണം എന്നീ പദ്ധതികൾ നടപ്പാക്കി. 138 ഗുണഭോക്താക്കൾക്ക് 552 മുയലുകളെ വിതരണം ചെയ്യാൻ 1,87,850/- രൂപ, 50 ആട്ടുകളെ വിതരണം ചെയ്യാൻ 1,50,000/- രൂപ എന്നിങ്ങനെ ഗ്രാമപഞ്ചായത്ത് തുക ചെലവഴിച്ചു. എന്നാൽ മൃഗസംരക്ഷണ മേഖലയുമായി യാതൊരു ബന്ധവുമില്ലാത്ത ഐ.സി.ഡി.എസ് സൂപ്പർവൈസറെയാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല ഏൽപ്പിച്ചത്. **<u>ഇടുക്കി ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിലെ</u>** ആകെ കുടുംബങ്ങളുടെ (2826) 42 ശതമാനത്തിലേറെ (1210) മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്നവരാണ്. എന്നാൽ 2011-12 ൽ ആകെ പദ്ധതിവിഹിതത്തിന്റെ (1,36,31,532/- രൂപ) കേവലം 9.30 ശതമാനം മാത്രമാണ് (12,67,760/- രൂപ) മൃഗസംരക്ഷണ മേഖലയിൽ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിരിക്കുന്നത്. 2012-13 ൽ ഇത് 4.67 ശതമാനവും, 2013-14 ൽ 2.39 ശതമാനവും മാത്രമാണ്.	**<u>കാമാക്ഷി ഗ്രാമപഞ്ചായത്ത്.</u>** വനിത, ഭിന്നശേഷി വിഭാഗക്കാർക്കുള്ള പദ്ധതികളായതിനാലാണ് ICDS നെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കിയത്. ഇപ്പോൾ ഇത്തരം പദ്ധതികളുടെ നടത്തിപ്പ് പൂർണ്ണമായും വെറ്റനറി സർജനാണ് നടപ്പാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ നടത്തിപ്പും വെറ്റനറി ഡോക്ടറാണ് നിർവ്വഹിക്കുന്നത്. തൽഫലമായി പദ്ധതി നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുവാൻ സാധിച്ചിട്ടുണ്ട്. **<u>ആലക്കോട് ഗ്രാമപഞ്ചായത്ത്</u>** നിലവിൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ മൃഗസംരക്ഷണം, ക്ഷീരവികസനം എന്നിവയ്ക്ക് വളരെയധികം പ്രാധാന്യം നല്കാറുള്ളതായും 2022-23 ൽ ഈ മേഖലയിലേക്ക് ആകെ തുകയുടെ 13.9 % 12,95,250/- **തുക വകയിരുത്തുകയും ആയതിന്റെ 69 % ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം ആകെ തുകയുടെ 11.89 % 12,15,665/- രൂപ മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.**
7	5.7.3	**<u>മൃഗസംരക്ഷണ/ക്ഷീരവികസന മേഖലകളിൽ പദ്ധതികൾ നാമമാത്രം</u>** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതികൾക്ക്	

39

<table>
<tr><td></td><td></td><td>രൂപം നൽകുമ്പോൾ മൃഗസംരക്ഷണ/ക്ഷീരവികസന മേഖലയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല. നാമമാത്രമായ പദ്ധതികൾ മാത്രമാണ് ഈ മേഖലയിൽ വിഭാവനം ചെയ്യുന്നതും, നടപ്പാക്കുന്നതും. പദ്ധതികൾ മിക്കവയും മുൻവർഷങ്ങളുടെ ആവർത്തനമോ, അനുകരണമോ മാത്രമാണ്. നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി മൃഗസംരക്ഷണമേഖലയ്ക്ക് പുത്തനുണർവ് നൽകാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല.</td><td>മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് നൂതനമായ പദ്ധതികൾ ഭാവിയിലേക്ക് ആവിഷ്കരിക്കുന്നതിന് വേണ്ടുന്ന നടപടികൾ ആവിഷ്കരിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.</td></tr>
<tr><td></td><td></td><td>കാമാക്ഷി ഗ്രാമപഞ്ചായത്ത് (ഇടുക്കി ജില്ല)
<table>
<tr><td>വർഷം</td><td>പദ്ധതികൾ</td><td>വകയിരുത്തിയ തുക</td><td>ചെലവഴിച്ച തുക</td></tr>
<tr><td>2011-12</td><td>3</td><td>2,84,207</td><td>2,52,140</td></tr>
<tr><td>2012-13</td><td>2</td><td>8,75,000</td><td>6,39,424</td></tr>
<tr><td>2013-14</td><td>4</td><td>7,72,729</td><td>6,84,255</td></tr>
</table></td><td><u>കാമാക്ഷി ഗ്രാമപഞ്ചായത്ത്</u>
കർഷകർക്ക് പ്രയോജനപ്പെടുന്നതും അവരെ മൃഗസംരക്ഷണ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിന് പര്യാപ്തമായ പ്രോജക്ടുകൾ ഇപ്പോൾ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നുണ്ട്. നിർബന്ധിത പദ്ധതികൾക്കും അനിവാര്യ പദ്ധതികൾക്കും തുക വകയിരുത്തിയതിനു ശേഷമുള്ള ഫണ്ട് മാത്രമാണ് നിലവിൽ മൃഗസംരക്ഷണ/ക്ഷരവികസന മേഖലയിലെ പദ്ധതികൾക്ക് നീക്കിവയ്ക്കുന്നത്. നിലവിൽ കൂടുതൽ ഫണ്ട് മൃഗസംരക്ഷണ പദ്ധതികൾക്കായി കാമാക്ഷി ഗ്രാമപഞ്ചായത്ത് വിനിയോഗിക്കുന്നുണ്ട്.</td></tr>
<tr><td></td><td></td><td>മൃഗസംരക്ഷണ വകുപ്പ്
<table>
<tr><td>വർഷം</td><td>പദ്ധതികൾ</td><td>വകയിരുത്തിയ തുക</td><td>ചെലവഴിച്ച തുക</td></tr>
<tr><td>2011-12</td><td>5</td><td>5,10,700</td><td>5,10,700</td></tr>
<tr><td>2012-13</td><td>2</td><td>68,800</td><td>68,800</td></tr>
<tr><td>2013-14</td><td>1</td><td>15,000</td><td>15,000</td></tr>
</table></td><td>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ നടത്തിപ്പ് വെറ്റനറി ഡോക്ടറാണ് നിർവ്വഹിക്കുന്നത്. പഞ്ചായത്തു പദ്ധതികൾ നടപ്പിലാക്കുമ്പോൾ ടെണ്ടർ നടപടികളിലെ സങ്കീർണ്ണത, ഗുണഭോക്തൃ വിഹിതം ശേഖരിക്കുന്നതിലെ ബുദ്ധിമുട്ട് എന്നിവ മൂലം 100% പൂർത്തികരിക്കാൻ സാധിക്കാത്ത സാഹചര്യം</td></tr>
</table>

<table>
<tr><td></td><td></td><td></td><td>നിലവിലുണ്ടായിരുന്നു. ആയത് തുടർ വർഷങ്ങളിൽ പരമാവധി കുറച്ച് കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുള്ളതായി തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിനെ അറിയിട്ടിട്ടുണ്ട്.</td></tr>
<tr><td>8</td><td>5.7.4</td><td><u>കന്നുകാലികളുടെ എണ്ണം ഗണ്യമായി കുറയുന്നു</u>
ഏറ്റവും ഒടുവിൽ നടന്ന 2012 ലെ കന്നുകാലി കാനേഷുമാരി പ്രകാരം കേരളത്തിൽ കന്നുകാലികളുടെ എണ്ണം ഗണ്യമായി കുറയുന്നതായാണ് കാണുന്നത്.

കേരളത്തിലെ 2012 ലെ കന്നുകാലി കനേഷുമാരി
<table>
<tr><td>ജില്ല</td><td>കന്നുകാലികൾ</td><td>പക്ഷികൾ</td><td>ആകെ</td></tr>
<tr><td>ഇടുക്കി</td><td>2062222</td><td>527015</td><td>733237</td></tr>
</table>
കേരളത്തിലെ 2007 ലെ കന്നുകാലി കാനേഷുമാരി
<table>
<tr><td>ജില്ല</td><td>കന്നുകാലികൾ</td><td>പക്ഷികൾ</td><td>ആകെ</td></tr>
<tr><td>ഇടുക്കി</td><td>319097</td><td>609986</td><td>929083</td></tr>
</table>
</td><td>അടിക്കടി കാലിത്തീറ്റയുടെ വില വർദ്ധിക്കുന്നതും, കന്നുകാലികളിൽ ഉണ്ടാകുന്ന പകർച്ചവ്യാധികൾ മൂലം കാലികൾ ചത്തൊടുങ്ങുന്നതും നിമിത്തം കന്നുകാലി വളർത്തലിൽ നിന്നും കർഷകർ പൻമാറുന്നതും ഒരു കാരണമാണ് കന്നുകാലികളുടെ എണ്ണം ഗണ്യമായി കുറയുന്നത്. ഉത്പാദനചെലവ് കൂടുതലും വരുമാനം താരതമ്യേന കുറവുമായതിനാൽ കർഷകർ ഉപജീവനമാർഗ്ഗമായി നടത്തി വന്നിരുന്ന കന്നുകാലി വളർത്തൽ ഉപേക്ഷിച്ച് മറ്റ് ജോലികളിലേയ്ക്ക് തിരിഞ്ഞിരിക്കുകയാണ്. കന്നുകാലികളിലുണ്ടാകുന്ന പകർച്ചവ്യാധികൾ തടയുന്നതിനും കുറഞ്ഞ നിരക്കിൽ കന്നുകാലിത്തീറ്റകൾ വിതരണം കർഷകർക്ക് നടത്തുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ മൃഗസംരക്ഷണ വകുപ്പ് നേരിട്ട് മറുപടി നൽകുന്നതാണ്.</td></tr>
<tr><td>9</td><td>5.7.6</td><td><u>മൃഗസംരക്ഷണ/ക്ഷീരവികസന മേഖലയിലെ കർമ്മസമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല</u>
മൃഗസംരക്ഷണ/ക്ഷീരവികസന മേഖലയുടെ പുരോഗതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഈ മേഖലക്കായി പ്രവർത്തിക്കുന്ന കർമ്മസമിതികൾക്ക് വലിയ പങ്കുണ്ട്. എന്നാൽ, തദ്ദേശ സ്ഥാപനങ്ങളിലെ മൃഗസംരക്ഷണ/ക്ഷീരവികസന മേഖലയിലെ കർമ്മസമിതികളുടെ പ്രവർത്തനം തൃപ്തികമല്ല എന്നാണ് ഓഡിറ്റ് നടത്തിയ പഠനങ്ങളിൽ വ്യക്തമാകുന്നത്.</td><td>
<u>വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്</u>-
2015-16 മുതൽ കർമ്മസമിതികൾ രൂപീകരിച്ചിട്ടുണ്ട്. ആയത് മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
<u>കമളി ഗ്രാമപഞ്ചായത്തി</u>ലെ 20 വാർഡിലേയും മൃഗസംരക്ഷണ ക്ഷീര മേഖലയിലെ കർഷകരെ ഉൾപ്പെടുത്തി കർമ്മസമിതി രൂപീകരിക്കുകയും പ്രസ്തുത കർമ്മസമിതിയുടെ അവസാനയോഗം 24/04/2023 തീയതിയിൽ ചേരുകയും മൃഗസംരക്ഷണ ക്ഷീരവികസന</td></tr>
</table>

92

		ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിൽ മൃഗസംരക്ഷണ/ക്ഷീരവികസന മേഖലയിലെ കർമ്മസമിതിയുടെ രൂപീകരണം, പ്രവർത്തനനങ്ങൾ എന്നിവ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.	മേഖലയിൽ ഗ്രാമപഞ്ചായത്ത് മുഖേനയും വകുപ്പ് മുഖേനയും നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമായി ചർച്ച ചെയ്ത് വിവരം മിനിട്ട്സിൽ രേഖപ്പെടുത്തി തുടർ നടപടി സ്വീകരിച്ച് വരുന്നതായി തദ്ദേശഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
10	5.7.8	**<u>തൊഴുത്ത് നിർമ്മാണത്തിന് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല.</u>** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൃഗസംരക്ഷണ മേഖലയിലെ തൊഴുത്തു നിർമ്മാണത്തിന് കാര്യമായ പരിഗണന നൽകുന്നില്ല. തൊഴുത്തുകളുടെയും കൂടുകളുടെയും കൃത്യമായ കണക്കുകൾ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും സൂക്ഷിക്കുന്നില്ല. കൃത്യമായ കണക്കുകളുടെ അഭാവത്തിൽ പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും പാളിച്ചകൾ സംഭവിക്കുന്നുണ്ട്.	**മൃഗപരിപാലനത്തിന് വൃത്തിയുള്ളതും സൗകര്യപ്രദവും ശാസ്ത്രീയമായി നിർമ്മിച്ചതുമായ തൊഴുത്തുകൾ. നിർമ്മിക്കുന്നതിനായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി നടപടി സ്വീകരിച്ചു വരുന്നതായി തദ്ദേശഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.**
		<u>തൊഴുത്തുകളുടെ അവസ്ഥ ശോചനീയം</u> 93% പേരും കാലിവളർത്തലിൽ ഏർപ്പെടുന്ന പഞ്ചായത്താണ് ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്ത് എന്നാൽ അതനുസരിച്ചുള്ള തൊഴുത്തോ കൂടോ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് യാതൊരു വിധ സഹായവും നൽകി കാണുന്നില്ല. മിക്ക തൊഴുത്തുകളുടെയും മേൽക്കൂര ശരിയായ രീതിയിൽ സജ്ജമാക്കിയിട്ടില്ല.	**<u>കാമാക്ഷി ഗ്രാമപഞ്ചായത്ത്</u>** ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 131 സുസജ്ജമായ തൊഴുത്തുകൾ പഞ്ചായത്തിൽനിന്ന് നിർമ്മിച്ച നൽകിയിരുന്നു. കൂടാതെ ആട്ടിൻ കൂട്-232, കോഴിക്കൂട്-121, പന്നിക്കൂട്-3 തുടങ്ങിയവ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ടെന്ന് തദ്ദേശഭരണ പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.
11	5.7.9	**<u>മൃഗങ്ങളുടെ രോഗചികിത്സ, പ്രതിരോധം, ആരോഗ്യപരിപാലനം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല</u>** **<u>1. ജീവനക്കാരുടെ അപര്യാപ്തത</u>** മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള മിക്ക മൃഗാശുപത്രികളിലും	

		വെറ്റിനറി പോളിക്ലിനിക്കുകളിലും, ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങളിലും അനുവദിച്ച തസ്തികകളിൽ ജീവനക്കാർ നിലവിലുണ്ടെങ്കിലും പര്യാപ്തമല്ലായെന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്. **<u>2. മൃഗാശുപത്രികളിൽ മരുന്നുകൾ അപര്യാപ്തം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി ഇടപെടുന്നില്ല</u>** രോഗചികിത്സ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, മരുന്നുവിതരണം എന്നീ സേവനങ്ങൾ പൂർണ്ണമായും സമയബന്ധിതമായും വെറ്റിനറി ആശുപത്രികൾ മുഖേന നിർവ്വഹിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല. മൃഗപരിപാലന രംഗത്ത് കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളിയാണ് വിവിധതരം സാംക്രമിക രോഗങ്ങൾ. എന്നാൽ മൃഗചികിത്സയ്ക്ക് ആവശ്യമായ മരുന്നുകളും രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള വാക്സിനുകളും വിതരണം ചെയ്യുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി ഇടപെടുന്നില്ല.	**(1) ഉം (2) ഉം :-** **മൃഗസംരക്ഷണ വകുപ്പുമായി ആലോചിച്ച് വേണ്ടുന്ന തുടർ നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശഭരണ പ്രിൻസിപ്പൽ ഡയറക്ടറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.**
		<u>വാഴത്തോപ്പ് - ഇടുക്കി</u> മൃഗാശുപത്രികൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കും മരുന്നുവാങ്ങൽ പദ്ധതികൾക്കായി യാതൊരുവിധ സാമ്പത്തിക സഹായവും അവലോകന കാലയളവിൽ (2011-12 മുതൽ 2013-14 വരെ) ലഭ്യമാക്കിയിട്ടില്ല.	വാഴത്തോപ്പ് പഞ്ചായത്തിൽ 2011-12 മുതൽ 2013-14 വരെയുള്ള സമാഹൃത ഓഡിറ്റ് വർഷം മൃഗാശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതി ഏറ്റെടുത്തിരുന്നില്ല 2015-16 മുതലുള്ള വർഷങ്ങളിൽ മെയിൻറനൻസ് ഗ്രാൻഡ് ഉപയോഗിച്ചുള്ള മരുന്നുവാങ്ങൽ പദ്ധതി ഏറ്റെടുത്തിട്ടുള്ളതാണ്.
12	5.7.12	**പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി**	
		◆ പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. ◆ പഠനം നടത്തിയ 2011-12, 2012-13, 2013-14	മൃഗസംരക്ഷണ വകുപ്പുമായി ആലോചിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാൻ തദ്ദേശഭരണ പ്രിൻസിപ്പൽ ഡയറക്ടറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

		വർഷങ്ങളിൽ പ്രസ്തുത പദ്ധതി ആവിഷ്കരിക്കുക പോലും ചെയ്യാത്ത ധാരാളം തദ്ദേശഭരണ സ്ഥാപനങ്ങളുണ്ട്. ◆ ജില്ലാ കോ-ഓർഡിനേറ്റർമാരായ കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർമാരുടെ അക്കൗണ്ടിൽ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള തുകയിൽ കോടിക്കണക്കിന് രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ◆ കാലിത്തീറ്റയുടെ വിലവർദ്ധനവ് കാരണം പ്രോജക്ടിൽ വ്യവസ്ഥ ചെയ്ത കാലയളവ് വരെ എല്ലാ കന്നുകുട്ടികൾക്കും തീറ്റ ലഭ്യമാക്കാൻ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കഴിയുന്നില്ല. ◆ പഠനം നടത്തിയതിൽ ഭൂരിഭാഗം തദ്ദേശഭരണ സ്ഥാപനങ്ങളിലും കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനമില്ല. ◆ പദ്ധതി നടപ്പാക്കിയതുവഴി പ്രാദേശിക തലത്തിൽ കന്നുകുട്ടികളുടെ ഉല്പാദനത്തിലുണ്ടായ വർദ്ധനവിന്റെ വിശദാംശം ഭൂരിഭാഗം തദ്ദേശഭരണസ്ഥാപനങ്ങളും സൂക്ഷിച്ചിട്ടില്ല. ◆ ഭൂരിപക്ഷം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും പദ്ധതി തുകകൾ ചെലവഴിച്ചതിന്റെ ഭൗതിക നേട്ട റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും പദ്ധതിയുടെ ജില്ലാ കോർഡിനേറ്റർമാരിൽ നിന്നും ലഭിച്ചിട്ടില്ല. ◆ പഠനം നടത്തിയതിൽ ഭൂരിഭാഗം തദ്ദേശ ഭരണ സ്ഥാപനങ്ങളിലും പദ്ധതി നടത്തിപ്പിന് സമിതികൾ രൂപീകരിച്ചിട്ടില്ല. ◆ ഭൂരിഭാഗം തദ്ദേശഭരണ സ്ഥാപനങ്ങളിലും ക്ഷീരകർഷകർക്ക് പരിശീലനം നൽകുകയോ,	

74

95

ഗോരക്ഷാ ക്യാമ്പ് നടത്തുകയോ ചെയ്യുന്നില്ല.

<u>പദ്ധതി മാർഗ്ഗനിർദ്ദേശം പാലിക്കപ്പെടുന്നില്ല</u>

<u>കുമളി ഗ്രാമപഞ്ചായത്ത്</u>

ഇടുക്കി ജില്ലയിലെ കുമളിയിൽ ഗോരക്ഷാ ക്യാമ്പുകൾ നടത്തിയിട്ടില്ല.

<u>കുമളി ഗ്രാമപഞ്ചായത്ത്</u>

കർഷകർക്ക് പരിശീലനത്തിന് പദ്ധതികൾ തയ്യാറാക്കി പരിശീലനം നടത്തുന്നു, എല്ലാ വർഷവും കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പ് കന്നുകാലികൾക്ക് നൽകി വരുന്നതായി തദ്ദേശഭരണ പ്രിനസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പുമായി ആലോചിച്ച് ഗോരക്ഷാക്യാമ്പുകൾ നടത്തുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗിക്കാതെ കോടികൾ</u>

ഇടുക്കി ഗ്രാമപഞ്ചായത്ത് വിഹിതമായും, ഗുണഭോക്തൃ വിഹിതമായും കന്നുകുട്ടി പരിപാലനത്തിനായി ലഭ്യമാക്കിയ തുക :

വർഷം	ലഭിച്ച തുക		ചെലവഴിച്ച തുക		അവശേഷിക്കുന്നതുക	
	ഗ്രാമപഞ്ചായത്ത് വിഹിതം	ഗുണഭോക്തൃ വിഹിതം	ഗ്രാമപഞ്ചായത്ത് വിഹിതം	ഗുണഭോക്തൃ വിഹിതം	ഗ്രാമപഞ്ചായത്ത് വിഹിതം	ഗുണഭോക്തൃ വിഹിതം
2011-12	7217000 +7918000 (മുന്നിരിപ്പ്)	10437666	8361249	10437666	6773751	ഇല്ല
2012-13	4320000	121644067	6495218	12164067	4598533	ഇല്ല
2013-14	5937500	10769882	6293725	10769882	4242308	ഇല്ല

കന്നുകുട്ടി ചത്തു പോവുകയോ, ഗുണഭോക്താവ് കന്നുകുട്ടിയെ മറ്റൊരാൾക്ക് കൈമാറ്റം ചെയ്യുകയോ, 3 മാസത്തിലധികം കന്നുകുട്ടിക്കുള്ള കാലിത്തീറ്റ ഗുണഭോക്താവ് കൈപ്പറ്റാതിരിക്കുകയോ ചെയ്താൽ തുടർന്നുള്ള ആനുകൂല്യം ഗുണഭോക്താവിന് ലഭിക്കാതെ വരുകയും ടി തുക നഷ്ടപ്പെട്ടു പോവുകയും ചെയ്യുന്ന വ്യവസ്ഥയാണ് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ടി വ്യവസ്ഥ ഗുണഭോക്താവിന് ആനുകൂല്യം ലഭിക്കാതിരിക്കുവാൻ കാരണമാകുന്നുണ്ട്. തൻ നിമിത്തമാണ് ഫണ്ട് പൂർണ്ണമായി വിനിയോഗിക്കാതെ നിലനിൽക്കുന്നതിനുള്ള കാരണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

		<u>കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നില്ല</u> പഠനം നടത്തിയതിൽ ഇടുക്കി ജില്ലയിലെ ആലക്കാട് ഗ്രാമപഞ്ചായത്ത്, കുമളി ഗ്രാമപഞ്ചായത്ത്, എന്നിവിടങ്ങളിലൊന്നും കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കപ്പെടുന്നില്ല.	മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനു വേണ്ടുന്ന തുടർ നടപടികൾ മൃഗസംരക്ഷണ വകുപ്പുമായി ആലോചിച്ച് സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറിനോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.
13	5.7.14	**<u>കശാപ്പുശാലകൾ സ്ഥാപിക്കുന്നതിലും നടത്തിപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം ഫലപ്രദമല്ല</u>**	അന്യ സംസ്ഥാനത്തു നിന്നു വരുന്ന പശുക്കളെ പരിശോധിക്കുന്നതിനുള്ള സൗകര്യം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സ്ഥലത്ത് ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനു വേണ്ടുന്ന നടപടികൾ മൃഗസംരക്ഷണ വുകപ്പുമായി ആലോചിച്ച് സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.
		<u>പരിമിതികളിൽ റിൻഡർ ചെക്ക് പോസ്റ്റ്</u> അന്യസംസ്ഥാനത്തു നിന്നും കൊണ്ടുവരുന്ന അറവുമാടുകളുടെ ആരോഗ്യസ്ഥിതി പരിശോധിച്ച് ഭക്ഷ്യയോഗ്യമാണോ എന്നുറപ്പാക്കുന്ന റിൻഡർ ചെക്ക് പോസ്റ്റ് ഇടുക്കി ജില്ലയിലെ കുമളിയിൽ പ്രവർത്തിക്കുന്നുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ പക്ഷിപ്പനി, കുളമ്പുരോഗം തുടങ്ങിയവ നിർണ്ണയിക്കുന്നതിനുള്ള രക്ത പരിശോധനാ സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ടെങ്കിലും സ്ഥല സൗകര്യത്തിന്റെ പരിമിതി സ്ഥാപനത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. 24 മണിക്കൂറും പ്രവർത്തനനിരതമായ ഓഫീസിൽ ജീവനക്കാർക്ക് വിശ്രമിക്കുന്നതിനോ, പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനോ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല.	**<u>കുമളി ഗ്രാമപഞ്ചായത്ത്-</u>** മതിയായ സൗകര്യം ഏർപ്പെടുത്തി അടിസ്ഥാന സൗകര്യ കുറവ് പരിഹരിച്ചിട്ടുണ്ട്. കുമളി ഗ്രാമപഞ്ചായത്തിലെ ചെളിമടയിൽ പ്രവർത്തിച്ച് വന്നിരുന്ന റിൻഡർ ചെക്ക്പോസ്റ്റ് 2021 ജൂലൈ മുതൽ ജി എസ് ടി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലേക്ക് പ്രവർത്തനം മാറിയിട്ടുണ്ട്. നിലവിൽ ശൗചാലയ സൗകര്യം ലഭ്യമാണ്. പ്രസ്തുത കെട്ടിടത്തിൽ ഒഴിവുള്ള 2 മുറികളിൽ ഒരെണ്ണം കൂടി റിൻഡർ ചെക്ക്പോസ്റ്റിലെ ജീവനക്കാർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

96

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2019-20 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ അദ്ധ്യായം 7- ൽ ഉൾപ്പെട്ട ഇടുക്കി ജില്ലയിലെ ഇടമലക്കുടി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശത്തിൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
7.2	**<u>ഇടുക്കി -ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ട്രൈബൽ എൽ.പി. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി</u>** • ഇടുക്കി-ഇടമലക്കുടി ഗ്രാമപഞ്ചായത്ത്- ട്രൈബൽ എൽ.പി സ്കൂൾ ഉച്ച ഭക്ഷണ പദ്ധതി ഭക്ഷ്യസാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ക്വട്ടേഷൻ/ടെണ്ടർ നടപടി കൂടാതെ മൂന്നാർ ഓൾമാർട്ട് സൂപ്പർ മാർക്കറ്റ് എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നാണ് 1,99,790/- രൂപയ്ക്ക് പലചരക്ക് സാധനങ്ങൾ വാങ്ങിയത്. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള 08.11.2010-ലെ സ.ഉ (അ)259/2010/ത.സ്വ.ഭ.വ ഉത്തരവിലെ മാർഗ്ഗരേഖയുടെ ലംഘനമാണ്. • എൽ.പി വിഭാഗത്തിലെ കുട്ടികൾക്ക് ഒരു നേരത്തെ ഭക്ഷ്യധാന്യത്തിന്റെ അളവ് 100 ഗ്രാമും ബ്രിഡ്ജ് കോഴ്സിലെ കുട്ടികൾക്ക് ഒരു നേരത്തെ ഭക്ഷ്യധാന്യത്തിന്റെ അളവ് 150 ഗ്രാമും വീതമാണ്. എന്നാൽ ഓരോ നേരവും നൽകിയ ഭക്ഷണത്തിന്റെ മെനു ലഭ്യമാക്കാത്തതിനാൽ വാങ്ങിയ ഭക്ഷ്യധാന്യത്തിന്റെ ഉപയോഗത്തിന്റെ അളവ് തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. • ഭക്ഷണം പാകം ചെയ്യുന്നതിന് വിനിയോഗിക്കപ്പെട്ട കരാർ തൊഴിലാളിയായ പാചക തൊഴിലാളിക്ക് വേതനം നൽകുന്നതുമായി ബന്ധപ്പെട്ട് കരാർ ചമച്ചിട്ടില്ല. ഒരു നേരം പാചകം ചെയ്യുന്നതിന് 100/- രൂപ നിരക്കിലാണ് വേതനം നൽകിയതെന്ന്	**<u>ഇടമലക്കുടി ഗ്രാമ പഞ്ചായത്ത്</u>** ഇടമലക്കുടി ഗ്രാമ പഞ്ചായത്ത് ട്രൈബൽ എൽ പി സ്കൂൾ ഉച്ച ഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് മുൻപാകെ ഹാജരാക്കുവാൻ ഇടമലക്കുടി ഗ്രാമ പഞ്ചായത്ത് ട്രൈബൽ എൽ.പി. സ്കൂൾ പ്രഥമ അദ്ധ്യാപകനോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ ടിയാൻ നാളിതുവരെ ഇക്കാര്യത്തിൽ പ്രതികരിക്കാത്തതിനാൽ ടിയാൻ ഇപ്പോൾ തമിഴ് നാട് നിവാസിയാണെന്നും ക്വാർട്ടേഴ്സിലാണ് താമസിക്കുന്നതെന്ന് കണ്ടെത്തുകയും ആയത് അടച്ചിട്ടിരിക്കുകയായതിനാൽ തുക അടയ്ക്കുന്നതിനുള്ള നോട്ടീസ് ടി ക്വാർട്ടേഴ്സിൽ പതിക്കുകയും ടി ആളുടെ സ്വന്തം വീട് പഞ്ചായത്ത് അധികാര പരിധിയിൽ അല്ലാത്തതിനാൽ ജപ്തി ചെയ്യുന്നതിന് നിയമപരമായി സാധുതയില്ലാ; മറ്റ് റിക്കവറികൾ ഉള്ളതിനാൽ ടിയാളുടെ ഡിസിആർജി, പെൻഷൻ മുതലായവ നാളിതുവരെയായി അനുവദിച്ചിട്ടില്ല എന്നും പ്രൊവിഷണൽ പെൻഷൻ ആണ് അനുവദിച്ചിട്ടുള്ളതെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് ബാദ്ധ്യതയായ രൂപ ടിയാന്റെ പെൻഷനറി ബനിഫിറ്റിൽ നിന്നും

	പാചകത്തൊഴിലാളിയായ ശ്രീമതി ഓമന സെബാസ്റ്റ്യൻ മൊഴി നൽകുകയുണ്ടായി. • 150 ദിവസങ്ങളിലായി 208 നേരം പാചകം ചെയ്യുന്നതിന് 100/- രൂപ നിരക്കിൽ വേതനം നൽകുന്നതിനായി 20,800/- രൂപയാണ് നൽകേണ്ടത്. • എന്നാൽ പാചകത്തൊഴിലാളി വേതനയിനത്തിൽ 39,000/- രൂപ നിർവ്വഹണോദ്യോഗസ്ഥന്റെ ഭാര്യയുടെ പേരിലുള്ള സ്വകാര്യ അക്കൗണ്ടിൽ നിക്ഷേപിക്കുകയും പാചകത്തൊഴിലാളികൾക്ക് വേതനമായി 20,800/- രൂപ നൽകേണ്ടതിനു പകരം 22,300/- രൂപ നൽകുകയും ചെയ്യുകയുണ്ടായി. ഈയിനത്തിലെ തുക നിർവ്വഹണോദ്യോഗസ്ഥന്റെ ഭാര്യയുടെ വ്യക്തിഗത അക്കൗണ്ടിൽ നൽകിയത് ചട്ടവിരുദ്ധ നടപടിയാണ്. 39,000/- രൂപ അനുവദിച്ചതിൽ വേതനയിനത്തിൽ 20,800/- രൂപ നൽകുന്നതിനു പകരം 22,300/- രൂപ നൽകുകയുണ്ടായി. അനുവദിച്ച മുഴുവൻ തുകയും പിൻവലിച്ചതിലൂടെ 18,200/- രൂപയുടെ പണാപഹരണം നടന്നിട്ടുള്ളതായും ഓഡിറ്റ് നിരീക്ഷിക്കുന്നു.	ഈടാക്കുന്നതിനുള്ള തുടർ നടപടികൾ വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് സ്വീകരിക്കുന്നതാണ്. കൂടാതെ ടിയാന് കേരളത്തിൽ ഏതെങ്കിലും സ്ഥാവര-ജംഗമ സ്വത്തുക്കൾ ലഭ്യമാണോയെന്ന് റവന്യൂ വകുപ്പുമായി ആലോചിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

I/5968 . 2023

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി (2021-23) യുടെ ഇടുക്കി ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ പരിഗണിക്കുന്നതിലേക്കായി 29.11.2023-ന് ചേരുന്ന തെളിവെടുപ്പ് യോഗത്തിനായുള്ള ന്യൂനത പരിഹാര പത്രിക

ഖണ്ഡിക നം.5.2.4.7- സ്കൂളുകളിലെ ശുദ്ധജല വിതരണം കാര്യ ക്ഷമമല്ല:

സ്കൂളുകളിലെ ശുദ്ധ ജല വിതരണവുമായി ബന്ധപ്പെട്ട് എല്ലാ വർഷവും സ്കൂൾ ആരംഭത്തിൽ ഉച്ച ഭക്ഷണ വിഭാഗത്തിന്റെ നേതൃത്വത്തിൽ കുടിവെള്ള സ്രോതസുകൾ ക്ലോറിനേറ്റ് ചെയ്യുകയും ഓരോ സ്കൂളുകളിൽ നിന്നും കുടിവെള്ള സാമ്പിളുകൾ ശേഖരിച്ച് കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന ലാബിൽ നൽകി ലഭിക്കുന്ന റിസൾട്ടിന്റെ അടിസ്ഥാനത്തിൽ നിലവാരം കുറഞ്ഞ കുടിവെള്ളം പിന്നീട് ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്നുണ്ട്. നിലവിൽ ഇടുക്കി ജില്ലയിലെ എല്ലാ സ്കൂളുകളിലും ശുദ്ധ ജല ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.

ഖണ്ഡിക നം.5.2.4.9 കളി സ്ഥലങ്ങളിൽ വിദ്യാഭ്യാസ ചട്ടങ്ങൾ പാലിക്കപ്പെട്ടില്ല:

ഇടുക്കി ജില്ലയിലെ സ്കൂളുകളിലെ കളിസ്ഥലങ്ങൾ വിദ്യാഭ്യാസ ചട്ടങ്ങൾ പാലിച്ചാണ് നിർമ്മിച്ചിട്ടുള്ളത്. എന്നാൽ സ്കൂളുകളിൽ കെട്ടിടങ്ങൾ കൂടുതലായി ആവശ്യം വരുന്ന സാഹചര്യത്തിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ കളിസ്ഥലത്തിന്റെ വിസ്തീർണ്ണം കുറഞ്ഞു പോകുന്നു എന്ന അവസ്ഥ ഉണ്ടാകാറുണ്ട്.

ശ്രീലത ആർ.എസ്.
പെൻ: 100992
ജോയിന്റ് സെക്രട്ടറി
പൊതുവിദ്യാഭ്യാസ വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഫോൺ: 2518529

100

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013 -14, 2014-15 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഇടുക്കി ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട ഖണ്ഡികകളിന്മേലുള്ള ന്യൂനത പരിഹാര പത്രിക

(29.11.2023-ൽ തൊടുപുഴ ടൗൺ ഹാളിൽ വച്ച് നടക്കുന്ന സമിതി യോഗത്തിൽ സമർപ്പിക്കുന്നതിന്)

ഖണ്ഡിക	വിഷയം/പരാമർശം	മറുപടി
5.2.4.9 (2013-14 സമാഹൃത റിപ്പോർട്ട്)	**പൊതു വിദ്യാലയങ്ങളിലെ കളിസ്ഥലങ്ങൾ - വിദ്യാഭ്യാസ ചട്ടങ്ങൾ പാലിക്കപ്പെട്ടിട്ടില്ല** കളിസ്ഥലത്തിന് ചുറ്റമതിൽ ഇല്ലാത്തതിനാൽ സ്വകാര്യ വാഹനങ്ങളുടെ സഞ്ചാരമാർഗ്ഗം ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗവ.ഹൈസ്കൂളിലെ 50 സെന്റ് കളിസ്ഥലം ചുറ്റമതിൽ കെട്ടി സംരക്ഷിക്കാത്തതു മൂലം സമീപവാസികൾ പൊതു ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നു. കളിസ്ഥലം സ്വകാര്യ വാഹനങ്ങളുടെ സഞ്ചാരമാർഗ്ഗമായി ഉപയോഗപ്പെടുത്തുകയാണ്. സ്കൂൾ വക സ്ഥലം കൈയേറ്റം സംബന്ധിച്ച് പൈനാവ് മുൻസിഫ് കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ട്. കൂടുതൽ സ്ഥലം ലഭ്യമായതും സൗകര്യപ്രദമായതുമായ സ്കൂളുകളിൽ മിനി സ്റ്റേഡിയവും, മിനി സ്പോർട്സ് കോംപ്ലക്സും ട്രാക്കും നിർമ്മിക്കുക, സ്ഥല സൗകര്യം കുറഞ്ഞിടത്ത് ചെറിയ കോർട്ടുകളും ഗെയിം കോർണറുകളും നിർമ്മിക്കുക, കായിക താരങ്ങൾക്ക് കളിയുപകരണങ്ങൾ നൽകുക, കായികാധ്യാപകരെയും കോച്ചുമാരെയും നിയമിക്കുക, കൃത്യമായ പരിശീലനം സംഘടിപ്പിക്കുക, തെരഞ്ഞെടുത്ത ഇനങ്ങളിൽ പരിശീലനം നൽകുക തുടങ്ങിയ അടിയന്തിര പ്രവർത്തനങ്ങൾ കായികരംഗത്തെ മുന്നേറ്റത്തിന് അനിവാര്യമാണ്.	കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിലെ ആൽപ്പാറ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കഞ്ഞിക്കുഴി ഗവ. ഹൈസ്കൂളുമായി ബന്ധപ്പെട്ടാണ് ടി പരാമർശം. ടി സ്കൂളിന് സർവ്വേ റിക്കാർഡുകൾ പ്രകാരം 2.65 ഏക്കർ സ്ഥലം ഉള്ളതും ആയത് ചുരുളി - ഉമ്മൻചാണ്ടി കോളനി കഞ്ഞിക്കുഴി റോഡിനും, ചുരുളി ആൽപ്പാറ തോടിനും ഇടയിലായി സ്ഥിതിചെയ്യുന്നതുമാണ്. സ്കൂളിൻറെ വസ്തുവിൻറെ കിഴക്കുവശത്തുള്ള ചുരുളി - ആൽപ്പാറ തോടിന് അപ്പുറത്ത് 8 വീട്ടുകാർ താമസിച്ചുവരുന്നതും അവർക്ക് തങ്ങളുടെ വീട്ടിലേയ്ക്ക് പ്രവേശിക്കുന്നതിന് മറ്റ് വഴികൾ ഇല്ലാത്തതിനാൽ സ്കൂളിൻറെ കളിസ്ഥലം സഞ്ചാരമാർഗ്ഗമായി ഉപയോഗിച്ചുവരികയുമാണ്. ഇതിൽ പല വീട്ടുകാർക്കും 1970 ൽ പട്ടയം ലഭിച്ചിട്ടുള്ളതായും കാണുന്നു. കളിസ്ഥലം പൂർണ്ണമായും ചുറ്റമതിൽ നിർമ്മിച്ച് അടച്ചുകെട്ടുന്ന പക്ഷം ടി ആളുകൾക്ക് തങ്ങളുടെ വീടുകളിലേയ്ക്കും വസ്തുവിലേയ്ക്കും പ്രവേശിക്കുന്നതിന് മറ്റ് മാർഗ്ഗങ്ങൾ ഇല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. സ്കൂളിൻറെ വസ്തുവിന്റെ വടക്കോ തെക്കോ അതിരിലൂടെ ടി ആളുകൾക്ക് വഴി നൽകാൻ സാധിക്കുമോ എന്ന് പരിശോധിക്കാവുന്നതും ബാക്കി സ്ഥലം അതിരടയാളങ്ങൾ സ്ഥാപിച്ച് സംരക്ഷിക്കാവുന്നതുമാണ്. ഇക്കാര്യത്തിൽ ജില്ലാ പഞ്ചായത്തിന് മാത്രമായി തുടർ നടപടികൾ സ്വികരിയ്ക്കുവാൻ

101

		സാധ്യമല്ല. ബഹു. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ റവന്യൂ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, ജില്ലാ പഞ്ചായത്ത് എന്നിവർ സംയുക്തമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ് ഉചിതമെന്ന് കാണുന്നു. ടി കളിസ്ഥലം ചുരുളി - ആൽപ്പാറ തോടിനോട് ചേർന്ന് സ്ഥിതിചെയ്യുന്നതിനാൽ ടി തോടിന് സംരക്ഷണ ഭിത്തി ഉൾപ്പെടെ നിർമ്മിച്ച് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് വലിയ തുക ചെലവഴിക്കേണ്ടതായി വരുമെന്നും സർക്കാർ സഹായത്തോടുകൂടി മാത്രമേ ഈ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്യുന്നു. ടി വഴി ഉപയോഗിച്ചിരുന്ന ശ്രീ. സന്തോഷ് എന്ന വ്യക്തി വഴിയിൽ അവകാശവാദം ഉന്നയിച്ചുകൊണ്ട് സ്കൂൾ ഹെഡ് മാസ്റ്ററേയും പി.റ്റി.എ ഭാരവാഹികളെയും എതിർകക്ഷികളാക്കി ഇടുക്കി മുൻസിഫ് കോടതിയിൽ OS 31/13 നമ്പരായി സിവിൽ കേസ് സമർപ്പിച്ചിരുന്നതും ടി കേസ് 21.08.2015 ൽ തള്ളി ഉത്തരവായിട്ടുള്ളതാണ്.
5.3.5.6 (2013-14 സമാഹൃത റിപ്പോർട്ട്)	**<u>ചെറുകിട വ്യവസായ/തൊഴിൽ സംരംഭങ്ങൾ നിഷ്ക്രിയ ആസ്തികളായി മാറുന്നു</u>** ചെറുകിട വ്യവസായ/തൊഴിൽ സംരംഭങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയെന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. എന്നാൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വൻതുകകൾ ചെലവഴിച്ച് അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടും നാളിതുവരെ യാതൊരുവിധ വ്യവസായ/തൊഴിൽ സംരംഭങ്ങളും ആരംഭിക്കാനായിട്ടില്ല. ഇതുമൂലം അടിസ്ഥാന സൗകര്യങ്ങൾ നിഷ്ക്രിയമായി മാറിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു. **<u>ഇടുക്കി ജില്ലാപഞ്ചായത്ത്</u>**- 2009 -10 പദ്ധതിക്കാലയളവുകളിലായി വ്യവസായ എസ്റ്റേറ്റുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ	**<u>നെടുംകണ്ടം വ്യവസായ പാർക്ക് & സ്പൈസസ് പാർക്ക്</u>** നെടുംകണ്ടം വ്യവസായ പാർക്ക് നെടുംകണ്ടം സർവ്വീസ് കോപറേറ്റീവ് ബാങ്കിന് വ്യവസായ ആവശ്യത്തിന് വാടകയ്ക്ക് നൽകുന്നതിന് ജില്ലാ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. വാടക നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. **<u>കമളി വ്യവസായ പാർക്ക്</u>** ഒരു ഏക്കർ സ്ഥലമാണ് ഇവിടെ ഉള്ളതെന്നും ആധാരത്തിൽ ഈ സ്ഥലം വ്യവസായ ആവശ്യത്തിനാണ് വാങ്ങുന്നത് എന്ന് പ്രത്യേക പരാമർശമില്ലെന്നും നിലവിൽ ഈ സ്ഥാപനം അമിനിറ്റി

102

സജ്ജമാക്കുവാൻ ഇടുക്കി ജില്ലാപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ടെങ്കിലും നാളിതുവരെ വ്യവസായ/തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. വികസന പ്ലോട്ടുകളെ ഫലപ്രദമായി ഉപയോഗപ്പെടുത്താനും കഴിഞ്ഞിട്ടില്ല. ചുറ്റമതിൽ നിർമ്മിച്ച് സംരംക്ഷിക്കാത്തതുമൂലം ഭൂരിപക്ഷം വ്യവസായ എസ്റ്റേറ്റുകളിലേയും കെട്ടിടങ്ങളും ആസ്തികളും നശിച്ചുകൊണ്ടിരിക്കുകയാണ്. മിക്ക വ്യവസായ എസ്റ്റേറ്റ് കെട്ടിടങ്ങളും വൻതുക മുടക്കി പുനരുദ്ധരിക്കേണ്ട അവസ്ഥയിലാണ്. വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് ഇടുക്കി ജില്ലാപഞ്ചായത്ത് വാങ്ങിയ ഭൂമിയുടെ അളവും നിലവിലെ സ്ഥിതിയുംചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേര്	അംഗീകാരം ലഭിച്ച വർഷം	അടങ്കൽ	ചെലവഴിച്ച തുക	വാങ്ങിയ ഭൂമിയുടെ വിസ്തൃതി.	സർവ്വേ നമ്പർ	ഇപ്പോഴത്തെ സ്ഥിതി
നെടുങ്കണ്ടം വ്യവസായ പാർക്ക്	1998-99	157300	157300	55 സെന്റ്	134/1 കൽക്കുന്തൽ വില്ലേജ്	തൊഴിൽ സംരംഭങ്ങളൊന്നും പ്രവർത്തിക്കുന്നില്ല
നെടുങ്കണ്ടം സ്പൈസസ് പാർക്ക്	1999-2000	360000	360000	90 സെന്റ്	134/1 കൽക്കുന്തൽ വില്ലേജ്	”
കുമളി വ്യവസായ പാർക്ക്	1999-2000	350000	350000	1 ഏക്കർ	2/1 കുമളി വില്ലേജ്	”
ഉപ്പുതറ വ്യവസായ പാർക്ക്	1998-99	500000	500000	1 ഏക്കർ	654 വാഗമൺ വില്ലേജ്	”

സെന്ററായി ആണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്നും ചുറ്റമതിൽ ഉള്ളതായും സെന്റർ കുമളി ഗ്രാമപഞ്ചയത്തിന് വാടക ഈടാക്കി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും സെക്രട്ടറി റിപ്പോർട്ട് ചെയ്യുന്നു.

ഉപ്പുതറ വ്യവസായ പാർക്ക്

ഉപ്പുതറ ഗ്രാമപഞ്ചായത്തിൽ വാഗമൺ വില്ലേജിൽ സ്ഥിതി ചെയ്യുന്ന ഒരു ഏക്കർ സ്ഥലം ഉൾപ്പെടുന്നതാണ് വ്യവസായ എസ്റ്റേറ്റ്. ടി സ്ഥലവും ആയതിലെ കെട്ടിടവും കട്ടപ്പന കാർഷിക വിജ്ഞാന വ്യപന സമിതി എന്ന സ്ഥാപനത്തിന് കരാർ വെച്ച് കൈമറിയിട്ടുള്ളതാണ്. കാർഡമമം പ്രോസസ്സിംഗ് സെന്റർ എന്ന സ്ഥാപനം കഴിഞ്ഞ രണ്ട് വർഷമായി പ്രവർത്തിച്ച വരുന്നുണ്ട്. ചുറ്റമതിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വണ്ടൻമേട് (അന്യാർതൊളു) വ്യവസായ പാർക്ക്

ശ്രീ. റൂസ്സോ തോമസ്, പോൾ എം.ടി, എന്നിവരുടെ പാട്നർഷിപ്പിൽ വ്യവസായ സംരംഭം ആരംഭിക്കുന്നതിന് കരാർ പാർക്ക് കൈമാറിയിട്ടുള്ളതാണ്. സ്പൈസസ് & ഫുഡ് പ്രോസസ്സിംഗ്, അനുബന്ധ മെഷീനറികളുടെ ഉൽപാദനം തുടങ്ങിയ പ്രവർത്തനങ്ങളാണ് ഇവിടെ നടത്തുന്നത്. ചുറ്റമതിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മുട്ടം (കാക്കൊമ്പ്) വ്യവസായ എസ്റ്റേറ്റ്

നിലവിൽ ഉണ്ടായിരുന്ന കരാറുകാരൻ ഒഴിവായിട്ടുള്ളതാണ്. പുതിയ സംരംഭകരെ കണ്ടെത്തുന്നതിന് വ്യവസായ ഓഫീസുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചുറ്റമതിൽ നിലവിൽ ഉണ്ട്.

ചെല്ലാർകോവിൽ വ്യവസായ പാർക്ക്

അണക്കര വില്ലേജിൽ ചെല്ലാർകോവിൽ എന്ന സ്ഥലത്ത് 30 സെൻറ് സ്ഥലത്താണ് കെട്ടിടം നിലനിൽക്കുന്നത്. 2017 - 2018

103

ഉപ്പുതറ വ്യവസായ പാർക്ക്	1998-99	25000	25000	5 സെന്റ്	654 വാഗമൺ വില്ലേജ്	,,
വണ്ടൻമേട് (അന്യാർ തൊളു) വ്യവസായ പാർക്ക്.	1998-99	140000	140000	50 സെന്റ്	151/1 വണ്ടൻമേട് വില്ലേജ്	,,
മുട്ടം വ്യവസായ (കാക്കൊമ്പ്)	1998-99	552000	552000	50 സെന്റ്	458/3 മുട്ടം വില്ലേജ്	,,
ചെല്ലാർകോവിൽ വ്യവസായ പാർക്ക്	1998-99	125000	125000	20 സെന്റ്	16/1 അണക്കര വില്ലേജ്	
രാജമുടി (വാത്തിക്കുടി) വ്യവസായ പാർക്ക്	1998-99	500000	500000	80 സെന്റ്	1/1 ഉപ്പുതോട് വില്ലേജ്	,,
വാഴത്തോട് വ്യവസായ കേന്ദ്രം	1998-99	338000	338000	20 സെന്റ്	161/1 ഇടുക്കി വില്ലേജ്	,,
ആകെ		2550500	2550500			,,

കഴിഞ്ഞ 2 പദ്ധതിക്കാലയളവിലും വനിതാവ്യവസായ കേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണത്തിനുവേണ്ടി മാത്രം സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ ഒരു കോടിയോളം രൂപ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ടെങ്കിലും

വർഷത്തിൽ മെറ്റീരിയൽ റിക്കവറി സെൻറർ എന്ന പേരിൽ 35 ലക്ഷം രൂപ മുതൽ മുടക്കി ഒരു കെട്ടിടം നിർമ്മിച്ചിട്ടുണ്ട് . മതിൽ കെട്ടി ഗെയ്റ്റ് വെച്ച് കെട്ടിടം സംരക്ഷിച്ചിട്ടുണ്ട്. ടി. സ്ഥലം വ്യവസായ ആവശ്യത്തിനായിട്ടല്ല വാങ്ങിയിട്ടുള്ളത്.

<u>രാജമുടി വ്യവസായ (വാത്തിക്കുടി) പാർക്ക്</u>

രാജമുടി വ്യവസായ എസ്റ്റേറ്റ്, കാസ്റ്റർ ട്രെഡേഴ്സ് & മാനുഫാക്ചേഴ്സ് എന്ന സ്ഥാപനത്തിന് വ്യവസായിക ആവശ്യത്തിന് കരാർ വെച്ച് കൈമാറിയിട്ടുണ്ട്. സ്പൈസസ് ട്രെഡിംഗ്, ഹണി പ്രോസസ്സിംഗ്, മസാല ബ്ലിൻറിംഗ് & പായ്ക്കിംഗ്, ടീ പൗഡർ ബ്ലിൻറിംഗ് & പായ്ക്കിംഗ് മുതലായ പ്രവർത്തനങ്ങൾ കമ്പനി ചെയ്തു വരുന്നു. ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്.

<u>വാഴത്തോപ്പ് വ്യവസായ കേന്ദ്രം</u>

ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ, ചെറുകിട തയ്യൽ യൂണിറ്റ് സെൻററുകൾക്കുള്ള കോമൺ ഫെസിലിറ്റി സെന്റർ എന്ന പദ്ധതി നടപ്പാക്കുന്നതിന് അനുവദിക്കണമെന്ന് ബ്ലോക്ക് പഞ്ചായത്തിൻറെ അഭ്യർത്ഥനയെ തുടർന്ന് വ്യവസായ കേന്ദ്രം കരാർ വെച്ച് ഇടുക്കി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചുറ്റുമതിൽ നിലവിൽ ഉണ്ട്.

104

	നിർജ്ജീവ വ്യവസായ എസ്റ്റേറ്റുകളെ പുനരുജ്ജീവിപ്പിച്ച് വ്യവസായ-തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള യാതൊരുനടപടിയും ജില്ലാപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഇടുക്കി ജില്ലാപഞ്ചായത്ത് (വ്യവസായ എസ്റ്റേറ്റുകൾ)	
5A.5.4 (2014 -15 സമാഹൃത റിപ്പോർട്ട്)	**<u>ജില്ലാ പൗൾട്രി ആൻറ് പിഗ് ഫാം, കോലാനി (ഇടുക്കി ജില്ലാപഞ്ചായത്ത്)</u>** മുട്ട, കോഴി എന്നിവയുടെ ദൗർലഭ്യം പരിഹരിക്കുക എന്ന ഉദ്ദേശത്തോടെ 01.04.1979 ൽ പൗൾട്രി ഫാം പ്രവർത്തനം തുടങ്ങി. പിന്നീട് 20.10.1995 ൽ പന്നിവളർത്തലും വിപണനവും കൂടി ഉൾപ്പെടുത്തി. ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും സ്കൂളുകളിലേക്കും കോഴികുഞ്ഞുങ്ങളെയും പന്നിക്കുഞ്ഞുങ്ങളെയും സ്ഥാപനത്തിൽ നിന്നും വിതരണം നടത്തുന്നു. ഉൽപ്പാദനക്ഷമമല്ലാത്ത വലിയ പന്നികളെ ഇറച്ചി വിലയ്ക്ക് മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യ എന്ന സ്ഥാപനത്തിന് വിൽക്കുകയാണ് നിലവിൽ ചെയ്യുന്നത്. കോഴിയിറച്ചി, കോഴിമുട്ട തുടങ്ങിയവയുടെ ഉൽപ്പാദനവും വിപണനവും സ്ഥാപനത്തിൽ ആരംഭിച്ചിട്ടില്ല. തൊട്ടുപുഴ	ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള കോലാനി പൗൾട്രി ആന്റ് പിഗ് ഫാം, ജില്ലയിലെ വിവിധ പഞ്ചായത്തുകൾക്ക് പദ്ധതി, പദ്ധതിയേതര ആവശ്യങ്ങൾക്ക് കോഴിക്കുഞ്ഞുങ്ങളെയും പന്നിക്കുഞ്ഞുങ്ങളെയും വിതരണം ചെയ്യുന്ന സ്ഥാപനമായാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ കോഴിയിറച്ചി, കോഴിമുട്ട, പന്നിമാംസം എന്നിവയുടെ വിപണനം സ്ഥാപനത്തിൽ നടത്തുന്നില്ല. കോഴിക്കുഞ്ഞുങ്ങളുടെ ഉത്പാദനം കുറക്കേണ്ട സാഹചര്യത്തിലും വിരിയിക്കുന്നതിന് യോഗ്യമല്ലാത്ത മുട്ടകൾ ഉണ്ടാകുന്ന സാഹചര്യത്തിലുമാണ് സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ കോഴിമുട്ട വിതരണം നടത്തുന്നത്. ഫാം സ്ഥിതി ചെയ്യുന്ന സ്ഥലം സംബന്ധിച്ച രേഖകൾ, സർവ്വേ പ്ലാൻ തുടങ്ങിയവ സ്ഥാപനത്തിൽ ലഭ്യമാണ്.

	വില്ലേജിൽ 364/1, 364/5, 365/3, 365/4, 365/5, 366/3 എന്നീ സർവ്വേ നമ്പരുകളിലായി വ്യാപിച്ചുകിടക്കുന്ന ഫാമിന് ആകെ മൂന്ന് ഹെക്ടർ 58 ആർ വിസ്തൃതിയാണുള്ളത്. ഫാം സ്ഥിതി ചെയ്യുന്ന സ്ഥലം സംബന്ധിച്ച രേഖകൾ, സർവ്വേ റിപ്പോർട്ട് ഇടങ്ങിയവ സ്ഥാപനത്തിൽ ലഭ്യമല്ല. ഫാമിന്റെ ഭൂമി കുറച്ചുഭാഗം ചുറ്റുമതിൽ കെട്ടിയിട്ടുണ്ട്. ബാക്കി ഭാഗങ്ങളിൽ വേലി കെട്ടിത്തിരിച്ചിരുന്നെങ്കിലും ആയത് നശിച്ച് ഇപ്പോൾ പ്രയോജനകരമല്ലാത്ത അവസ്ഥയിലാണ്. ഫാമിലെ കെട്ടിട സൗകര്യങ്ങൾ തൃപ്തികരമല്ല. പന്നികൾക്കും, കോഴികൾക്കും വേണ്ടി അഞ്ച് ഷെഡ്ഡുകൾ വീതം നിർമ്മിച്ചിട്ടുണ്ട്. പഴയകെട്ടിടങ്ങൾ അറ്റകുറ്റപ്പണി നടത്തേണ്ടതുണ്ട്. ചില ഷെഡ്ഡുകളുടെ കമ്പിവലയും തടികളും നാശോന്മുഖമായ അവസ്ഥയിലാണ്. 40 പേർക്ക് താമസിച്ച് പരിശീലനം നടത്തുവാൻ പാകത്തിൽ തയ്യാറാക്കിയിരിക്കുന്ന പരിശീലന കേന്ദ്രത്തിന്റെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നില്ല. പ്രസ്തുത കേന്ദ്രത്തിൽ വി.എച്ച്.എസ്.സി.വിദ്യാർത്ഥികൾക്കും പരിശീലനം നൽകുന്നുണ്ട്. കെട്ടിട സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ജില്ലാപഞ്ചായത്തിൽ നിന്നും പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. പൗൾട്രി ഷെഡ് നിർമ്മാണത്തിനായി 26,80,000/-രൂപ വകുപ്പിൽ നിന്ന് ധനസഹായം അനുവദിച്ചിരുന്നെങ്കിലും (ബിൽ നം.56/12-13 തീയതി 30.03.13) നിർമ്മാണ പ്രവർത്തനം നാളിതുവരെ ആരംഭിച്ചിട്ടില്ല. സ്ഥാപനത്തിൽ ക്വാർട്ടേഴ്സ് സൗകര്യം സജ്ജമാക്കിയിട്ടില്ല.	ഫാമിന്റെ ചുറ്റുമതിൽ പൂർണ്ണമായി 2019-ൽ 45 ലക്ഷം രൂപ ചെലവാക്കി നിർമ്മിച്ചിട്ടുള്ളതും പഴയ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടുള്ളതും ക്വാർട്ടേഴ്സ് നിർമ്മാണം 2018 -ൽ പൂർത്തിയാക്കിയിട്ടുള്ളതും ഒരു പന്നിഷെഡ്ഡിന്റെ വൈദ്യുതീകരണത്തിന് നടപടികളെടുത്ത് വരികയുമാണ്. പരിശീലന കേന്ദ്രത്തിൽ 2017 ന ശേഷം ഫണ്ടിന്റെ അപര്യാപ്തതയുള്ളതിനാൽ പരിശീലന പരിപാടികൾ നടത്താൻ സാധിച്ചിട്ടില്ല. പൗൾട്രി ഷെഡ് നിർമ്മാണത്തിനായി 26,80,000/- രൂപ വകുപ്പിൽ നിന്ന് ധനസഹായം അനുവദിക്കുകയും നിർമ്മാണ പ്രവർത്തനം 2019 വർഷത്തിൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ വകുപ്പുകളുടെ അധീനതയിലുള്ള മുഴുവൻ കൃഷിഫാമുകളുടെയും ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിർത്തി പുനർ നിർണ്ണയിച്ച് ആവശ്യമായ ചുറ്റുമതിൽ/വേലി സ്ഥാപിച്ച് വസ്തുവിന്റെ ഉടമസ്ഥാവകാശം ഏത് വകുപ്പിനാണ് എന്നത് സംബന്ധിച്ച് വ്യക്തത വരുത്തി തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ കൃഷി, വനം, റവന്യൂ, മൃഗസംരക്ഷണം വകുപ്പുകളുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ കൂട്ടായ്മ രൂപീകരിക്കണമെന്ന ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ 07.7.2023 ന് ഒരു യോഗം ചേരുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ എടുത്ത തീരുമാനത്തിന്റെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.

5A.7 (2014 -15 സമാഹൃത റിപ്പോർട്ട്)	**ഫാമുകളിലെ യന്ത്രവൽക്കരണം** ഫാമുകളിലെ തൊഴിലാളികളുടെ എണ്ണം കുറയ്ക്കാനും ഉൽപ്പാദനക്ഷമതയും ഉൽപ്പന്ന ഗുണമേന്മയും വർദ്ധിപ്പിക്കാനും ഫാമുകൾ യന്ത്രവൽക്കരിക്കേണ്ടത് അനിവാര്യമാണ്. കന്നുകാലി, ആട്, കോഴി, പന്നി ഫാമുകൾക്ക് യോജിച്ച യന്ത്രവൽകൃത സംവിധാനങ്ങൾ ഇന്നുണ്ട്. ചാണകം എടുത്തു മാറ്റാവുന്ന Automatic Dung Scraper , ഓട്ടോമാറ്റിക് തീറ്റക്രമം, വെള്ളം നൽകുന്ന സംവിധാനം, കറവയന്ത്രങ്ങൾ, തീറ്റപ്പുല്ല് നുറുക്കി നൽകാനുള്ള കട്ടർ, മാലിന്യ നിർമ്മാർജ്ജനത്തിന് പ്രത്യേക തരം പമ്പ് (Slurry Pumps), പാക്കിംഗ് യൂണിറ്റുകൾ, ഗുണമേന്മ വിലയിരുത്താവുന്ന സംവിധാനം മുതലായവ വൻകിട ഫാമുകളിൽ ഇന്ന് ഉപയോഗിച്ചുവരുന്നു. വെള്ളം, തീറ്റ എന്നിവ നൽകുന്ന ഓട്ടോമാറ്റിക് സംവിധാനം കൂലിച്ചെലവ് കുറയ്ക്കാനും തീറ്റ പാഴായി പോകാതിരിക്കാനും സഹായിക്കും. കോഴി, ആട്, പശു ഫാമുകളിൽ ഇത് അനുവർത്തിക്കാവുന്നതാണ്. ഉൽപ്പാദനം മുതൽ വിപണനം വരെയുള്ള ആധുനികവൽക്കരണം ഭക്ഷ്യസുരക്ഷയും ഗുണമേന്മയും ഉറപ്പാക്കും. കന്നുകാലി വളർത്തലിൽ യന്ത്രവൽക്കരണം സാധ്യമാക്കുക വഴി പശുപരിപാലനത്തിലെ ക്ലേശഘടകങ്ങൾ ഒഴിവാക്കി ആധുനിക സാങ്കേതിക സൗകര്യങ്ങളുടെയും യന്ത്രങ്ങളുടെയും സഹായത്തോടെ ഫാമുകൾ പ്രവർത്തിപ്പിച്ച് പാലുല്പ്പാദനം വർദ്ധിപ്പിക്കാനും ഉയർന്ന പാലുല്പ്പാദനക്ഷമതയുള്ള പശുക്കളേയും പശുക്കുട്ടികളേയും ഉൽപ്പാദിപ്പിക്കാനും സാധിക്കും. കറവ യന്ത്രങ്ങളുടെ ഉപയോഗം ഫാമിലെ ശുചിത്വാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും മനുഷ്യാധ്വാനം കുറയ്ക്കുന്നതിനും സഹായിക്കും. സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണമുള്ള ഫാമുകളിൽ ആധുനികവൽക്കരണം നടപ്പാക്കിയിട്ടുണ്ട്. ജില്ലാപഞ്ചായത്തുകൾക്ക് കൈമാറിയ ഫാമുകളിൽ ആധുനികവൽക്കരണം ഇനിയും യാഥാർത്ഥ്യമായിട്ടില്ല. വളരെ കുറച്ച് ഉപകരണങ്ങൾ മാത്രമാണ് ഫാമുകളിലുള്ളത്. **ഇടുക്കി ജില്ലാപഞ്ചായത്തിനു** കൈമാറിയ ജില്ലാ പൗൾട്രി ആന്റ് പിഗ് ഫാമിൽ യന്ത്രങ്ങൾ വാങ്ങുന്നതിനോ അറ്റകുറ്റപ്പണികൾ നടത്തുന്നതിനോ ജില്ലാപഞ്ചായത്ത് ഫണ്ട് നൽകിയിട്ടില്ല. സ്ഥാപനത്തിൽ നിലവിലുള്ള	ഫാമിലെ നിലവിലെ മുട്ടക്കോഴികളുടെ മാതൃശേഖരം വളർത്തുന്നതിനുള്ള ശേഷി 2400 ആണ്. എന്നാൽ ഹാച്ചറിയിലെ ഓട്ടോമാറ്റിക് എഗ്ഗ് സെറ്റർ, ഹാച്ചർ

<table>
<tr>
<td></td>
<td>യന്ത്രങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.
ഓട്ടോമാറ്റിക് എഗ്ഗ് സെറ്റർ, ഓട്ടോമാറ്റിക് എഗ്ഗ് ഹാച്ചർ എന്നിവയാണ് പൗൾട്രിഫാമിലെ പ്രധാന യന്ത്രങ്ങൾ. ഒരു തവണ 18000 മുട്ട സംഭരണശേഷിയുള്ള എഗ്ഗ് സെറ്റർ, ഹാച്ചർ എന്നിവയുടെ ഉപയോഗക്ഷമതയ്ക്ക് അനുസൃതമായി മുട്ട ശേഖരിക്കാൻ സാധിക്കാത്തതിനാൽ യന്ത്രങ്ങളുടെ പ്രവർത്തനശേഷി പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കുന്നില്ല.</td>
<td>എന്നിവയുടെ ശേഷി 18000 ആയതിനാൽ യന്ത്രങ്ങളുടെ പ്രവർത്തനശേഷി പൂർണ്ണമായി ഉപയോഗിക്കാൻ സാധിക്കുന്നില്ല. ഫാമിലെ മുട്ടക്കോഴികളുടെ മാതൃശേഖരം വർദ്ധിപ്പിക്കുന്നതിന് പുതിയ ഷെഡ്ഡുകൾ നിർമ്മിക്കേണ്ടത് ആവശ്യമാണെന്നും ഫാം ആവശ്യപ്പെടുന്ന പക്ഷം ആയത് പദ്ധതിയിലുൾപ്പെടുത്തി നടപടികൾ സ്വീകരിക്കുന്നതാണെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്യുന്നു.</td>
</tr>
<tr>
<td>5A.8
(2014 -15 സമാഹൃത റിപ്പോർട്ട്)</td>
<td><u>ഫാമുകളിലെ തീറ്റസംഭരണം</u>
ഇടുക്കി ജില്ലാപഞ്ചായത്തിലെ കോലാനി പൗൾട്രി ആന്റ് പിഗ് ഫാമിലേക്ക് ആവശ്യമായ കോഴിത്തീറ്റ, പന്നിത്തീറ്റ എന്നിവ മണ്ണുത്തി സർവ്വകലാശാല, എം.പി.ഐ. എന്നീ സർക്കാർ ഏജൻസികളിൽ നിന്നാണ് വാങ്ങുന്നത്. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി തീറ്റക്കായി ചെലവഴിച്ച തുകയുടെ വിവരം;
<table>
<tr><td></td><td></td><td colspan="2">2012-13 2013-14</td><td colspan="2"></td></tr>
<tr><td>ക്രമ നം</td><td>ഇനം</td><td>അളവ്</td><td>ചെലവ്</td><td>അളവ്</td><td>ചെലവ്</td></tr>
<tr><td>1</td><td>പന്നിത്തീറ്റ</td><td>33500</td><td>802000</td><td>43000</td><td>1058000</td></tr>
<tr><td>2</td><td>കോഴിത്തീറ്റ</td><td>32000</td><td>872500</td><td>39000</td><td>1121000</td></tr>
</table>
ഫാമിലേക്കാവശ്യമായ കോഴിത്തീറ്റ, പന്നിത്തീറ്റ എന്നിവ സംഭരിക്കുന്നത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നുണ്ട്. സർക്കാർ നിശ്ചയിച്ചിട്ടുള്ള റേഷൻ സമ്പ്രദായം അനുസരിച്ചാണ് മൃഗങ്ങൾക്ക് തീറ്റ നൽകുന്നത്. സർക്കാർ നിർദ്ദേശം അനുസരിച്ച് കോഴികുഞ്ഞുങ്ങൾക്ക് അവയുടെ പ്രായത്തിനനുസരിച്ച് തീറ്റ നൽകുന്നതിൽ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.</td>
<td>ഇടുക്കി ജില്ലാപഞ്ചായത്തിലെ കോലാനി പൗൾട്രി ആന്റ് പിഗ് ഫാമിലേക്ക് ആവശ്യമായ കോഴിത്തീറ്റ, പന്നിത്തീറ്റ എന്നിവ ആവശ്യാനുസരണം മണ്ണുത്തി വെറ്റിനറി സർവ്വകലാശാലയിൽ നിന്നാണ് വാങ്ങുന്നത്.</td>
</tr>
</table>

108

5A.9
(2014 -15 സമാഹൃത റിപ്പോർട്ട്)

ഫാം ഉൽപ്പന്നങ്ങളുടെ വിപണനം

ഇടുക്കി ജില്ലാപഞ്ചായത്തിലെ പൗൾട്രി ഫാമിൽ നിന്നും പ്രധാനമായും വിറ്റഴിക്കുന്നത് കോഴികുഞ്ഞുങ്ങൾ, പന്നിക്കുഞ്ഞുങ്ങൾ എന്നിവയാണ്. സർക്കാർ നിശ്ചയിച്ച വിലയുടെ അടിസ്ഥാനത്തിലാണ് ഇവ വിപണനം ചെയ്യുന്നത്.

വർഷം	ഇനം	മുന്നിരിപ്പ്	ഉൽപ്പാദിപ്പിച്ചത്	വാങ്ങിയത്	ആകെ	വിൽപ്പന നടത്തിയത്	ലഭ്യമായ തുക
2012-13	പന്നി	70	179	10	259	166	376425
	കോഴി	2752	11482	15740	29974	25130	1268354
2013-14	പന്നി	67	251	23	341	229	542500
	കോഴി	3054	31155	1621	35830	31972	1316991

ഫാമിൽ നിന്നും കോഴിക്കുഞ്ഞുങ്ങളെയും പന്നിക്കുഞ്ഞുങ്ങളെയും അതാത് സമയത്തെ സർക്കാർ നിശ്ചയിച്ച വിലയുടെ അടിസ്ഥാനത്തിൽ വിപണനം നടത്തിവരുന്നു.

കൃഷി ഫാമുകളുടെ അക്കൗണ്ടിംഗ് സംവിധാനം കുറ്റമറ്റമാക്കുന്നതിനും ആധുനികവൽക്കരണം നടത്തുന്നതും സംബന്ധിച്ച് 20.04.2023 ന്റെ നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ യോഗത്തിൽ ഉണ്ടായ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 20.09.2023 ന് ചേർന്ന യോഗത്തിന്റെ മിനിട്ട്സ് അനുബന്ധം 2 ആയി ചേർക്കുന്നു.

5A.10
(2014 -15 സമാഹൃത റിപ്പോർട്ട്)

ഫാമിലെ ജീവനക്കാർ

മൃഗപരിപാലനത്തിൽ പരിശീലനം ലഭിച്ച ജീവനക്കാരുടെ അഭാവം ഫാമുകളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഫാം ആരംഭിച്ചപ്പോൾ ഉണ്ടായിരുന്ന സ്റ്റാഫ് പാറ്റേൺ തന്നെയാണ് പല ജില്ലാപഞ്ചായത്തു ഫാമുകളിലും നിലവിലുള്ളത്. ദിവസവേതനാടിസ്ഥാനത്തിൽ തൊഴിലാളികളെ നിയമിച്ചാണ് ഫാമുകളുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നത്.

ഇടുക്കി ജില്ലയിലെ കോലാനി പൗൾട്രി ആന്റ് പിഗ് ഫാം ആരംഭിച്ചിട്ട് 35 വർഷങ്ങൾ പിന്നിട്ടെങ്കിലും തുടക്കത്തിലുണ്ടായിരുന്ന തസ്തികകൾ തന്നെയാണ് ഇപ്പോഴുമുള്ളത്. പൗൾട്രി ഫാം ആരംഭിച്ചതിനുശേഷം ഘട്ടം ഘട്ടമായി പിഗ്ഫാം, ഹാച്ചറി യൂണിറ്റ്, ട്രെയിനിംഗ് സെന്റർ എന്നിവ തുടങ്ങിയെങ്കിലും ഇവയ്ക്കുവേണ്ടി പ്രത്യേക തസ്തികകളൊന്നും അനുവദിച്ച് കിട്ടിയിട്ടില്ല. ആയത് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. ഹാച്ചറിംഗ് യൂണിറ്റ് ഉടങ്ങിയതിനാൽ കോഴിക്കുഞ്ഞുങ്ങളുടെ ലിംഗ നിർണ്ണയം നടത്തുന്നതിനായി

കോലാനി പൗൾട്രി ആന്റ് പിഗ് ഫാമിൽ അസിസ്റ്റന്റ് ഡയറക്ടർ-1, ഫീൽഡ് ഓഫീസർ -1, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ - 2, അറ്റന്റന്റ് -2, ക്ലാർക്ക് - 1, ക്ലാർക്ക് ടൈപ്പിസ്റ്റ് - 1, നൈറ്റ് വാച്ചർ -1, സ്ഥിരത്തൊഴിലാളികൾ - 4 എന്നീ തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ നൈറ്റ് വാച്ചർ, സ്ഥിരത്തൊഴിലാളികൾ എന്നീ തസ്തികകൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്നു. കൂടാതെ ഒരു വെറ്ററിനറി സർജൻ തസ്തിക

	ചിക് സെക്ടർ തസ്തിക അത്യാവശ്യമാണെങ്കിലും ആയത് അനുവദിക്കപ്പെട്ടിട്ടില്ല.	അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുകയും ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്.
5A.11 (2014 -15 സമാഹൃത റിപ്പോർട്ട്)	**ജില്ലാപഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പ്** മൃഗസംരക്ഷണ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന അധികാര അവകാശങ്ങൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ ഉത്തരവ് ജി.ഒ (പി) നമ്പർ 126/96/കൃഷി തീയതി 04.03.1996 പ്രകാരം വാർഷിക പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി വിപുലീകരിക്കുന്നതിനു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഫാമുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിന് മേൽനോട്ടം വഹിക്കേണ്ടതും ഫണ്ട് അനുവദിക്കേണ്ടതും ജില്ലാപഞ്ചായത്തുകളാണ്. എന്നാൽ ഫാമുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് സഹായകരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ മിക്ക ജില്ലാപഞ്ചായത്തുകളും പിന്നാക്കം പോയിരിക്കുകയാണ്. ഫാമിന്റെ വിപുലീകരണം, ഭൂമിയുടെ സംരക്ഷണം, നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കൊന്നിനും ജില്ലാപഞ്ചായത്തുകൾ തുക അനുവദിക്കുന്നില്ല. ഫാമുകളുടെ വികസനത്തിനായി വിവിധ മൃഗസംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. വകുപ്പുതല പദ്ധതികൾ ജില്ലാപഞ്ചായത്തിന്റെ പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. ഇതിലൂടെ ഫാമിന്റെ വികസനത്തിനായി കൂടുതൽ തുക ചെലവഴിക്കാനും പദ്ധതികളുടെ ഇരട്ടിപ്പ് ഒഴിവാക്കുവാനും സാധിക്കും. മൃഗസംരക്ഷണ വകുപ്പിന്റെയും ജില്ലാ പഞ്ചായത്തിന്റെയും സംയുക്തസംരംഭങ്ങൾ ഉണ്ടാകുന്നില്ല എന്നത് ഫാമുകളുടെ വികസനത്തിന് തടസ്സമാകുന്നുണ്ട്. ഫാമുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് ഉതകുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുവാൻ ജില്ലാപഞ്ചായത്തുകൾക്ക് കഴിയുന്നില്ല. ലാബ്, യന്ത്രവൽക്കരണം തുടങ്ങിയവ നടപ്പിലാക്കുവാൻ ഉതകുന്ന പദ്ധതികൾ ഫാമുകളിൽ നടപ്പാക്കുന്നില്ല. ഫാമുകളിൽ ജില്ലാപഞ്ചായത്തുകളുടെ പരിശോധനയും കാര്യക്ഷമമല്ല.	

	കോലാനി പൗൾട്രി ഫാമിന വേണ്ടി ഇടുക്കി ജില്ലാ പഞ്ചായത്ത് 2012-13 -ൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. വിവിധ ഉൽപ്പന്നങ്ങളുടെ വിൽപ്പനയിലൂടെ ഫാമിൽ ലഭിക്കുന്ന പണം ജില്ലാ പഞ്ചായത്തിൽ നിക്ഷേപിക്കുന്നതിനാൽ കോഴി, പന്നി എന്നിവയുടെ തീറ്റയും മറ്റ് അത്യാവശ്യ ചെലവുകൾക്കും തനത് ഫണ്ടിൽ നിന്ന് തുക പിൻവലിച്ച് ഫാമിന് നൽകുകയാണ് ചെയ്യുന്നത്.	നിലവിൽ ജില്ലാ പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനാണ് കോലാനി ഫാമിന്റെ അസിസ്റ്റന്റ് ഡയറക്ടർ. അദ്ദേഹത്തിന് ഡി.ഡി.ഒ കോഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഫാമിലെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നത് വഴിയും വസ്തു വകകൾ ലേലം ചെയ്യുന്നത് വഴിയുമുള്ള വരുമാനം ജില്ലാ പഞ്ചായത്തിൽ അടവാക്കുന്നുണ്ട്. ഫാമിലെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റാൻ ഫാമിലെ വരുമാനത്തിൽ നിന്നും ഇംപ്രസ്സ് അക്കൗണ്ട് ആരംഭിച്ചിട്ടില്ലെങ്കിലും ഫാമിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് വരുമാനത്തിൽ നിന്നും 35,000/- രൂപ വരെ അഡ്വാൻസ് ആയി അനുവദിക്കുന്നുണ്ട് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101250

സംസ്ഥാനത്തെ സർക്കാർ അധീനതയിലുള്ള കൃഷി ഫാമുകളുടെ അതിർത്തി നിർണ്ണയിച്ച് ഉടമസ്ഥാവകാശം നൽകുന്നത് സംബന്ധിച്ച് 07/07/2023 ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ ചുമതല വഹിക്കുന്ന അഡീഷണൽ സെക്രട്ടറി വിളിച്ച ചേർത്ത യോഗത്തിന്റെ മിനിട്ട്സ്

യോഗം പകൽ 11 മണിയ്ക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേര് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ അധീനതയിലുള്ള മുഴുവൻ കൃഷി ഫാമുകളുടെയും ഭൂമി അളന്നു തിട്ടപ്പെടുത്തി അതിർത്തി പുനർനിർണ്ണയിച്ച് ആവശ്യമായ ചുറ്റുവേലി/മതിൽ സ്ഥാപിച്ച് വസ്തുവിന്റെ ഉടമസ്ഥാവകാശം ഏത് വകുപ്പിനായിരിക്കണമെന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ കൃഷി, വനം , റവന്യൂ, മൃഗസംരക്ഷണം എന്നീ വകുപ്പുകളുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ കൂട്ടായ്മ രൂപീകരിച്ച് ഒരു വർഷത്തിനുള്ളിൽ ഏകീകൃത രൂപമുണ്ടാക്കണമെന്ന ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത യോഗം ചേർന്നത് . ഇത് സംബന്ധിച്ചുള്ള പൊതു നിർദ്ദേശവും സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെ സംബന്ധിച്ചുള്ള നിരീക്ഷണങ്ങളും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ (എസ് പിഎഒ) പ്രാഥമികമായി അവതരിപ്പിച്ചു. ഇത് സംബന്ധിച്ച് വിജയകരമായ പ്രവർത്തനവും ഫലപ്രദമായ നടത്തിപ്പും ആലോചിക്കുന്നതിനായുള്ള പ്രാഥമിക യോഗം എന്ന നിലയ്ക്ക് ക്രിയാത്മകമായ ചർച്ച ഉണ്ടാവണമെന്ന് എസ് പിഎഒ അഭിപ്രായപ്പെട്ടു.

തുടർന്ന് യോഗത്തിൽ പങ്കെടുത്ത വനം വന്യജീവി വകുപ്പ് , കൃഷി വകുപ്പ് , മൃഗസംരക്ഷണ വകുപ്പ് എന്നിവയിലെ പ്രതിനിധികൾ തങ്ങളുടെ വകുപ്പുകളുടെ കൈവശമുള്ള കൃഷി ഫാമുകളെ സംബന്ധിച്ച പ്രത്യേകതകൾ യോഗത്തിൽ സംഗ്രഹിക്കുകയുണ്ടായി. വനം വകുപ്പ് ഫാമുകൾക്കായി പാട്ടത്തിന് വിട്ടു നൽകിയ ഭൂമിയുടെ പാട്ടക്കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ ഉള്ളതായി വനം വകുപ്പ് ഡി സി എഫ് പറഞ്ഞു . എന്നാൽ ഇവ കേന്ദ്ര മന്ത്രാലയവുമായി ബന്ധപ്പെട്ട് പുതുക്കാനുള്ള നടപടിക്രമം ഇപ്പോൾ ലളിതമാക്കിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള 25 ഫാമുകളിൽ 14 എണ്ണത്തിന് ചുറ്റുമതിലുകൾ കെട്ടി സംരക്ഷിച്ചിട്ടുണ്ടെന്നും ബാക്കിയുള്ള 11 ഫാമുകളുടെ അതിർത്തി സംബന്ധിച്ചാണ് തർക്ക വിഷയമുള്ളതെന്നും ടി വകുപ്പിന്റെ അഡീഷണൽ ഡയറക്ടർ അറിയിച്ചു . തുടർന്ന് റവന്യൂ , ഭൂരേഖയും സർവ്വേയും വകുപ്പുകളിലെ പ്രതിനിധികൾ കൃഷി ഫാമുകൾ അളന്ന് തിട്ടപ്പെടുത്തുന്നതിന് അവശ്യം വേണ്ട രേഖകളെ സംബന്ധിച്ച് പറയുകയുണ്ടായി . ഇക്കാര്യത്തിൽ സമയബന്ധിതമായി സർവ്വേ നടപടികൾ വേണ്ടതുണ്ടെങ്കിൽ വ്യക്തമായ സർക്കാർ നിർദ്ദേശമുണ്ടെങ്കിൽ പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് സർവ്വേ നടപടികൾ പൂർത്തീകരിക്കാമെന്ന് സർവ്വേ വകുപ്പ് പ്രതിനിധി അഭിപ്രായപ്പെട്ടു.

വിവിധ വകുപ്പുകളുടെ പ്രതിനിധികൾ യോഗത്തിൽ അവതരിപ്പിച്ച വസ്തുതകൾ കണക്കിലെടുത്ത് ചുവടെ പറയുന്ന തീരുമാനങ്ങൾ ഐകകണ്ഠമായി കൈകൊണ്ടു.

1. കൃഷി ഫാമുകളുടെ അതിർത്തി നിർണ്ണയ പ്രവർത്തനങ്ങൾ ഫലപ്രദമായി തുടങ്ങുന്നതിനായി അതാത് വകുപ്പുകൾ തങ്ങളുടെ അധീനതയിലുള്ള കൃഷി ഫാമുകളെ സംബന്ധിച്ച് സത്വരമായി ഒരു ആന്തരിക പരിശോധന നടത്തേണ്ടതാണ്. ടി പരിശോധനയിൽ തങ്ങളുടെ അധീനതയിലുള്ള ഭൂമി സംബന്ധിച്ച വസ്തുതാപരമായ വിശദാംശങ്ങൾ -പ്രധാന രേഖകൾ, സ്കെച്ച് മുതാലായവ- കൃത്യമായി തയ്യാറാക്കേണ്ടതും അവ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി നഷ്ടതോത് കണക്കാക്കി വ്യക്തമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ് . (നടപടി: കൃഷി , മൃഗസംരക്ഷണ വകുപ്പുകൾ).

2. പ്രസ്തുത ഫാമുകളിലെ ഭൂമി വ്യക്തികളോ സ്ഥാപനങ്ങളോ അനധികൃതമായി കൈയ്യേറുകയോ കൈവശം വയ്ക്കുകയും ചെയ്തിട്ടുണ്ടോ എന്നറിയാൻ അതാത് ഫാമുകളിൻ മേൽ നിയന്ത്രണമുള്ള വകുപ്പ് പ്രതിനിധികളുടെ മേൽ റിപ്പോർട്ട് ഇക്കാര്യത്തിൽ മുന്നോട്ട് പോകുന്നതിനുള്ള അടിസ്ഥാന പ്രമാണമെന്ന നിലയ്ക്ക് പ്രസ്തുത പരിശോധനയ്ക്ക് മുന്തിയ പ്രാധാന്യവും കൃത്യതയും പാലിക്കേണ്ടതാണ് (നടപടി: കൃഷി , മൃഗസംരക്ഷണ വകുപ്പുകൾ).

3. 1, 2 എന്നിവയിൽ പറഞ്ഞിരിക്കുന്ന നടപടികൾ പൂർത്തിയാക്കിയ ശേഷം ഉടമസ്ഥാവകാശം നിർണ്ണയിക്കുന്നത് സംബന്ധിച്ച നടപടികൾ ജില്ലാ തലത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തികൊണ്ടുള്ള സംയുക്ത ഫോറം (Joint Forum / Platform) രൂപീകരിച്ച് തുടർനടപടി ആസൂത്രണം ചെയ്യുക (നടപടി : തദ്ദേശ സ്വയംഭരണ വകുപ്പ്).

4. അതിർത്തി നിർണ്ണയ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാൽ ഭൂമിയുടെ ഉടമസ്ഥാവകാശം തമ്മിൽ തർക്കം വരുന്ന കേസുകളിൽ ബന്ധപ്പെട്ട വകുപ്പുകൾ കൂട്ടായി ചർച്ച ചെയ്ത് ഏവർക്കും സ്വീകാര്യമായ തീരുമാനത്തിലെത്തേണ്ടതാണ് . ഇവ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് പ്രതിനിധികൾ അടങ്ങുന്ന ജില്ലാതല നിരീക്ഷണ സമിതികൾ രൂപീകരിക്കുകയും അത് ജില്ലാ കളക്ടറുടെ ശ്രദ്ധയിൽ കൊണ്ട് വരേണ്ടതുമാണ് .

5. സർവ്വേയും ഭൂരേഖയും വകുപ്പിലെ സർവ്വേയർമാർ നിലവിൽ ഡിജിറ്റൽ സർവ്വേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതിനാൽ നിലവിലുള്ള സംവിധാനമുപയോഗിച്ച് ഈ ദൗത്യം പൂർത്തീകരിക്കുന്നതിന് തടസ്സമെന്തെങ്കിലുമുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള ഇടപെടൽ മേൽപ്പറഞ്ഞ ജില്ലാ തല നിരീക്ഷണ സമിതികൾ മുഖേന നടത്താവുന്നതാണ് .

6. അടുത്ത യോഗത്തിലേക്ക് കൃഷി ഫാമുകളുടെ ഉടമസ്ഥതയുള്ള മറ്റ് വകുപ്പുകളുണ്ടെങ്കിൽ അവ കണ്ടെത്തി അവരുടെ പ്രതിനിധികളെ കൂടി വിളിക്കേണ്ടതാണ് (നടപടി : തദ്ദേശ സ്വയംഭരണ വകുപ്പ്)

യോഗം പകൽ 12.30 ന് അവസാനിച്ചു.

അനുബന്ധം

07/07/2023 ൽ സ്റ്റേറ്റ് പെർഫോമൻസ് ഓഫീസർ വിളിച്ച ചേർത്ത യോഗത്തിൽ പങ്കെടുത്തവർ :

1. ഡോ. വിനുഗി ഡി. കെ , അഡീഷണൽ ഡയറക്ടർ , മൃഗസംരക്ഷണ വകുപ്പ്

2. ഡോ.ഷീല യോഹന്നാൻ , ജോയിന്റ് ഡയറക്ടർ (ലൈവ് സ്റ്റോക്ക് പ്രൊഡക്ഷൻ) മൃഗ സംരക്ഷണ വകുപ്പ്

3. ഡോ. നിഷ .ഡി , ജോയിന്റ് ഡയറക്ടർ (പി), മൃഗ സംരക്ഷണ വകുപ്പ്

4. ശ്രീ .സുരേശൻ കാണിചെറിയാൻ , അഡീഷണൽ ഡയറക്ടർ , സർവേയും ഭൂരേഖയും വകുപ്പ്

5. ശ്രീ .ബിനീഷ് ആന്റണി , പ്രൊജക്റ്റ് മാനേജർ , സർവേയും ഭൂരേഖയും വകുപ്പ്

6. ശ്രീ . ജോസഫ് തോമസ് , ഡിസിഎഫ് , വനം വന്യജീവി വകുപ്പ്

7. ശ്രീ ബിജു കുമാർ ബി.റ്റി , ഡെപ്യൂട്ടി സെക്രട്ടറി , കാർഷിക വികസന കർഷക ക്ഷേമ (ഫാം) വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്

8. ശ്രീമതി ഷൈലജ വി, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ , എൽ എസ് ജിഡി ഡയറക്ടറേറ്റ്

9. ശ്രീമതി സുനിത എൽ, അണ്ടർ സെക്രട്ടറി . വനം വന്യജീവി വകുപ്പ് ,ഗവ.സെക്രട്ടേറിയറ്റ്

10. ശ്രീമതി ജയശ്രീ പി.എൻ , അണ്ടർ സെക്രട്ടറി , മൃഗ സംരക്ഷണ വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്

11. ശ്രീ.റോഹിൻ രാജ് .ആർ. കെഎഎസ്, അസിസ്റ്റന്റ് കമ്മീഷണർ , റവന്യൂ വകുപ്പ്

12. ശ്രീ. കൃഷ്ണകുമാർ , സെക്ഷൻ ഓഫീസർ , കാർഷിക വികസന കർഷക ക്ഷേമ (ഫാം) വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്

13. ശ്രീമതി അരുണിമ കെആർ ,സെക്ഷൻ ഓഫീസർ, മൃഗസംരക്ഷണ വകുപ്പ് ,ഗവ.സെക്രട്ടേറിയറ്റ്

14. ശ്രീ. ജിഷ്ണു റ്റി പി. അസിസ്റ്റന്റ് , വനം വന്യജീവി (സി) വകുപ്പ് , ഗവ.സെക്രട്ടേറിയറ്റ്

കൃഷി ഫാമുകളുടെ അക്കൗണ്ടിംഗ് സംവിധാനത്തിന്റെ ആധുനികവൽക്കരണം സംബന്ധിച്ച് 20/09/2023 ന് ചേർന്ന മീറ്റിംഗിന്റെ മിനിട്ട്സ്

കൃഷിഫാമുകളുടെ അക്കൗണ്ടിംഗ് സംവിധാനം കുറ്റമറ്റമാക്കുന്നതിനും ആധുനികകാലത്തിനനുസരിച്ച് കേന്ദ്രീകൃത സംവിധാനമാക്കുന്നതിനും കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 20/04/2023 ലെ യോഗം നിർദ്ദേശിച്ചതിനെ തുടർന്ന് കാര്യങ്ങൾ ആലോചിക്കുന്നതിനായണ് യോഗം ചേർന്നത് . യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ ചുമതല വഹിക്കുന്ന അഡീഷണൽ സെക്രട്ടറി വിഷയം അവതിരിപ്പിച്ചുകൊണ്ട് ഇക്കാര്യത്തിലുള്ള വസ്തുതാപരമായ സാഹചര്യം വ്യക്തമാക്കുവാൻ എല്ലാ വകുപ്പ് പ്രതിനിധികളോടും ആവശ്യപ്പെട്ടു .

ജോയിന്റ് ഡയറക്ടർ , കൃഷി വകുപ്പ് :

കൃഷി ഫാമുകളുടെ അക്കൗണ്ടിംഗ് സിസ്റ്റത്തിന് ഒരു ഏകീകൃത സ്വഭാവം ആവശ്യമാണ് വിവിധതരത്തിലുള്ള ഉൽപ്പന്നങ്ങൾ ഒരുമിച്ച് ഫാമുകൾക്ക് നൽകുമ്പോൾ തിരിച്ചടവിന് ഇനംതിരിച്ച് തുക നൽകാത്തതാണ് ഇപ്പോൾ നേരിടുന്ന ബുദ്ധിമുട്ടെന്നും ആയത് പരിഹരിക്കുവാൻ ഫാമുകൾക്ക് വൗച്ചറുകൾ നൽകുമ്പോൾ തിരിച്ചടവിന് ഏത് ഇനത്തിലാണ് നൽകേണ്ടത് എന്ന് വ്യക്തമാക്കണമെന്നും Q R കോഡ് ഫലപ്രദമാണ് എങ്കിലും ഫാമുകൾ ഈ സംവിധാനം ഉപയോഗിക്കുവാൻ മടിക്കുന്നുവെന്നും പറഞ്ഞു.

അസിസ്റ്റന്റ് ഡയറക്ടർ , കൃഷി വകുപ്പ്:

QR കോഡ് സംവിധാനം നടപ്പിലാക്കുമ്പോൾ ഇത് ഉപയോഗിക്കുവാൻ ബുദ്ധിമുട്ടുള്ള സാധാരണക്കാരെ കൂടി പരിഗണിച്ച് രസീത് സംവിധാനം കൂടി തുടരണമെന്നും ആവശ്യപ്പെട്ടു . കൂടാതെ ഏകീകൃത അക്കൗണ്ടിംഗ് സംവിധാനം നടപ്പിലാക്കുമ്പോൾ മതിയായ സ്റ്റാഫിനെ കൂടി തരണം എന്നും നിർദ്ദേശിച്ചു .

വകുപ്പിലെ ഉദ്യോഗസ്ഥർ കൃഷി വകുപ്പ് നടപ്പിലാക്കുവാൻ പോകുന്ന കെ-സ്റ്റാറ്റ് എന്ന സോഫ്റ്റ് വെയറെ കുറിച്ച് വിവരിച്ചു . നിലവിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾക്ക് മാത്രമല്ല നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ , .റവന്യു വകുപ്പ് ,ഫോറസ്റ്റ് , എസ് സി /എസ് റ്റി വകുപ്പ് , ഡയറി വകുപ്പ് എന്നിവരുടെ കൈവശമുള്ള ഫാമുകൾക്കും കൂടി കെ-സ്റ്റാറ്റ് സോഫ്റ്റ് വെയർ പ്രയോജനപ്പെടുത്തുന്നതിന്റെ സാദ്ധ്യത പരിശോധിക്കാം എന്നും പൂർണ്ണമായ നടത്തിപ്പിന് ഒന്നരവർഷം സമയം എടുക്കും എന്നും പറഞ്ഞു .

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് :

ഓഡിറ്റ് വകുപ്പിന്റെ ഭാഗമായി ചർച്ചയിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ ഒന്നരവർഷ കാലയളവ് നീണ്ടതാണെന്നും അടിയന്തരമായി വിഷയം പരിഹരിക്കുന്നതിന് കൃഷി വകുപ്പിന് സർക്കാർ അടിയന്തര നിർദ്ദേശം നൽകണം . ഇനം തിരിച്ച് കൃഷി ഫാമുകൾക്ക് കൃഷി വകുപ്പ് വൗച്ചറുകൾ നൽകുമ്പോൾ തിരിച്ചടവ് ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ നൽകണമെന്നും കൂടി വ്യക്തമാക്കിയിരിക്കണം .

ഇൻഫർമേഷൻ കേരള മിഷൻ :

നിലവിൽ K-Smart എന്ന സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്എന്നും ഫാമുകൾ കൈകാര്യം ചെയ്യുന്ന എല്ലാ വകുപ്പുകൾക്കും കൂടി ഒരു ഏകീകൃത സോഫ്റ്റ് വെയർ ഉണ്ടാക്കുവാൻ എളുപ്പത്തിൽ സാധിക്കുമെന്നും , അതുവഴി സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുതാര്യമാക്കുവാൻ സാധിക്കുമെന്നും ആയതിന് ആറ് മാസം സമയം ആവശ്യമാണെന്നും അറിയിച്ചു.

തീരുമാനം

1) നിലവിൽ എല്ലാ Stake holders നെയും കൂടി ഉൾപ്പെടുത്തി കൃഷി വകുപ്പ് നടപ്പിലാക്കുന്ന

I/5902949/2023

I/5902949/2023

K-സ്റ്റാറ്റ് എന്ന സോഫ്റ്റ് വെയറിൽ കൃഷി ഫാമുകളുടെ അക്കൗണ്ടിംഗ് സംവിധാനം കൂടി ഉൾപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ച് രണ്ട് ആഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് നൽകണം.

(നടപടി: കൃഷി വകുപ്പ്)

2) K-Smart എന്ന സോഫ്റ്റ് വെയർ -ൽ ഫാമുകളുടെ അക്കൗണ്ടിംഗ് സിസ്റ്റം കൂടി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് രണ്ടാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കുക .

(നടപടി : ഇൻഫർമേഷൻ കേരള മിഷൻ)

ബിജുക്കുട്ടൻ എം എസ്
അഡീഷണൽ സെക്രട്ടറി

അനുബന്ധം

യോഗത്തിൽ പങ്കെടുത്തവർ:

1. ശ്രീ. സഹീർ , ജോയിന്റ് ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (കെ.എസ്.എ.ഡി)

2.ശ്രീ. ജോൺ മനോഹർ , സീനിയർ ഡെപ്യൂട്ടി ഡയറക്ടർ , കെ.എസ്.എ.ഡി

3.ശ്രീ തോമസ് സാമുവൽ , ജോയിന്റ് ഡയറക്ടർ , കൃഷി വകുപ്പ്

4.ശ്രീമതി സിന്ധു .എം. എസ് . അസിസ്റ്റന്റ് ഡയറക്ടർ, സ്റ്റേറ്റ്സീഡ് ഫാം , ചിറയിൻകീഴ്

5.ശ്രീ.സുരേഷ് ബാബു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ , കെ.എസ്.എ.ഡി

6. ശ്രീമതി സീന .കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ , കെ.എസ്.എ.ഡി

7.ശ്രീമതി വിനീത വി.ആർ, അണ്ടർ സെക്രട്ടറി, കൃഷി (ഫാം) വകുപ്പ് , ഗവ.സെക്രട്ടേറിയറ്റ്

8.ശ്രീ. കൃഷ്ണകുമാർ വി, സെക്ഷൻ ഓഫീസർ , കൃഷി (ഫാം) വകുപ്പ് , ഗവ.സെക്രട്ടേറിയറ്റ്

9.ശ്രീമതി പ്രീതി. ജി. തോമസ് , അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്

10.ശ്രീമതി ഷൈലജ.വി, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, എൽഎസ്ജിഡി ഡയറക്ടറേറ്റ്

11.ശ്രീ . അബ്ദുൾ ബഷീർ പി.കെ, ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം)

12. ശ്രീമതി മിഷ , ഐ.കെ.എം

13.ശ്രീ സുനിൽ എസ് , ഐ.കെ.എം